# ഗുരുനാഥൻ.

പുസ്തകം 9 | 1105 ധനു | ലക്കം 5

## എൻെറ കുടുംബസ്മരണകൾ-

(ആർ. ഈശ്വരപിള്ള ബി. ഏ.)

ഈ വിഷയത്തിൽ ലേഖകന് ആറു വയസ്സിനു മേലുള്ള സംഭവങ്ങളെപ്പററി മാത്രമേ പ്രത്യക്ഷജ്ഞാനമുള്ളു. അതിനു മുമ്പുള്ള സംഭവങ്ങളെപ്പററിയുള്ള ജ്ഞാനം പരോക്ഷമായിട്ടുള്ളതാണെന്ന് ആദ്യമായി പറഞ്ഞുകൊള്ളുന്നു. ലേഖകൻെറ ജന്മഭൂമി കോട്ടയം താലൂക്കിലുൾപ്പെട്ട "ഒളശ" എന്നു പേരുള്ള ഒരു ചെറിയ ഗ്രാമമാണ്. ഇവിടെ പണ്ട് തെക്കുംകൂർ രാജവംശക്കാർ താമസിച്ചിരുന്നതായി കേട്ടിട്ടുണ്ട്. അവർ താമസിച്ചിരുന്ന സ്ഥലത്തിന് ഇന്നും "ഇടത്തിൽപറമ്പ്" എന്നാണ് പേരു പറഞ്ഞുവരുന്നത്. ഇപ്പോൾ അവർ "നാട്ടാശ്ശേരി" എന്ന സ്ഥലത്തു താമസിച്ചുവരുന്നുണ്ട്. അവരുടെവക ഒരു ഭഗവതിക്ഷേത്രം ഇപ്പോൾ സർക്കാർ അധീനത്തിലാണിരിക്കുന്നത്. ഒളശ ഒരിക്കൽ ജനപുഷ്ടിയും ഐശ്വര്യവുമുള്ള സ്ഥലമായിരുന്നു. എന്നാൽ അതിൻെറ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണെന്ന് പറയേണ്ടിയിരിക്കുന്നു. എന്നുതന്നെയുമല്ല ഗോൾഡ് സ്മിത്തിൻെറ കവിതയിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള "നിർജ്ജനഗ്രാമ"ത്തോട് അതിൻെറ തൽക്കാലസ്ഥിതിയെ ഉപമിക്കാമെന്നു തോന്നുന്നു. ഇന്നു ഒരു അഭ്യാഗതന് ഈ സ്ഥലം ശ്രീരാമൻ പോയ അയോദ്ധ്യയെപ്പോലെ "ഭ്രഷ്ടലക്ഷ്മികം ജനോൽബാധവർജ്ജിതം" ആയിതന്നെ തീരും. ഈ ഗ്രാമം വളരെ ചെറുതാണെന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഗൃഹങ്ങളും ജനങ്ങളും വളരെ കുറവാണ്. ഇരുപതൊ ഇരുപത്തിഅഞ്ചൊ നായർഗൃഹങ്ങളും, ഏതാനും ക്രൈസ്തവരുടേയും ഈഴവരുടേയും ഗൃഹങ്ങളും രണ്ടോ മൂന്നൊ ബ്രാഹ്മണ ഗൃഹങ്ങളും മാത്രമെ ഇവിടെയുള്ളു. ഇന്ന് ഇതിനുള്ള പ്രശസ്തി അത് സുപ്രസിദ്ധഭിഷഗ്വരനായ ചീരിട്ടമൺമൂസ്സ് അവർകളുടെ വസതിയാണെന്നുള്ള ഒരു ഒററ സംഗതി മാത്രമാണ്. ഇവിടെ മുൻപറഞ്ഞ ക്ഷേത്ര

മുറംപ്പടെ മൂന്നു സക്കാർ ക്ഷേത്രങ്ങളും മൂസ്സതിൻെറ വക ഒരു ക്ഷേത്രവും വിവിധവഗ്ഗത്തിലുറംപ്പെട്ട ക്രൈസ്തവരുടെ വക മൂന്നു പള്ളികളുമുണ്ട്. ലേഖകൻെറ ഉത്സാഹത്താൽ തൻെറവക സ്ഥലത്തു് സ്ഥാപിതമായ ഒരു പ്രാഥമികവിദ്യാലയവും, ഒരു അഞ്ചലാഫീസും, സനാനാമിഷ്യൻവക ഒരു ബാലികാപാഠശാലയും സി. എം. എസ്സ്. വക ഒരു ഇംഗ്ലീഷ് മദ്ധ്യമവിദ്യാലയവുമുണ്ട്. വിദ്യാലയങ്ങളിൽ അധികവും അന്യകരയിലുള്ളവരാണ് പഠിച്ചുവരുന്നതു്. എങ്കിലും സ്വദേശികളും അതിനെ തീരെ ഉപേക്ഷിച്ചിട്ടില്ല. ഇവിടെ പഴയരീതിയിലുള്ള ഒരു കരയോഗമുണ്ട്. എന്നാൽ അതു് സജീവമായി പ്രവൎത്തിക്കുന്നുണ്ടോ എന്നു് സംശയമാണ്. ഒരിക്കൽ ഇതു് സോത്സാഹം പ്രവൎത്തിച്ചുവന്നിരുന്ന എന്നറിയാം. ഒരു ശരിയായ നേതാവിൻെറ അഭാവമാണ് ഇതിനുള്ള പ്രധാന കാരണമെന്നു തോന്നുന്നു. ഇതു് സുഖവാസത്തിനു പററിയ ഒരു സ്ഥലമാണെന്നു പറയാം. പടിഞ്ഞാറുവശം ആയതങ്ങളായ പുഞ്ചനിലങ്ങളും കിഴക്കുവശം ഉയരം കുറഞ്ഞ കുന്നുകളും മദ്ധ്യപ്രദേശം ഏറെക്കുറെ മൈതാനസ്ഥലവുമാണ്. ആരോഗ്യത്തിനാവശ്യമായ നല്ല കാററും വെള്ളവും ഇവിടെ സുലഭങ്ങളാണ്. വൃശ്ചികം മുതൽ മൂന്നു മാസത്തേക്കു പടിഞ്ഞാറുവശമുള്ള കാഴ്ച നയനരമണീയം തന്നെയാണ്. കായലോരം വരെയുള്ള സ്ഥലം ഒരു ഹരിതവൎണ്ണമായ പട്ടു വിരിച്ചിരിക്കുന്നതുപോലെ മനോഹരമായി കാണപ്പെടും. ഇടക്കിടെ വലിയങ്ങളും ഫലനിബിഡങ്ങളുമായ കേരകദംബങ്ങൾ നിറഞ്ഞ ചെറുചെറു നിവാസഭൂമികളുമുണ്ട്. വൎഷകാലത്തു് കാഴ്ച ഒന്നു മാറിയാണ്. പടിഞ്ഞാറുവശം മുഴുവനും ചെറുചെറു ദ്വീപുകളോടുകൂടിയ ഒരു സമുദ്രമാണെന്നു് ആൎക്കും തോന്നും. ഇക്കാലത്തു് ഈ ദ്വീപുകളിൽ താമസിക്കുന്നവൎക്ക് തോണികൂടാതെ സഞ്ചരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഈ നില അധികം നീണ്ടു നില്ക്കുകയില്ല. കരപ്രദേശം വലിയ ഫലപുഷ്ടിയുള്ളതല്ല. കേരവൃക്ഷങ്ങൾക്കു പററിയ മണ്ണുമല്ല. കുന്നുകളൊക്കെയും ഗുത്മനിബിഡങ്ങളാണ്. ഇവ മൂസ്സതിൻെറ വകയും അവ കുടികൾ പാട്ടത്തിനുവാങ്ങി താമസിക്കുന്നതും കൃഷി ചെയ്തുവരുന്നതുമാകുന്നു. എന്നാൽ കവി പറയുന്നതുപോലെ ഇവിടെ "വളരാത്ത വസ്തു മനുഷ്യൻ മാത്രമെ" യുള്ളു. മററു അയൽകരകളെ അപേക്ഷിച്ചു് പല വിഷയത്തിലും ഒളശ പിന്നോക്കമാണു നില്ക്കുന്നതു്. വിദ്യാഭ്യാസത്തിൻേറയും തജ്ജന്യങ്ങളായ പരിഷ്കൃതാശങ്ങളുടേയും കുറവാണ് ഇതിലേക്കുള്ള പ്രധാനകാരണം. ജനങ്ങൾ മിക്കവരും നിൎദ്ധനന്മാരായിരിക്കുന്നതുകൊണ്ടു് ശരിയായ വിദ്യാഭ്യാസം സമ്പാദിക്കുന്നതിന് സാധിക്കുന്നുമില്ല. എങ്കിലും അല്പാല്പമായി മുന്നോട്ടു വരുന്നതായി കാണുന്നുണ്ട്. പ്രയത്നശീലമാണ് ഇന്നു അത്യാവശ്യം. ഇതു വളരെ കുറഞ്ഞാണു കാണുന്നതു്. ഇതാണ് എൻെറ ജന്മസ്ഥലമാ

യ ഒളശയുടെ ഇന്നത്തെ ഒരു അവ്യക്തചിത്രം. എന്നാൽ ലേഖകൻെറ ബാല്യകാലത്തിൽ ഈ ഗ്രാമത്തിൻെറ സ്ഥിതി ഇതൊന്നുമല്ലായിരുന്നു.

ലേഖകൻെറ കുടുംബം പുരാതനമായിട്ടുള്ളതാണെന്നാണു കേൾവി. എവിടെനിന്നാണു വന്നിട്ടുള്ളതെന്ന് കേട്ടുകേൾവിയില്ല. ലേഖകൻെറ പൂർവികന്മാർ "കുഴിമിററത്ത്" തറവാട്ടിലായിരുന്നു താമസിച്ചുവന്നത്. സാമാന്യം കാലക്ഷേപത്തിനു വേണ്ടുന്ന വസ്തുക്കളും ഉണ്ടായിരുന്നു. എന്നാൽ ലേഖകൻെറ ജനനത്തിനു വളരെ മുമ്പുതന്നെ ഈ സ്ഥലവും നിലങ്ങളും മററും വിററുപോയിരുന്നു. പക്ഷെ രണ്ടു വിരുത്തിപ്പുരയിടങ്ങളും വിരുത്തിനിലങ്ങളും അക്കാലത്തുണ്ടായിരുന്നവ അന്നത്തെ നിയമപ്രകാരം വില്ക്കാൻ പാടില്ലാതിരുന്നതുകൊണ്ട് ഒടുവിൽ ഇവ മാത്രം ശേഷിച്ചു. തറവാടു വിററതിനു ശേഷം നാലാങ്കൽ എന്ന വിരുത്തിപ്പുരയിടത്തിൽ ഒരു "മൺപുര" ഉണ്ടാക്കി അന്നുണ്ടായിരുന്നവർ അവിടെ താമസിച്ചുവന്നു. ഒടുവിൽ ലേഖകൻെറ മാതാമഹിയും അവരുടെ കുട്ടികളായ രാമൻപിള്ള, ഈശരപിള്ള, ഗോവിന്ദപ്പിള്ള, സഹോദരി കുഞ്ഞിയമ്മ ഇവരുംമാത്രം ശേഷിച്ചു. ഈ കുഞ്ഞിയമ്മയാണ് ലേഖകൻെറ പൂജ്യജനയിത്രി. സോദരന്മാരിൽ ഈശരപിള്ള അവർകൾക്ക് പല ദിക്കിലും പാർവത്യംജോലിയുണ്ടായിരുന്നു. ഗോവിന്ദപ്പിള്ള അവർകൾ ആദ്യകാലം കുറെ കുട്ടികളെ എഴുതിച്ചുകൊണ്ടിരുന്നു. ഇവരിരുവരുമാണ് ഗൃഹസംരക്ഷണം ചെയ്തുവന്നത്. ഗോവിന്ദപ്പിള്ള അവർകൾക്ക് താമസിയാതെ ഒരു "പ്രവൃത്തിയിൽ കണക്കുജോലി"കിട്ടി. അദ്ദേഹം മുളക്കുഴം പ്രവൃത്തിയിൽ ജോലിയായിരുന്ന കാലത്ത് അവിടെ പലരുടേയും സഹായത്തോടുകൂടി മരംകൊണ്ട് ഇരുപത്തൊൻപതുംകോൽ പതിനാറു കണക്കിൽ ഒരു ചെറിയ പുര പണിചെയ്യിച്ചു കൊണ്ടുവന്ന് നാലാങ്കൽ പുരയിടത്തിൽ വച്ചു. ഇതാണ് കുടുംബൈശ്വര്യത്തിൻെറ പ്രഥമചിഹ്നമായി ഭവിച്ചത്. ഇന്ന് കുടുംബം താമസിക്കുന്നത് പിന്നീട് പല ഭേദഗതികളും കൂട്ടിച്ചേർക്കലും വരുത്തിയിട്ടുള്ള ഈ പുരയിൽ തന്നെയാണ്. രാമൻപിള്ള അവർകൾ ഇതിനെല്ലാം മുമ്പു മരിച്ചു. പുരപണി കഴിഞ്ഞ് ഒന്നുരണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഈശരപിള്ള അവർകളും ക്ഷയരോഗബാധിതനായി കിടപ്പിലായി. ലേഖകൻ ജനിച്ചു ഒരു കൊല്ലം കഴിയുന്നതിനു മുമ്പു ഈശരപിള്ള അവർകളും മരണം പ്രാപിച്ചു. ലേഖകൻെറ ജനനം ൧൦൨൭-ാമാണ്ടു കർക്കടകമാസത്തിൽ രോഹിണിനക്ഷത്രത്തിലായിരുന്നു എന്നാണറിവ്. കുഞ്ഞിഅമ്മക്ക് ലേഖകനെ കൂടാതെ കുമാരപിള്ള, നാരായണപിള്ള രാമൻപിള്ള എന്നു മൂന്നു പുത്രന്മാരും പാർവതിഅമ്മ, കൊച്ചുകുഞ്ഞിഅമ്മ, കുഞ്ഞിക്കുട്ടിഅമ്മ എന്നു മൂന്നു പുത്രികളും ഉണ്ടായിരുന്നു. ലേഖകനായിരുന്നു ഒടുവിലത്തെ സന്താനം. ലേഖകൻേറയും മററും പിതാവു ചെറുക

രെ ഗോവിന്ദൻനായർ എന്നൊരു അരോഗദൃഢഗാത്രനായ കൃഷിക്കാരനായിരുന്നു. ഈ സന്ദർഭത്തിൽ കുടുംബത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കു ഹേതുവായിത്തീൎന്ന ഒരു സംഗതികൂടി പറയേണ്ടിയിരിക്കുന്നു. ലേഖകന്റെ കുടുംബത്തിന്റെ ഒരു ശാഖ ചെങ്ങളത്തിൽ "ആനെക്കാട്ടു" എന്ന സ്ഥലത്തു താമസിച്ചിരുന്നു. ഇവിടെ ഒരു സ്ത്രീയും ഏതാനും പുരുഷന്മാരുമുണ്ടായിരുന്നു. ഈ സ്ത്രീക്കു "കൊച്ചുകൃഷ്ണൻ" എന്നു പേരുള്ള ഒരു ബാലൻ ഉണ്ടായിരുന്നു. ഈ ബാലൻ വളരെ സുമുഖനും ദൃഢഗാത്രനുമായിരുന്നു. അന്ന് മുപ്പത്താറാമാണ്ടു നാടുനീങ്ങിയ മഹാരാജാവ് തിരുമനസ്സുകൊണ്ട് രാജ്യം ഭരിക്കുന്ന കാലമായിരുന്നു. തിരുമനസ്സുകൊണ്ട് കൊട്ടാരംവക ഒരു കഥകളിസംഘം ഏൎപ്പെടുത്തിയിരുന്നു. അതിലേക്ക് വേഷച്ചേൎച്ചയുള്ളവരും യോഗ്യന്മാരുമായ നടന്മാരെ തിരഞ്ഞെടുക്കുന്നതിന് കുടമാളൂർ "ചൊവ്വൂർ" നമ്പൂരിപ്പാട്ടിലെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം പലേടിക്കിലും അന്വേഷിച്ചുനടന്ന അവസരത്തിൽ കൊച്ചുകൃഷ്ണനെ കണ്ടെത്തി. ഇദ്ദേഹത്തോടുകൂടി ഈ ബാലനെ അയക്കണമെന്നു മാതാവിനോടും മാതുലന്മാരോടും അപേക്ഷിച്ചതിൽ അവർ സമ്മതിക്കാഞ്ഞതിനാൽ കല്പനപ്രകാരം സ്ഥലം തഹശീൽദാർ മുഖാന്തിരം, ബാലനെ തിരുവനന്തപുരത്തേക്കയക്കുന്നതിനു ഇടയായി. ഭാഗ്യം വരുമ്പോൾ വേണ്ടാ എന്ന് ഉപേക്ഷിച്ചാലും അതു് വരാതെ കഴികയില്ലെന്നുള്ളതിന് ഇതൊരുത്തമ ദൃഷ്ടാന്തമാണ്. ഇദ്ദേഹമാണ് പിന്നീടു തിരുമനസ്സിലെ പാദസേവകനായ "പുത്തൻ കൊച്ചുകൃഷ്ണപിള്ള" എന്ന നാമധേയത്തിൽ പ്രശോഭിച്ചതു്. ഇദ്ദേഹത്തെ കൂടാതെ "ഈശ്വരപിള്ള വിചാരിപ്പുകാർ" "പഴയ കൊച്ചുകൃഷ്ണപിള്ള" "നാണുപിള്ള" എന്നു വേറെ മൂന്നുപേരും ഉണ്ടായിരുന്നു. ഈ കൊച്ചുകൃഷ്ണപിള്ള നാലാംകൽ ഗോവിന്ദപ്പിള്ള അവർകളുടെ അനന്തിരവനായിരുന്നു. കൊച്ചുകൃഷ്ണപിള്ള അവർകൾ തന്റെ മാതുലന്റെ കാൎയ്യം തിരുമനസ്സറിവിക്കയും തിരുമനസ്സുകൊണ്ടു വേണ്ട സഹായം ചെയ്തുകൊടുക്കുന്നതിനു ദിവാൻജിയോടു കല്പിക്കയും ചെയ്തിരുന്നു. ഇതുനിമിത്തം ഗോവിന്ദപ്പിള്ള അവർകൾക്ക് ഉടനെ സംപ്രതിവേലയും പിന്നീടു അമീനാവും പിന്നീട് തഹശീൽ വേലയും ലഭിക്കാനിടയായി. ഗോവിന്ദപ്പിള്ള അവർകൾ ഊൎജ്ജസ്വലനും, ബുദ്ധിമാനും സമൎത്ഥനുമായിരുന്നതുകൊണ്ട് അന്നു ദിവാനായിരുന്ന സർ. ടി. മാധവരാവു അവർകൾക്കു അദ്ദേഹത്തോടു വളരെ തൃപ്തിയായിരുന്നു. ഇദ്ദേഹമാണ് ആദ്യം ഗോവിന്ദപ്പിള്ള അവർകളെ ഏറ്റുമാനൂർ തഹശീൽദാരായി നിയമിച്ചുത്തരവുകൊടുത്തതു്. പിന്നീടു കല്പിച്ചു "നീട്ടും" കൊടുത്തു. അക്കാലത്തു ഇവൎക്കു താലൂക്കിലെ സൎവ്വാധികാരവും ഉണ്ടായിരുന്നതിനാൽ തഹശീൽദാരന്മാരുടെ നിയമനം കൊട്ടാരത്തിൽ നിന്നും "നീട്ടു" മുഖേന ആയിരുന്നു. ഇതു കൂടാ

തെ നാലാങ്കൽ കുടുംബത്തിലേക്കു കല്പിച്ചു "തിരുമുഖ"സ്ഥാനവും കൊടുത്തു. ഇതിലേക്കു അന്ന് ആയിരം പണം അടിയറ വയ്ക്കേണ്ടതായും ഇരുന്നു. "തിരുമുഖം" പിടിച്ചവർക്ക് കരയിൽ എവിടെ ചെന്നാലും പല്ലക്കു പാലഭിക്കുന്നതിനും പുറമെ കല്യാണത്തിനു മല്ലപ്പന്തൽ പാണ്ടിവാദ്യം മേനാവ് ആന മുതലായവയെ ഉപയോഗപ്പെടുത്തുന്നതിനും അവകാശമുണ്ടായിരുന്നു. എഴുത്തുകുത്തുകളിൽ 'കണക്ക്' എന്നു പേരിനു മുമ്പ് ചേർക്കുന്നതിനും അധികാരം നീട്ടു മുഖേന നൽകപ്പെട്ടിരുന്നു. അക്കാലത്തു ഇത് ഒരു വിലയേറിയ ബഹുമതിയായി ഗണിച്ചുവന്നു. ഗോവിന്ദപ്പിള്ള അവർകൾ ഇതിനിടയ്ക്ക് വിററുപോയ തറവാടായ "കുഴിമിററം" എന്ന സ്ഥലം, ക്രയികനായിരുന്ന ഒരു പോററിക്കുവേറെ സ്ഥലം വാങ്ങി പുര പണിയിച്ചു കൊടുത്ത് മടക്കിവാങ്ങി അവിടെയും ഒരു ചെറിയ പുര പഴയ തറവാട്ടുപുരയുടെ സാമാനങ്ങൾ ഉപയോഗിച്ചു പണി കഴിപ്പിക്കുകയും വിററുപോയ നിലങ്ങളിൽ പലതും ഒഴിപ്പിച്ചെടുക്കുകയും ചെയ്തു. കൊച്ചുകൃഷ്ണപിള്ളയും ഇതുപോലെതന്നെ തറവാട്ടേക്കു കാലക്ഷേപത്തിനു വേണ്ട വസ്തുക്കൾ സമ്പാദിച്ചു കൊടുത്തു. ഇങ്ങിനെ ഈ മഹാന്മാർ രണ്ടുപേരും കൂടി ഒരു കുടുംബപ്രതിഷ്ഠ ചെയ്തു എന്നുവേണം പറവാൻ.

ലേഖകന് തൻെറ പേർ ഇടണമെന്നു ഈശ്വരപിള്ള അവർകൾ നിർബന്ധിച്ചതിനാലാണു ഇന്നു ലേഖകൻ ധരിക്കുന്ന നാമം തനിക്കു ലഭിച്ചത്. രോഹിണി നക്ഷത്രത്തിൽ ജനിച്ചതുകൊണ്ട് "കൃഷ്ണൻ" എന്ന പേരിടണമെന്നായിരിന്നു ഗോവിന്ദപ്പിള്ള അവർകളുടെ അഭിപ്രായം. ഒടുവിൽ ജ്യേഷ്ഠൻെറ അഭിപ്രായത്തെ ആദരിച്ചു അദ്ദേഹത്തിൻെറ ഇഷ്ടപ്രകാരം തന്നെ ചെയ്തു. ഇവർ തമ്മിലുള്ള സഹോദരസ്നേഹം അനന്യസാധാരണമായിരുന്നു. ഏക സഹോദരിയെക്കുറിച്ചും ഇവർക്കു അതിയായ ആദരവും സ്നേഹവുമുണ്ടായിരുന്നു. സമ്പത്തിലും ഇവർക്കു അവർ അനുഭവിച്ച ദാരിദ്ര്യത്തെപ്പററിയുള്ള സ്മരണ വിട്ടിരുന്നില്ല. ഇവർ പല വിധങ്ങളായ ധർമ്മങ്ങളും ചെയ്തുവന്നു. കൊച്ചുകൃഷ്ണപിള്ള അവർകളുടെ അനുജനായി കേശവപിള്ള എന്നൊരാൾ ഉണ്ടായിരുന്നു. ഇദ്ദേഹം ബഹു ധീരനും ഉജ്ജ്വലനും ജനസ്വാധീനമുള്ളവനും ആയിരുന്നു, ഇദ്ദേഹമായിരുന്നു ആനേക്കാട്ടു തറവാടു ഭരിച്ചുവന്നത്. അവിടെ പല കെട്ടിടങ്ങളും ഇദ്ദേഹം പണി ചെയ്യിച്ചു, ഇദ്ദേഹം അടുത്ത ദിക്കുകളിലേക്കു ഒരു രാജാവുതന്നെയായിരുന്നു. ഏതു കാര്യത്തിനും ഇദ്ദേഹത്തിനെ ഒന്നു കണ്ടു കാഴ്ചവെക്കാത്തവർ വളരെ ചുരുക്കമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഇദ്ദേഹം മുപ്പത്തിരണ്ടു വയസ്സിലാണെന്നു തോന്നുന്നു മരിച്ചുപോയി. മഹാരാജാവുതിരുമനസ്സുകൊണ്ടു മുപ്പത്തിആറാമാണ്ടു നാടുനീങ്ങിയതോടുകൂടി കൊച്ചുകൃഷ്ണപിള്ള അവർകൾക്കും സുഖമില്ലാതായി. എങ്കിലും ഒരുകൊല്ലംകൂടി തിരു

വനന്തപുരത്തു താമസിച്ചു. മുപ്പത്തി ഏഴാമാണ്ടു കുംഭമാസത്തിൽ അദ്ദേഹം കാസരോഗാധിക്യം നിമിത്തം ചരമഗതിയെ പ്രാപിച്ചു. സുഖക്കേടു കലശലായി ഗോവിന്ദപ്പിള്ള അവർകളുമൊന്നിച്ചു വീട്ടിലേക്കു വരുന്ന വഴിക്കു ബോട്ടിൽ വച്ചാണു മരണം സംഭവിച്ചതു്. ഇതു കുടുംബത്തിനും കുടുംബാംഗങ്ങൾക്കും ഒരു മഹത്തായ വിപത്തായിരുന്നു. അദ്ദേഹത്തിൻെറ ഭാൎയ്യ, ആററുകാൽ ഗോവിന്ദപ്പിള്ള കൊച്ചുകൃഷ്ണപിള്ള മുതലായവരുടെ ഒരു സ്വസാവായിരുന്നു. അതിൽ ഒരു പുത്രി മാത്രമെ സന്താനമായി ഉണ്ടായിരുന്നുള്ളു.

(തുടരും)

# സാപ്തപദീനപാരമ്യം.

## പഞ്ചമരംഗം

[എം. രാജരാജവൎമ്മതമ്പുരാൻ എം. എ., ബി. എൽ.]

"വിദ്യാവിനയസംപന്നേബ്രാഹ്മണേഗവിഹസ്തിനി
ശുനിചൈവശ്വപാകേചപണ്ഡിതാസ്സമദൎശിനഃ"

കേമന്മാർ ചെയ്തുകൊടുക്കുന്ന ഉപകാരത്തിലല്ലാ സാധുസംരക്ഷണത്തിലാണു മഹാശയന്മാരുടെ വലിപ്പം വെളിപ്പെടുന്നതു്. മഹാസമിതിയുടെ മാഹാത്മ്യം അതിലും കവിഞ്ഞതാണ്. വലിയവനെന്നും എളിയവനെന്നും അതിന് ഒരു വ്യത്യാസവുമില്ല. തെററുചെയ്തവരെ ശാസിക്കയും, നന്മചെയ്യുന്നവരെ അനുമോദിക്കയും, ഏതു ഘട്ടത്തിലും ഇടനിലനിന്നു സ്വൈരക്കേടു തീൎത്തു പൊതുക്ഷേമത്തെ പുലൎത്തുകയും, മുഖംനോക്കാതെ കാൎയ്യങ്ങളെ തീരുമാനിക്കയും ചെയ്യുന്നതിനേക്കാൾ വലുതായ ഒരവസ്ഥ സാക്ഷാൽ ഈശ്വരചൈതന്യത്തിനുതന്നെ ഉണ്ടോ എന്നു സംശയമാണ്. സംഗവിവൎജ്ജിതമായ സമത്വബുദ്ധിയേയാണല്ലോ ഗീതയിൽ ഭഗവാൻ ഉപദേശിക്കുന്നതു്. ആ ധൎമ്മാനുഷ്ഠാനം എവിടെയെങ്കിലും ഉണ്ടെങ്കിൽ അതു മഹാസമിതിക്കു മാത്രമേ വരാൻ മാൎഗ്ഗമുള്ളു. എന്നൊരിക്കൽ ആ സ്ഥിതി ഭേദപ്പെടുന്നുവോ അന്നു അതു അസ്തംഗതമായി കരുതാം.

മഹായുദ്ധാനന്തരം യൂറോപ്പുമഹാഖണ്ഡത്തിൽ സമാധാന സുസ്ഥിതികൾക്കു എന്തെങ്കിലും ഉതവിയുണ്ടായിട്ടുണ്ടെങ്കിൽ അതു മഹാസമിതി നല്കിയിട്ടുള്ളതാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതിൻെറ സാന്നിധ്യമില്ലാതിരുന്നെങ്കിൽ ആട്ടുകുട്ടിയുടേയും ചെന്നായുടേയും കഥ ഇന്നും പരിഷ്കൃതനാടായ യൂറോപ്യൻ രാജ്യങ്ങളിൽ ആടിക്കാണാൻ ഇടയാ

കുമായിരുന്നു. മഹാശക്തികളെന്ന നാമകരണം സിദ്ധിച്ചിട്ടുള്ളവർ ചെറുരാജ്യങ്ങൾ ആമിഷമായി തീർന്നതിന്റെ ഫലമായിട്ടാണ് മഹായുദ്ധങ്ങൾ ഏതുകാലത്തുമുണ്ടായിട്ടുള്ളത്. അശക്തരായിരുന്നവർ പ്രബലന്മാരെ വണങ്ങിയല്ലാതെ ഉപജീവനം അസാധ്യമാണെന്നുള്ള സ്ഥിതി ഇന്നു ഭേദപ്പെട്ടതിനു മഹാസമിതിയാണു പ്രധാന കാരണം. എളിയവർക്കും ലോകത്തിൽ കാലക്ഷേപം ചെയ്യാമെന്നാക്കിത്തീർത്തിട്ടുള്ള പുണ്യം അസാമാന്യമത്രേ. ഇന്നു ഏതു നാട്ടിലും പ്രത്യക്ഷീഭവിക്കുന്ന ഒരു പുതുതായ ഉണർച്ചക്കു അതുതന്നെയാണ് നിദാനം. ധിക്കാരംനിമിത്തമാണ് എളിയവർ മേലാവിലുള്ളവരോട് ഒപ്പംനേടാൻ വരുന്നതെന്നു വിചാരിക്കുന്നതു ലോകഗതിയുടെ പോക്കിനെപ്പററിയുള്ള അജ്ഞതമൂലമാകുന്നു.

ചരിത്രകാലത്തിന് എത്രയോ മുമ്പുതന്നെ ബാൾട്ടിക്ക് സമുദ്രത്തിനു പ്രസിദ്ധിയുണ്ടായിട്ടുണ്ട്. ഭൂവിജ്ഞാനികളുടെ നിരീക്ഷണപ്രകാരം മനുഷ്യാവതാരം ഭൂചരിത്രത്തിന്റെ നവീനഘട്ടങ്ങളിൽ മാത്രമുണ്ടായിട്ടുള്ളതാകുന്നു. അതിനു എത്രയോ മുമ്പുതന്നെ ബാൾട്ടിക്ക് പ്രദേശങ്ങളിൽ മട്ടിപ്പാൽപോലെ വാസനയോടുകൂടിയ കറയുള്ള ഒരുവക വൃക്ഷങ്ങൾ ധാരാളം ഉണ്ടായിരുന്നു. ആ വൃക്ഷങ്ങൾക്കു അംബർ അല്ലെങ്കിൽ തുണമണിദ്രുമങ്ങളെന്നാണു പേർ. ഹിമവേളയിൽ (Ice age) സമുദ്രാക്രാന്തങ്ങളായി ആ മരങ്ങൾ മുങ്ങിപ്പോയി. പിന്നീടു മനുഷ്യരുണ്ടായി കുടിപാർപ്പുതുടങ്ങി അനേക വർഷസഹസ്രങ്ങൾ കഴിഞ്ഞപ്പോൾ, അംബർപശകൊണ്ടു ആഭരണങ്ങളുണ്ടാക്കിത്തുടങ്ങി. അന്നുമുതൽ ബാൾട്ടിക്ക് പ്രദേശത്തിനു അംബരദേശമെന്ന പേർ സിദ്ധിച്ചു. മിസ്രാക്കാരും (Egyptians) ഗ്രീസ്സുകാരും (Greeks) പരിഷ്കൃതരാജ്യങ്ങളായിത്തീർന്നപ്പോൾ, ഈ പ്രദേശങ്ങളിൽ സഞ്ചരിച്ച് അംബർ ശേഖരിച്ച് മറുനാടുകളിൽ കൊണ്ടുപോയി കച്ചോടം നടത്തിവന്നിരുന്നതായി കാണുന്നുണ്ട്. തുണമണിവ്യാപാരം അവിടത്തുകാർക്ക് ഇന്നും ഇല്ലാതായിട്ടില്ല.

ജർമ്മൻമഹാസമരത്തിനു മുമ്പിൽ ബാൾട്ടിക്ക് സമുദ്രത്തിനു തെൻകരയിലുള്ള ജനങ്ങൾ റഷ്യയുടേയും ജർമ്മനിയുടേയും കീഴിലുള്ള പ്രജകളായിരുന്നു. അതിരിൽ സ്ഥിതിചെയ്തിരുന്നതുനിമിത്തം ആ പ്രദേശത്തെ ഇരുവൻരാജ്യങ്ങളും പങ്കിട്ട് അനുഭവിച്ചിരുന്നു. യുദ്ധാനന്തരം അവിടത്തെ സ്ഥിതി മാറി. ഇപ്പോൾ അവിടം എസ്റ്റോണിയ, ലത്തിവിയ, ലിതേനിയ, പോളണ്ട്, എന്നിങ്ങനെ നാലു സ്വതന്ത്രരാജ്യങ്ങളും, ഡാൻസിഗ് എന്ന സ്വതന്ത്ര നഗരം (Free city) മാത്രമായ എടവകയുമായി പരിണമിച്ചിരിക്കുന്നു. ഈ ചെറുരാജ്യങ്ങളിൽ വച്ചു പോളണ്ടാണു ഏററവും വലുത്. ഒരുകാലത്തു അതു സ്വതന്ത്രമായിരുന്നു. ക്രിസ്തുവബ്ദം പതിനെട്ടാം

ശതകത്തിലാണു പ്രബലന്മാരായിരുന്ന ആസ്ത്രിയ, റഷ്യ, പ്രഷ്യ എന്നീരാജ്യക്കാർ പങ്കിട്ടെടുത്തത്.

പോളണ്ടുരാജ്യം, വടക്കു ബാൾട്ടിക്ക് സമുദ്രംതൊട്ടു തെക്കു കാർപ്പാത്ത്യൻ എന്ന പർവ്വതംവരെ നിരപ്പുള്ള മൈതാനമായി കിടക്കുന്നു. ഇടയ്ക്കിടെ ചെറിയ മലഞ്ചെരിവുകൾ ഉണ്ട്. പരപ്പുള്ള പുഴകൾ പലതും ആ രാജ്യത്തെ സേചനം ചെയ്യുന്നു. വർഷത്തുവിൽ ആ പ്രദേശമാസകലം മഞ്ഞുറഞ്ഞു മൂടിക്കിടക്കുന്നതുകണ്ടാൽ ഭസ്മാസ്തരണം ചെയ്തിരിക്കുന്നതാണോ എന്നു തോന്നിപ്പോകും. ഭാരംവലിക്കുന്ന വണ്ടിമാടുകളുടെ കണ്ഠമണികൾ കിലുങ്ങുന്ന ശബ്ദംകൊണ്ടു മാത്രമേ അക്കാലത്തുണ്ടായിരിക്കുന്ന നിശ്ശബ്ദത അന്തരാന്തരാ ദൂരീകൃതമാകുന്നുള്ളു.

ഈ രാജ്യത്തിൻെറ വടക്കു കിഴക്കായിട്ടാണു ലിത്വേനിയാരാജ്യത്തിൻെറ കിടപ്പ്. വിശേഷപ്പെട്ട അവിടത്തെ അരണ്യാദികളിൽ ഇന്നും മനുഷ്യപാദങ്ങൾ പററാത്ത ഇടങ്ങളുണ്ട്. അതിഗംഭീരങ്ങളായ വനസ്പതികളുടെ തടിച്ചുവട്ടിൽ ഇരുപതുപേർക്കു സുഖമായി ചുററിയിരിക്കത്തക്ക വണ്ണമുണ്ടുപോൽ! കാട്ടുപോത്ത്, ചെന്നായ്, കരടി മുതലായ വന്യമൃഗങ്ങളും ധാരാളമുണ്ട്. ലിത്വേനിയാരാജ്യത്തിനപ്പുറമാണു ലത്തിവിയാരാജ്യം. അവിടമാണു സാക്ഷാൽ അംബരനാട്ട്. യൂറോപ്പിലുള്ളവരിൽ ഏററവും പുരാതനജനങ്ങൾ ലത്തുകളാണെന്നു പറയപ്പെടുന്നു. അവരുടെ ഭാഷയെ അപേക്ഷിച്ചു ഗ്രീക്കും ലത്തീനും എത്രയോ നവീനങ്ങളാകുന്നു. വേദത്തിലെ ഗൈർവാണത്തിനും ലത്തുഭാഷയ്ക്കും ഏതാണ്ടു പൊരുത്തമുണ്ട്.

ഏററവും ചെറിയ രാജ്യം എസ്തോണിയയാകുന്നു. പീപ്പസ്സിക്കായലാണു അതിൻെറ കിഴക്കേ അതിർത്തി; വടക്കു ഫിൻലണ്ടുൾക്കടലും. ലോകത്തിലെ ഏററവും വലിയ നെയ്ത്തുശാല ഈ രാജ്യത്തുള്ളതാണുപോൽ. ഇതു കൃഷിക്കനുകൂലമായ നാടാണ്. ചണം മുതലായ പല നാരുകളുണ്ടാകും. പഞ്ഞിനൂലും ചണനാരും കൊണ്ടുള്ള വേലക്കു ആ രാജ്യം കീർത്തിപ്പെട്ടതാണ്. ഫിൻകാരും എസ്തോണിയന്മാരും ദായാദികളാണ്. അപ്രകാരമാണു ലെത്തുകളും ലിത്വേനിയന്മാരും. ഫിൻലണ്ടു സത്യത്തിൽ ബാൾട്ടിക്ക് രാജ്യങ്ങളിൽ ഉൾപ്പെട്ടതല്ല. സ്കാൻഡിനേവിയാരാജ്യത്തിനും ബാൾട്ടിക്ക് രാജ്യങ്ങൾക്കും മദ്ധ്യേകിടക്കുന്ന ഭൂമിയാണ്. ആ നാട്ടിൽ അനവധി കായലുകളുണ്ട്.

ഇത്രയും ദേശസ്വരൂപം അറിഞ്ഞെങ്കിൽ മാത്രമല്ലാതെ അവിടത്തെ സംഗതികൾ പറഞ്ഞാൽ മനസ്സിലാകയില്ല. അതാണിത്രയും വിസ്തരിച്ചത്. മഹായുദ്ധാനന്തരമുണ്ടായ കുഴപ്പങ്ങൾ ഈ പ്രദേശത്തു ഒട്ടും ചില്ലറയല്ലായിരുന്നു. ഫിൻലണ്ടും സ്വീഡനുംതമ്മിൽ മദ്ധ്യേകിടക്കുന്ന ആലണ്ടുദ്വീപങ്ങളെപ്പററി തർക്കപ്പെട്ടു. ഒരു വർഷശതത്തിനുമുമ്പിൽ ഫിൻ

ലണ്ടും ആലണ്ടും സ്വീഡൻരാജ്യത്തിന്റെ വകയായിരുന്നു. റഷ്യയുമായുണ്ടായ യുദ്ധത്തിൽ അവ റഷ്യരുടെയായി. മഹായുദ്ധം അവസാനിച്ചു ഫിൻലണ്ടു സ്വതന്ത്രമായപ്പോൾ, ആലണ്ടു ദ്വീപങ്ങൾ തങ്ങളുടെ അവകാശത്തിൽ ഉൾപ്പെട്ടതാണെന്നു സ്വീഡൻ തർക്കിച്ചു; അതല്ലാ, തനിക്കാണെന്നായി ഫിൻലണ്ട്. രണ്ടുഭാഗരും അടിപിടികൂടാതെ മഹാസമിതി ഇടനിലനിന്ന് ദ്വീപങ്ങളെ ഫിൻലണ്ടിനു കൊടുത്തു; എങ്കിലും അവിടം കോട്ടകെട്ടിയുറപ്പിച്ചുകൂടെന്നു കരാർ ചെയ്തു. ഇതു ഇരുകക്ഷികളും സമ്മതിക്കയാൽ യുദ്ധംകൂടാതെ കഴിഞ്ഞു.

പോളണ്ടിന്റെ കഥ കുറെയേറെ കഷ്ടമാണ്. ജർമ്മൻ യുദ്ധംകൊണ്ടു നശിച്ച രാജ്യങ്ങളിൽ അതിനോടൊപ്പം മറെറാന്നുമില്ല. നാടും നഗരവും, വീടും കുടിയും, വിളയും വയലും, എന്നുവേണ്ട സർവ്വപ്രദേശവും തറിശായി നാശമണഞ്ഞു മുപ്പതുലക്ഷം ജനങ്ങൾ അവിടംവിട്ടു റഷ്യയിൽ കുടിയേറി. അവിടെ ചെന്നിട്ടും അവരുടെ അദൃഷ്ടം നിലച്ചില്ല. പനിയും അതിസാരവും പിടിച്ചു അനവധിയെണ്ണം കാലഗതിയെ പ്രാപിച്ചു. ശേഷിച്ചവർ യുദ്ധാനന്തരം സ്വന്ത നാട്ടിലേക്കു തിരിച്ചു. വഴിമേൽ മരിച്ചു വളരെപ്പേർ. ആഹാരമില്ലാതെ നടന്നുവലഞ്ഞു ഏതാനും ആളുകൾ സ്വരാജ്യത്തുവന്നു കണ്ട കാഴ്ച അതി ദുസ്സഹമായിരുന്നു. വീടുകൾ ഇരുന്ന സ്ഥലങ്ങൾപോലും തിരിച്ചറിയാൻ മേല; കാടേത്, കുടിയേത്, കണ്ടമേത്, എന്നുപോലും വ്യവഛേദിക്കാൻ പ്രയാസം. കയറിക്കിടക്കാൻ സ്ഥലമെവിടെ? ആഹാരത്തിനെന്തുവഴി? ദീനങ്ങളൊ കൊണ്ടു പിടിക്കുന്നു. പാവങ്ങളെന്തുചെയ്യും? മഹാസമിതിയുടെ സഹായമൊന്നില്ലായിരുന്നെങ്കിൽ പോളണ്ടുകാർ നാമാവശേഷരായി പോകുമായിരുന്നു. സമിതിയുടെ നിർദ്ദേശപ്രകാരം കുടിപാപ്പിനു വീടുകളും ഗ്രാമങ്ങളും പണിയിച്ചു; ആശുപത്രികൾ സ്ഥാപിച്ചു; കൃഷിയ്ക്കുള്ള ഉപകരണങ്ങൾ ശേഖരിച്ചു. ക്രമേണ പോളണ്ടുരാജ്യം ഇപ്പോൾ അഭിവൃദ്ധിയെ പ്രാപിച്ചു വരുന്നു. കലാകുശലന്മാരും ശാസ്ത്രപണ്ഡിതന്മാരുമായിരുന്ന ചോപ്പിൻ, പാതയ്യസ്കി, കോപ്പർണിക്കസ്സ്, മാഡംകറി, മുതലായ കേമന്മാരും കേമികളുമുണ്ടായ ഈ നാടിനെ സംരക്ഷിക്കാതിരുന്നെങ്കിൽ എത്ര കഷ്ടമായിപ്പോയേനെ.

കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ നടന്നിട്ടുള്ള അനവധി കഥകൾ ഇങ്ങനെ വിവരിക്കാൻ തുടങ്ങിയാൽ അവസാനിക്കയില്ല. സങ്കടം കേൾക്കാനാളുണ്ടെന്നു വരുമ്പോൾ ആവലാധികളും അസംഖ്യമുണ്ടാകുന്നതു ലോകരീതിയാണല്ലൊ, ഇതാ ഇപ്പോൾതന്നെ യുദ്ധച്ചിലവുകളെപ്പററിയും നഷ്ടപരിഹാരത്തെപ്പററിയും ജർമ്മനിയും ഐക്യകക്ഷികളായ ബ്രിട്ടൺ, ഫ്റാൻസ്, ഇററലി, ജപ്പാൻ തുടങ്ങിയവരും വലിയ തർക്കങ്ങൾ പുറപ്പെടുവിച്ച് ഹേഗ് നഗരത്തിൽവച്ചു യോഗംകൂടി ആലോചനകൾ നടന്നു. മഹാ

സമിതിയുടെ കെട്ടുപാടുപോലും പരക്ഷശിഥിലമായിപ്പോയേക്കുമോ എന്നു ശങ്കിക്കത്തക്കവണ്ണം വാശിപിടിച്ചുള്ള തക്കങ്ങളുണ്ടായി. എങ്കിലും യൂറോപ്പ്യൻ സമുദായത്തെ ഉടവുതട്ടാതെ ലോകയാത്രാരംഗത്തിൻെറ മുന്നണിയിൽ നിലനിറുത്തണമെന്നു പാശ്ചാത്ത്യക്ക് രൂഢമൂലമായിട്ടുള്ള സ്വദേശാഭിമാനം നിമിത്തം ആഭ്യന്തര കലഹങ്ങളെ വെടിഞ്ഞു കാര്യങ്ങൾ രാജിയായിത്തീർന്നിരിക്കുന്നു. സർവരാഷ്ട്രീയമായ ഒരു നിധി ഏൎപ്പെടുത്തി തദ്വാരാ ഓരോ രാജ്യങ്ങൾക്കു യുദ്ധംകൊണ്ടുണ്ടായിട്ടുള്ള നഷ്ടത്തെ പരിഹരിക്കാമെന്നും, ജർമ്മനിയുടെ വകയായുള്ള റൈൻ പ്രദേശങ്ങളിൽനിന്നു ഐക്യകക്ഷിസൈനികൾ പിൻവലിക്കണമെന്നുംമററും കരാറുണ്ടായിരിക്കുന്നതു് മഹാസമിതിയുടെ ഗൌരവത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചിരിക്കുന്നു. പണ്ടായിരുന്നെങ്കിൽ ഇതിലൊരംശം തക്കമുണ്ടായിരുന്നാൽ മതിയാകുമായിരുന്നു യൂറോപ്പിലാസകലം യുദ്ധകാഹളം മുഴങ്ങാൻ. വലിയവനെന്നും, എളിയവനെന്നും, തോററവനെന്നും ജയിച്ചവനെന്നും ഭേദംകൂടാതെ എല്ലാവരെയും രഞ്ജിപ്പിച്ചുകൊണ്ടുപോകുന്നതിലാണു് മഹാസമിതിയുടെ മാഹാത്മ്യവും പ്രയോജനവും സ്ഥിതിചെയ്യുന്നതു്.

ഈ മഹാസമിതികൊണ്ടു് യൂറോപ്പിലുള്ളവൎക്കല്ലാതെ മററുള്ളവൎക്കു ഉപകാരമേറെ സിദ്ധിക്കുന്നുണ്ടോ എന്നു പലക്കും ശങ്കയുണ്ടു്. ആ സംഗതിയെപ്പററി അടുത്ത രംഗത്തിൽ പ്രസ്താവിക്കാം.

## * കേരളവിലാപം പാന.

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.)

ശങ്കരാത്മജൻശ്രീഗണനാഥനും
പങ്കജാത്ഭവജായയാംവാണിയും
സങ്കടംമമചൊല്ലുവാൻസാമ്പ്രത-
മെങ്കലേററംകനിഞ്ഞുതുണയ്ക്കണം.
ഭൂവിതിൽപ്പുകൾപാരമാന്നോരുഞാൻ
ദ്രാവിഡകുലസംഭൃതയെങ്കിലും
കോവിദന്മാരാംകേരളീയോത്തമ-
രാവിർമ്മോദംവളർത്തിമാമാദ്യമേ.
ക്ഷോണിതന്നിലെനിക്കുപ്രചാരവും

* തിരുവനന്തപുരത്തുവച്ചു നടത്തപ്പെട്ട സാഹിത്യപരിഷത്തിൽ വായിച്ചതു്.

ത്താണിയുംപാരംക്രൂട്ടവാനായവർ
വാണിയിൽഗ്ഗുണമേററമെഴുന്നൊരെ-
വ്വാണിതന്നുടെസഖ്യവുംചേൎത്തുമേ.
കൈരളിയെന്നെനിക്കന്നുതൊട്ടിഹ
പേരിളയിൽപ്രസിദ്ധമായീപരം,
പാരിടത്തിലക്കാലത്തുംപണ്ടേപ്പോ-
ലീരടിവെച്ചുതന്നോനടന്നുഞാൻ.
മിന്നിടുംനന്മണിയുംപ്രവാളവു-
മൊന്നിടയിട്ടുകോൎത്തുചേൎത്തങ്ങനെ
നന്ദിച്ചുപലഭൂഷകൾതീൎത്തുമേ
തന്നിരുന്നുചിലയോഗ്യരങ്ങക്കാലം.
എൻചിത്തതോഷംചേൎത്തമഹാന്മാരിൽ-
ത്തുഞ്ചത്താചാൎയ്യൻതന്നെയാണഗ്രഗൻ.
സഞ്ചിതഗുണൻനമ്പിയാർകുഞ്ചനും,
നെഞ്ചിൽത്തോഷംവളൎത്തിമേനിർഭരം.
അന്തണേന്ദ്രരുമൊട്ടുപേരാദ്യമേ
വൻതണലായിനിന്നുതുണച്ചുമേ.
പൂന്താനം, പുനം, ചേലപ്പറമ്പുമാ-
പ്പൂന്തോട്ടംപുകൾപൂണ്ടമഴാംഗലം
ന്നോററിരുന്നവർസദ്വൃത്തയാക്കിമാ--
മേററിയെന്നിൽമഹത്വംപലവിധം.
മാററിത്തംമമമാററിയായോഗ്യന്മാർ
പോററിയെന്നേസ്സുഖിപ്പിച്ചിതൊട്ടുനാൾ.
തഞ്ചത്തോടുമൽപ്പോഷണംചെയ്യോരാ-
ത്തുഞ്ചത്താചാൎയ്യൻതാനുമാവിപ്രരും
സഞ്ചിതഗുണൻനമ്പിയാർകുഞ്ചനും
പഞ്ചത്വത്തേഗ്ഗമിച്ചുകാലക്രമാൽ,
ശിഷ്ടന്മാരാകുംപോഷകരില്ലാതെ
കഷ്ടപ്പെട്ടുഞാൻപിന്നെക്കുറച്ചുനാൾ.
വിഷ്ടപേശൻെറകല്പനയാൽവരും
ദിഷ്ടക്കേടതുനീക്കാവതല്ലല്ലൊ.
കുന്നുകണ്ടാൽക്കുഴിയുമടുത്തുതാ-
നൊന്നുവന്നീടുമെന്നതുനിശ്ചയം.
വന്നുചേരുംപുനരപികുന്നുമെ-
ന്നൊന്നുള്ളിലോൎത്തുപാൎത്തുഞാനങ്ങനെ.

പിന്നെയുംകാലമൊട്ടുകഴിഞ്ഞപ്പോ-
ളെന്നെരക്ഷിപ്പാൻയോഗ്യരാകുംചിലർ
മന്നിടത്തില്ലുളവായിയേററവും
നന്ദിച്ചെന്നേവളർത്തിയായോഗ്യരും.
വെണ്മണികളാംബ്രാഹ്മണശ്രേഷ്ഠരും
സന്മതികളാംകോടിലിംഗേശരും
കൽമഷഹീനൻലക്ഷ്മീപുരേശ്വരൻ
നിർമ്മലൻരവിവർമ്മഭൂപാലനും
ഹന്ത! മന്നാടിയാരുംനടുവമാ-
മന്തണകുലസംഭൂതനച്യുതനും
പന്തളക്ഷിതിപാലനുംവാസന-
യ്ക്കന്തമില്ലാത്തഭൈമിക്ഷിതീശനും
കേ. സീ. കേശവപിള്ളയുമാരെയും
ക്രൂസിടാത്തുള്ള ശീവൊള്ളിവിപ്രനും
വാസനാബലമേറുന്നാസൽകവി-
കേസരിവരരാണിവരൊക്കയും
വീരരാമവർക്കാകവേമേലാവായ്
കേരളവർമ്മവല്യകോയ്ത്തമ്പുരാൻ
കേരളകാളിദാസൻമഹാമതി
ധീരതയോടുമേവിനാനക്കാലം.
ദൂഷണംവിനാദോഷജ്ഞരാമവർ
ഭൂഷണങ്ങളേക്കൊണ്ടുംപലതരം
ഭാഷണാദികൾകൊണ്ടുംദിവാനിശം
പോഷണംമമസാധിച്ചുസാദരം.
ത്രാണിഃമളവിക്രൂട്ടവാൻ"കേരള-
പാണിനി"പലചട്ടങ്ങളുംതദാ
വാണീവൈഭവംകൊണ്ടുചമച്ചിഹ
ക്ഷോണിയിൽപ്പാരമുൽകർഷംക്രൂട്ടിമേ.
കേരളവർമ്മഭൂപാജ്ഞയിലഹം
സ്വൈരമന്നുവസിക്കുകകൊണ്ടുഃമ
"കൈരളി"യെന്നനാമധേയത്തിനും
പാരമനർത്ഥഭാവംഭവിച്ചുതേ.
ഒട്ടുകാലംകഴിഞ്ഞപ്പൊളാസ്ഥിതി
വിട്ടുമാറിഃമദുവ്വിധിവൈഭവാൽ.
ഒട്ടക്കാക്കവിവീരന്മാർഭൂതലം

ഇംഗിതംപോലെസൽകൃതിചെയ്കയാൽ
മങ്ങിവാടിക്കരിയുന്നുമന്മനം.
ഭംഗിയേയായിതു? കൈരളിയാകുമീ-
യംഗനയ്ക്കുവിശിഷ്ടരാൽക്കല്പിതം
മംഗല്യം പറിച്ചോരാൽക്കളവതു-
മെങ്ങനെപൊറുത്തിടുന്നുലോകരേ!
ന്യായമൊന്നിഹസാഹിത്യലോകത്തിൽ
നായകനായിട്ടാരുമില്ലായ്കയാൽ
ആയതു "കുരുപ്പില്ലാക്കളരി"പോ-
ലായിത്തീർന്മേലെന്തുചെയ്യേണ്ടുഞാൻ?
ആലംബമെനിക്കാരുമില്ലായ്കയാൽ
ലോലംബേക്ഷണമാരുംചൊടിക്കുന്നു.
നാലഞ്ചക്ഷരംപോലുംപഠിക്കാത്ത
ബാലന്മാർക്കുംകളിപ്പാട്ടമായിഞാൻ.
ലജ്ജയില്ലാതെടാഗോർകൃതിയുടെ
തർജ്ജമയെന്നുംചൊല്ലിച്ചിലരിഹ
ഗർജ്ജനംചെയ്യുംഘോരാരവമതു-
മിജ്ജനത്തിന്നസഹ്യമായ്ത്തീരുന്നു.
ധീമാനായുള്ള ടാഗോർക്കവിയുടെ
സാരമേറീടുമാശയംബോധിപ്പാൻ
കൈരളിയേദ്ദുഷിപ്പിച്ചിടുന്നനി-
സ്സാരന്മാരാമിവർക്കുകഴിയുമോ?
"ഖണ്ഡകാവ്യങ്ങ"ളെന്നുചൊല്ലിച്ചില
പൊണ്ണന്മാരിഹതീർക്കുന്നവയ്ക്കുപേർ
"ഷണ്ഡകാവ്യങ്ങ"ളെന്നാക്കിയാൽമമ
ദണ്ഡവുംതീരുംസത്യമായുംവരും.
എന്തിനേറെപ്പറയുന്നുഞാനിതു
ചിന്തിച്ചാലാർക്കുംനീക്കാവതല്ലഹോ!
ഉന്തിക്കേറുംകലിയുടെശക്തിയാൽ
പന്തികേടേവംസംഭവിക്കുന്നതാം.
സൽകവിവരന്നിശ്ചയജാലവു-
മെക്കവേഭേദപ്പെട്ടിഹകാണുന്നു.
ഇക്കാലത്താപ്രകൃതിയിൽത്തന്നെയും
ധിക്കാരംപാരംകാണുന്നുണ്ടെങ്ങുമേ.
മഞ്ജുളമാംവസന്തംവരാതെയും

മഞ്ജരിനിറഞ്ഞീടുന്നഭൃതലേ
പഞ്ചമമെന്നിയേകേകാരവംഭവി
മഞ്ഞുപെയ്യുന്നകാലത്തുംകേൾക്കുന്നു.
മാനാതീതമഹത്വമാന്മാരുള്ളോരു
നാനാജാതിമതസ്ഥരിലുംപലർ
പാനാസക്തരാണെന്നിഹകേൾക്കയാൽ-
പ്പാനാലാപിനിയായ്വയൻഞാനിങ്ങനെ.
കാലത്തിന്നൊത്തകോലമെടുക്കാഞ്ഞാൽ-
വിട്ടുനാകംഗമിച്ചുകാലക്രമാൽ.
അന്നുതൊട്ടുമേരക്ഷിപ്പാനാരുമി-
ല്ലെന്നുതന്നെയായ് ത്തീൎന്നുവിധിബലാൽ.
കുന്നുപോലെവലുതായസങ്കട-
മെന്നുള്ളിലുളവായീതദന്തരേ
ഇന്നുമായതുവിട്ടുമാറീടുവാ-
നൊന്നുമേവഴികാണുന്നുമില്ലഞാൻ.
കാന്നോരുംമമചേന്നോരുമെന്നല്ല,
ചാന്നോരുംബത! നാസ്തിയായ് വന്നല്ലോ.
മാന്യാവസ്ഥയിൽമേവുന്നയോഗ്യരും
തോന്ന്യാസമിഹകാട്ടുന്നുസന്തതം.
ഒന്നുകൊണ്ടുമെനിക്കുപൊറുതിയി-
ല്ലെന്നുതന്നെയായ് ത്തീൎന്നുമാലോകരേ!
ഇഷ്ടംപോലെമാമിട്ടുചവിട്ടിയാൽ
ശിഷ്ടംചോദിപ്പാനാരുമില്ലെന്നിഹ
തിട്ടമായതുകൊണ്ടിപ്പൊളേറവും
കഷ്ടതമമചേൎക്കുന്നിതു ചിലർ.
നാട്ടിലുള്ള വിശിഷ്ടരുംഹൈവണിയേ-
പ്പാട്ടിലാക്കിപ്പിടിച്ചുടൻപൌരുഷാൽ
ഗോഷ്ഠിയാണെന്നതോൎക്കാതെയെന്നോടു
കൂട്ടിച്ചേൎക്കാൻതുടങ്ങുന്നകഷ്ടമേ!
കള്ളമല്ലകരുപ്പോട്ടുശുദ്ധമേ
വെള്ളയായതുചേൎക്കുകിൽരണ്ടുമേ
കൊള്ളരുതാത്തവണ്ണമായ് ത്തീരുമെ-
ന്നുള്ളവാസ്തവമോൎക്കാത്തതത്ഭുതം.
സായുംസൂൎയ്യമറിയാത്തമൂഢരും
സായ്വുബ് ഭാഷയിൽമാത്രമഭിജ്ഞരും

ന്ന്യായംവിട്ടിഹവല്ലതുംകാട്ടിയാ-
ലായതിലില്ലസങ്കടംചെറവുമേ.
വാസനാബലമുള്ള വിദ്വജ്ജനം
"പ്രാസസ്സുകന്ത"എന്നോത്തുചെറവുമേ
ക്രസലില്ലാതെഗോഷ്ഠികൾകാട്ടിമേ
ശ്വാസംമുട്ടിപ്പതാകുന്നസങ്കടം.
വിഖ്യാതന്മാരായുള്ള മഹാകവി-
മുഖ്യരാമുള്ളൂർ, വള്ളത്തോളാദികൾ
കൈക്കൊണ്ടീടുന്നഷ്ടകളഞ്ഞെരും
മുഷ്ക്കോടങ്ങെടുത്തീടുന്നകഷ്ടമേ!
വാളുചെന്നെടുത്തഭ്യാസമുള്ളവർ
ചീളെന്നചിലവിദ്യകൾകാട്ടുമ്പോൾ
ക്രളിപ്രായരുംവാളെടുത്താലവ-
താളത്തിൽക്കലാശിക്കാതിരിക്കുമോ?
ഭംഗിവാക്കിലുംതെല്ലുമെന്ന്യേപരം
തങ്ങിടുംമദംമൂലംചിലരിഹ
ശ്ശീലക്കേടെന്നുവന്നപോലെങ്കിലോ?
കാലക്കേടിൻെറകാഠിന്യമോത്തിഹ
മാലനല്പമുദിക്കുന്നമാനസേ.
ഇപ്പരിഷത്തുമൂലമായെങ്കിലും
മൽപ്പരിതാപമാകവേതീത്തിഹ
സപ്പശായിയാംപത്മനാഭൻപരൻ
നിർഭരംമമചേക്കട്ടെമംഗളം.

# * ഉൽഘാടനപ്രസംഗം.

(എം. രാജരാജവമ്മതമ്പുരാൻ എം. എ., ബി. എൽ.)

പൂജ്യരായ വിദ്വജ്ജനങ്ങളേ! മാന്യമഹതികളെ!

ഈ പണ്ഡിതസ്സദസ്സിൽ അരങ്ങേററം നടത്താൻ ഭാവിച്ചിരിക്കുന്ന സാഹിത്യമഹാനാടകത്തിൻെറ നാന്ദിവചനം മി: പരമേശ്വരയ്യർ ഹൃദയംഗമമായി ചൊല്ലിക്കഴിഞ്ഞു. അനന്തരകരണീയം സൂത്രധാരൻ നട

* തിരുവനന്തപുരത്തുവച്ചു കൂടിയ സാഹിത്യപരിഷത്തിൽ ചെയ്ത പ്രസംഗം

ത്താനുള്ള സ്ഥാപനയാണ്. അതിനെന്നെ നേപഥ്യമണിയിച്ചു വിടാൻ കാര്യക്കാരന്മാർ ഒട്ടമാന്തിച്ചുവെങ്കിലും, സുഹൃജ്ജനാപേക്ഷ അവർജ്ജ്യമായി ത്തീരുകയാൽ, ആ കൃത്യനിർവ്വഹണം ഞാൻ കയ്യേററു. ഒരു നടിയുടെ സഹായമനുഭവിച്ചിട്ടില്ലെന്നൊരു കുറവുണ്ട്. പക്ഷെ, നിങ്ങളുടെ സ്മേരമുഖങ്ങളിൽ വിലസുന്ന അനുഭാവദൃഷ്ടി എൻെറ സഖിയായിരിക്കകൊണ്ട് ഞാൻ ലബ്ധധൈര്യനായിരിക്കുന്നു. അണിയറയിൽ വേഷങ്ങൾ ഒരുങ്ങിക്കഴിഞ്ഞതായി അറിയുന്നതിനാൽ, ഇനി പാട്ടാരംഭിക്കാം.

എന്തിനെക്കുറിച്ചാണു പറയേണ്ടത്? വത്തമാനകാലത്തെപ്പററിയെന്നോ നിങ്ങൾ പറയുന്നത്? അതിനു വളരെ വൈഷമ്യമുണ്ട്. കാലാവസ്ഥ അവ്യവസ്ഥിതയാണെന്നു നിങ്ങൾതന്നെ കാണുന്നില്ലെ?

മഞ്ഞുണ്ടു വേനലുടനേ മഴയുണ്ടു കാററു-
മാഞ്ഞുൾക്കരുത്തുകളയുന്ന ശരന്നിലാവും
കുഞ്ഞുങ്ങളാടി മുറവിട്ടു നടക്കുമാറു
മഞ്ജുതമാനു വിലസുന്ന വസന്തകാലം.

എന്നു ശ്ലോകത്തിൽ കഴിച്ചാൽ തൃപ്തിപ്പെടുകയില്ലായിരിക്കും. പഴയപദ്ധതി വിട്ടെങ്കിലല്ലാതെ ഇന്നുള്ളവൎക്കു രസമാവില്ല. അതുകൊണ്ടു പുതുസമ്പ്രദായത്തിൽ ഒരു വാതിൽതുറപ്പാട്ടു ഞാൻ പാടിയേക്കാം.

മാന്യരേ,

കാണാൻ പോകുന്ന പൂരം പറഞ്ഞുകേൾപ്പിക്കുന്നതു ഇന്നു പുത്തരിയല്ല. പക്ഷെ, രീതി വളരെ ഭേദിച്ചിട്ടുണ്ട്. പണ്ട് അതൊരു കൗതുകപ്രദമായ പ്രവൃത്തിയായിരുന്നു; ഇന്നതു ആദായകരമായ വൻതൊഴിലായിത്തീന്നിരിക്കുന്നു. വത്തമാനപ്പത്രങ്ങൾ മിക്കതും അതുകൊണ്ടാണുപജീവിക്കുന്നത്. സ്തുതിപാഠകന്മാരില്ലെങ്കിൽ മികച്ച വിദ്വാനും മൂലയിലകപ്പെടുകയെ ഉള്ളൂ. അല്പജ്ഞന്മാരുടെ സ്ഥിതി വെള്ളത്തിലാകും. ശീമയിൽ പോയിരുന്ന ഒരു മലയാളി എന്നോടൊരിക്കൽ പറകയുണ്ടായി; അവിടെ ആരും നടക്കയല്ല, ഓടുകയാണു പതിവെന്ന്. അതിൻെറ താല്പര്യം മറെറാന്നുമല്ല; ഒന്നും നിന്നുനോക്കാനാക്കും നേരമില്ല. വായുവേഗം പോരാ, മനോവേഗത്തിലുള്ള കാലചക്രഭ്രമണത്തിലകപ്പെട്ടു വലയുന്ന നവീന പരിഷ്കൃതലോകത്തിനു അഷ്ടാവധാനമോ ശതാവധാനമോ തന്നെ ഉണ്ടായാൽ മതിയോ എന്നു സംശയമാണ്. സമയദൗർല്ലഭ്യത്തെ പരിഹസിച്ചു പരസ്യം പരത്തിപ്പുകഴ്ച നേടുന്ന വിദ്യ കാശുണ്ടാക്കാൻ നല്ലൊരു വഴിയായിത്തീന്നിട്ടുണ്ട്. അതു കണ്ടു മയങ്ങി കുന്തം പറവുന്നവരുടെ കൂട്ടരും ചില്ലറയല്ല.

അല്പമൂല്യങ്ങളായുള്ള വയ്ക്കാണ് കൊണ്ടുപിടിച്ച പരസ്യങ്ങൾ കാണാറുള്ളത്. അനഘങ്ങളായുള്ളവ സൂര്യനോടൊപ്പം സ്വയംപ്രകാശകങ്ങളാണ്. വിലയേറിയ പ്രാചീനസാഹിത്യകലാരത്നങ്ങളെ സംഭരിച്ചിരിക്കുന്ന മഞ്ചത്തിലേയ്ക്കു കടക്കാനുള്ള കവാടോൽഘാടനഗാനം അതുകൊണ്ടു വളരെ ആലാപിക്കേണ്ടതില്ല. അവിടെ പ്രവേശിക്കുമ്പോൾ തന്നെ നിങ്ങൾ ഹഠാദാവർജ്ജിതരാകും. 'അവന്തീസുന്ദരി'യുടെ താടങ്കയുഗളങ്ങൾ സൂര്യചന്ദ്രമനസ്സുകളോടൊപ്പം പ്രകാശിക്കും. കണ്ണശ്ശപ്പണിക്കന്മാരുടെ ഗാനങ്ങൾ നിങ്ങൾക്കു ശ്രോത്രരസായനമാകും. സ്കന്ദസ്വാമി വേദഭാഷ്യം കൊണ്ടും, നീലകണ്ഠസോമയാജി ഗണിതംകൊണ്ടും, മംഖകൻ സാഹിത്യമീമാംസയുരച്ചും നിങ്ങളെ അഭിമാനിക്കും. രാജ്യഭരണവിഷയത്തിൽ എല്ലാവർക്കും അസാമാന്യമായ അഭിനിവേശം വന്നിട്ടുള്ള കാലഘട്ടമാണല്ലോ ഇത്. നാട്ടുഭാഷ മാത്രമറിയാവുന്നവർക്ക് ഉപദേശം നൽകാൻ കൌടില്യൻ തന്നെ അവിടെ സന്നിഹിതനായിട്ടുണ്ട്. ഗൈർവ്വാണിയും, കൈരളിയും, ദ്രാവിഡ മങ്കയും കൈകോർത്തു നടത്തുന്ന അപൂർവ്വനൃത്തം നിങ്ങളെ ഉത്സാഹഭരിതരാക്കാതിരിക്കയില്ല. അവരുടെ ഭാവപ്പകർച്ചകൾക്കനുരൂപങ്ങളായ പാടലുകൾ പാടിയ പുലവരുടെ ദൃഷ്ടി പതിയുമ്പോൾ നിങ്ങൾ രോമാഞ്ചകഞ്ചുകിതരാകും, നിശ്ചയം. സാഹിത്യമണ്ഡലാഖണ്ഡലനായി വിളങ്ങിയിരുന്ന സ്വാതിതിരുനാളിൽ തിരുവവതാരംചെയ്തരുളിയ കുലശേഖരപ്പെരുമാളുടെ സാന്നിദ്ധ്യമൊന്നുമതി ആ മഞ്ചത്തെ അനുഗൃഹീതമാക്കാൻ. ആ മഹാനുഭാവൻെറ 'ദൂതവാക്യ'മെന്ന ആട്ടക്കഥ ഇതുവരെ എവിടെ ഒളിച്ചിരുന്നു എന്നു നിങ്ങൾ ആശ്ചര്യപ്പെടും. ഈ മഹാനുഭാവന്മാരുടെ ഛായാവലംബികളായിരുന്ന വിദ്വാൻ കോയിത്തമ്പുരാനും, കേരളകാളിദാസനും, കേരളവ്യാസനും, കേരളപാണിനിയും, മററു ഗദ്യപദ്യനിർമ്മാതാക്കളും നിങ്ങൾക്കു സ്വാഗതമരുളും.

മാതൃഭാഷാപോഷണേച്ഛുക്കളായ നിങ്ങൾക്കു ഇവരുമായുള്ള പരിചയം എത്രമാത്രം ഉപകരിക്കുമെന്നു ഞാനല്ലല്ലൊ പറയേണ്ടത്. എത്രത്തോളം പിന്നോക്കമായുമോ അത്രയും മുന്നോട്ടു കുതിക്കാമെന്നുള്ള ന്യായം മററുള്ള വിഷയങ്ങളിലെന്നപോലെ സാഹിത്യത്തിലും പ്രസക്തിയുള്ളതാണ്. പുതുമന്തകൾ കണ്ടു കൊതിച്ചു മേയാൻ പോകുന്ന പശുക്കൾ അരണ്യാനികളിലകപ്പെട്ടു വഴിതെററിയുഴലുന്ന അവസ്ഥ ഇന്നു മലയാളത്തിനു പററീട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഇന്നത്തെ ആദർശങ്ങളിൽ നിഴലിച്ചു കാണുന്നതു നിരങ്കുശത്വമാണ്. "നിരങ്കുശാഃ കവയഃ" എന്നുള്ള ആപ്തവാക്യത്തെ എന്തുമേതുമെങ്ങിനേയും പറയാമെന്നു വ്യാഖ്യാനിക്കുന്ന ചാപലത്തെപ്പററി അപലപിക്കാനല്ലാതെ തരമില്ല. താമരയും അ

മ്പിളിയും, തെന്നലും ആമ്പലും എത്രതന്നെ ശപ്തങ്ങളായാലും അസുന്ദരങ്ങളാകുന്നില്ല. യഥാൎത്ഥകവികൾക്ക അവ നൂതനാല്ലേഖങ്ങളെ പ്രദാനം ചെയ്യാതിരിക്കയുമില്ല. സ്ഥിരപ്രതിഷ്ഠമാക്കുന്ന സ്വാതന്ത്ര്യം ആരബ്ധവിദ്യന്മാർ ആചരിച്ചാലുണ്ടാകുന്ന ദോഷം മലയാളസാഹിത്യത്തെ അധഃപതിപ്പിക്കുന്നതിനു ഒരു മുഖ്യകാരണമായിത്തീൎന്നിട്ടുണ്ട്. പഴയതിനെപ്പററിയുള്ള പുച്ഛമല്ലയോ ഇതിനു നിദാനം? നമ്മുടെ യുവാക്കന്മാരിലെത്ര പേർ പ്രാചീന മഹാകവികൃതികളെ ആസ്വദിച്ചിട്ടുണ്ടെന്ന് അവരവർതന്നെ മനസ്സാക്ഷിയോടു ചോദിക്കട്ടെ. ആംഗലമഹാകവികളിൽ കേളിയാളീട്ടില്ലാത്തഒരുവെള്ളക്കാരനുണ്ടോ? അനുകരണം സദ്വിഷയത്തിലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

വംഗഭാഷ നാതിചിരമായ കാലത്ത് നമ്മുടെ ഭാഷയോടൊപ്പം പ്രാകൃതാവസ്ഥയെ അവലംബിച്ചിരുന്നു. ബങ്കാളികൾക്ക സ്വതസ്സിദ്ധമായ സ്വദേശസ്നേഹം സ്വഭാഷയെ പോഷിപ്പിച്ചു. ഒന്നാമതായി അവർ അതിനു ചെയ്ത പരിശ്രമം പൂൎവസ്വത്തു മുഴുക്കെ സംഗ്രഹിക്കയായിരുന്നു. മൂലധനമില്ലാതെ വ്യാപാരം നടത്താൻ പുറപ്പെടുന്ന മൂഢത്വമവൎക്കുണ്ടായില്ല. ഗ്രാമീണജനങ്ങളിൽ നാടോടിയായി നടന്നിരുന്ന ചില്ലറ കാവ്യധനങ്ങൾ പോലും അവർ സമ്പാദിച്ച് ഉപയോഗപ്പെടുത്തി. ഇപ്രകാരം ആരാഞ്ഞുണ്ടായ സംസ്കാരം, മഹമ്മദീയരുടേയും വെള്ളക്കാരുടേയും സാഹിത്യപ്രചാരത്തോട് ഇടപെട്ടപ്പോൾ അത്ഭുതപൂൎവമായ പൊലിപ്പത്തോടു കൂടി വളൎന്നു. വംഗഭാഷയിൽ പാരദേശികരാൽ പോലും അഭിമാനിതരായ മഹാകവികളും മേധാവികളുമുണ്ടായി. മഹാകവി രവീന്ദ്രനാഥനെ അഭിനവകാളിദാസനായി ലോകമൊട്ടുക്ക പ്രശംസിക്കുന്നു. അദ്ദേഹമെഴുതുന്നതെല്ലാം സ്വന്തമായ വംഗഭാഷയിലാണ്, ആംഗലഭാഷയിലല്ല. മററു ഭാഷകൾ വംഗഭാഷാകവനങ്ങളെ തൎജ്ജമചെയ്ത് ആസ്വദിക്കാൻ ഉല്കണ്ഠിതകളായിരിക്കുന്നു. യൂറോപ്യൻ ഭാഷകളിൽ വച്ച് ഇന്നു പ്രഥമസ്ഥാനത്തെ പ്രാപിച്ചിരിക്കുന്ന ഇംഗ്ലീഷുഭാഷക്ക പോലും അതിനുള്ള അഹമഹമിക കുറവല്ല. ഇത്രത്തോളം മാഹാത്മ്യം ഇന്നു വംഗഭാഷയ്ക്കു വരാൻ നിദാനമെന്താണ്? ഗൈൎവാണിയെ ആശ്രയിച്ചുണ്ടായ ഒരു നാട്ടുഭാഷയ്ക്ക് മാതൃഭാഷയോടൊപ്പമല്ല, അതിലല്പം കവിഞ്ഞും, ഉപരിവിദ്യാഭ്യാസം നൽകാനുള്ള കെൽപ്പ് ഇത്ര ക്ഷണത്തിലുണ്ടായതെങ്ങനെയെന്നു നിങ്ങൾ ആലോചിക്കുന്നുണ്ടോ? പുരാതനസ്വത്തുക്കളെ കളയാതെ പുലൎത്തുന്നതുകൊണ്ടാണ്. കൊമ്പും കവരവുമിലച്ചില്ലുമായി പടൎന്നുവരുന്ന മഹാവൃക്ഷത്തിൻെറ മേന്മയെല്ലാം മൂലത്തിലാണിരിക്കുന്നതു്. മൂടിളകിയാൽ അതു പാടേ പതിക്കുന്നു. ചോട്ടുറപ്പിക്കാത്ത കുററമാണ് ഇന്നു മലയാളഭാഷാതരു

വിനു വന്നിരിക്കുന്ന വാട്ടം. മൂലത്തിൽ നിന്നാണ് അതിനു പരിഹാരമു ണ്ടാകേണ്ടതു്.

ശ്രീപത്മനാഭാനുഗ്രഹത്താൽ ശ്രീമൂലരാജർഷി തന്നെയാണ് നമ്മു ടെ ഭാഷയ്ക്കു ഹസ്താവലംബം നൽകിയതു്. ആ പുണ്യപുരുഷന്റെ മഹ നീയമായ ഭരണതന്ത്രത്തിൽ മുതലിച്ച പ്രാചീനഗ്രന്ഥപ്രകാശനം യശഃശ രീരനായ മഹാ മഹോപാദ്ധ്യായ പണ്ഡിത ഗണപതിശാസ്ത്രികളുടെ അ ദ്ധ്യക്ഷത്തിൻ പാശ്ചാത്യപണ്ഡിതവര്യന്മാരെപ്പോലും വിസ്മയിപ്പിച്ചിട്ടു ണ്ടെന്നു നിങ്ങൾക്ക് അറിവുള്ളതാണല്ലോ. തദനന്തരം മാതൃനിർവിശേ ഷം പ്രജാപരിപാലനം ചെയ്തുപോരുന്ന മഹാരാജ്ഞി മാതുലാരബ്ധമായ ന യത്തെ സ്ത്രീസഹജമായ ദാക്ഷിണ്യത്തോടെ നിർവഹിച്ച് മാതൃഭാഷാപോഷ ണത്തെ ചെയ്തുതരുന്ന ഭാഗ്യത്തിന് നമുക്കുള്ള നന്ദിയെ ആ തിരുമനസ്സി ലെ ആയുരാരോഗ്യാഭിവൃദ്ധിക്കായി പ്രാൎത്ഥനചെയ്തു പ്രകാശിപ്പിക്കാം. അ വിടുത്തെ നിദ്ദേശമനുസരിച്ച് ഇന്നു നാം കാണാൻ പോകുന്ന പ്രദൎശനാഗാ രത്തിൽ വേണ്ടതെല്ലാം സജ്ജീകരണം ചെയ്യുന്നതിൽ ആചാൎയ്യത്വം വഹി ച്ചിരിക്കുന്ന മഹോപാദ്ധ്യായ സാംബശിവശാസ്ത്രികളുടെ പരിശ്രമത്തിനു ള്ള അഭിനന്ദിയെ നാം ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടതാണ്.

ഒരു കാൎയ്യം നാമെല്ലാവരും ഓൎമ്മിക്കണം. പണ്ടത്തെ വിദ്വാന്മാർ ഇന്നത്തെപ്പോലെ വിളംബരം പ്രസിദ്ധപ്പെടുത്തി നടന്നവരല്ല, അകായി ലുള്ളവരേക്കാൾ കുറെക്കൂടി സങ്കോചത്തോടെ അടങ്ങിപ്പാൎത്തവരാണ്. അവരെത്തേടി ശിഷ്യഗണങ്ങൾ ചെന്നതല്ലാതെ, സ്തുതിപാഠകരെ തേടി അവർ നടന്നിട്ടില്ല. എത്ര നിർബ്ബന്ധിച്ചാലും പുറത്തിറങ്ങാത്ത കൂട്ടരെ പബ്ളിക്ക് സ്ഥലങ്ങളിൽ കൊണ്ടുവരുന്ന പ്രയത്നം ചില്ലറയല്ല. പുഴക്കളു ടേയും കൃമികളുടേയും ശല്യമുണ്ടായാലും ഇരിപ്പിടം വിടാത്ത ഈ വൽമീകജ ന്മാക്കളെ ഇവിടേക്ക് ആകൎഷിച്ചു വരുത്തുന്നതിനു ശാസ്ത്രികൾ ചെയ്തിരി ക്കുന്ന തപസ്സ് കഠിനമായിത്തന്നെയിരിക്കണം. പ്രാചീനരുമായുള്ള പഴ ക്കം തന്നെയായിരിക്കണം അദ്ദേഹത്തിന് ഈ ശക്തി നേടിക്കൊടുത്തതു്. ഏതായാലും നമുക്കിന്നീ കൂടിക്കാഴ്ച ശുഭോദൎക്കമാണെന്നു കരുതാം. എ ന്തെന്നാൽ പൂൎവ്വസ്വത്തിൽ വിലമതിക്കാൻ വഹിയാത്ത പല പണ്ടങ്ങളു മുണ്ടെന്നു് ഇന്നുള്ളവൎക്കു ബോധമുണ്ടായാൽ അവയെ നേടാൻ മോഹം ജ നിക്കാതിരിക്കയില്ലല്ലോ. മോഹം പ്രയത്നോന്മുഖമാണ്. വിശേഷിച്ചു കുടുംബ മുതൽ ഭാഗിച്ചു കിട്ടണമെന്നു മുറവിളികൂട്ടുന്ന ഇക്കാലത്തു്, സ്വത്തു ണ്ടെന്നു കണ്ടാൽ അതേതു വിധവും സ്വാധീനമാക്കണമെന്നുള്ള ഉത്സാ

ഹം ചെറുപ്പക്കാർക്ക് വരാതിരിക്കയില്ലല്ലോ. കന്നിനെ കയം കാണിക്കരുതെന്നുള്ള പഴമൊഴി സാഹിത്യവിഷയത്തിൽ അനുഷ്ഠിക്കേണ്ടതില്ല. ഒരു കരുതൽ മാത്രമെ കൊടുക്കേണ്ടതുള്ളു. പണ്ടുള്ളവർ പണ്ടങ്ങളെ കുഴിച്ചു വച്ചിട്ടുള്ളവരാണ്. പുറമെ കണ്ടാൽ ഒന്നുമില്ലെന്നു ധരിച്ച് അവയെ ധിക്കരിച്ച് വായ്പ വാങ്ങി കാലക്ഷേപം ചെയ്വാൻ തുനിയുന്നതു സാഹസമായി വരും. കടം കൂടുന്തോറും കയ്യിലുള്ളതും പോയി കുത്തുപാളയെടുക്കേണ്ടി വരും. മലയാളി എത്രതന്നെ ധ്വരവേഷം ധരിച്ചാലും ധ്വരയായി തീരുമെന്നു ശങ്കിക്കേണ്ട. പാരമ്പര്യം എത്രതന്നെ തുത്തുകളഞ്ഞാലും നിഴൽ പോലെ എന്നും നമ്മെ അനുധാവനം ചെയ്യും. . ചിത്തവൃത്തിയുടെ വൈജാത്യം വേഷംകൊണ്ടു മാഞ്ഞുപോകുന്നതല്ല. പുറമെ നിന്നു ലഭിക്കുന്ന വളം കൊണ്ടാണല്ലൊ വളർച്ച് വരേണ്ടതെന്നു നിങ്ങൾ ചോദിക്കുന്നോ? ശരിതന്നെ; മറുഭാഷകളിലെ സാരങ്ങളെ നാം ഗ്രഹിക്കേണ്ടതു തന്നെ; പക്ഷെ അവയെ സാംസ്കരിച്ചു സ്വാധീനമാക്കണം. ജഡങ്ങളായ ഉദ്ഭിജങ്ങൾപോലും അതു നമ്മെ കാട്ടിത്തരുന്നുവല്ലോ. വിദേശച്ചരക്കുകളെ സ്വന്തമാക്കാനുള്ള വശതയുണ്ടെങ്കിലല്ലാതെ പ്രയോജനപ്പെടുകയില്ല. വിദേശരത്നങ്ങളെ സ്വദേശ കേവണത്തിൽ കെട്ടി ഭാഷായോഷയെ അലങ്കരിച്ചെങ്കിൽ മാത്രമേ ഭംഗിയുണ്ടാവൂ; എരവൽ വാങ്ങിയണിയിച്ചാൽ കുറച്ചിലാണ്. ഏതു വൻഭാഷയുടെ അഭിവൃദ്ധിയുമപ്രകാരമാണുണ്ടായിരിക്കുന്നത്. ഭാഷയുടെ എന്നുമാത്രം പറഞ്ഞാൽ പോരാ; സമുദായങ്ങളുടെ ഉൽഗതിതന്നെ അതുകൊണ്ടുണ്ടായിട്ടുള്ളതാണെന്നു ചരിത്രപ്രസിദ്ധമാകുന്നു. അതുകൊണ്ട് ഭഷാഭിമാനികളായ നിങ്ങൾ, പാരമ്പര്യസിദ്ധമായ വൈദുഷ്യത്തിൽ അടിയുറപ്പിച്ച്, ആ നില വിടാതെ മററു സ്വത്തുക്കളെക്കൂടി സ്വാധീനമാക്കി പോഷണം വരുത്തി വ്യാപാരംചെയ്തു്, സ്വഭാഷയെ സഹോദരികളോടൊപ്പം ധനവതിയാക്കണമെന്നാണു പ്രദർശനമഞ്ചസ്ഥരായിരിക്കുന്ന മഹാന്മാരുടെ മുഖ്യപ്രാർത്ഥന. ശേഷമുള്ള വരങ്ങളെ അവർതന്നെ നിങ്ങളോടരുളിച്ചെയ്യും. സാഹിതീസ്വയംവരത്തിനു വട്ടമെല്ലാം തയാറായിരിക്കുന്നു. മഹാന്മാരായ കവിസാമ്രാട്ടുകൾ യഥാവിധി പൂജിതരായി മഞ്ചത്തിൽ ഉപവിഷ്ടരായിട്ടുണ്ട്. അവരുടെ അപദാനങ്ങളെ വർണ്ണിക്കുന്നതിന് വന്ദികളും നിയുക്തരായിട്ടുണ്ട്. വാതിൽ ഇതാ തുറന്നിരിക്കുന്നു. പ്രദർശനമണ്ഡപത്തിൽ പ്രവേശിച്ച് കാവ്യകലാവിലാസങ്ങളെ യഥാവസരം കണ്ടാനന്ദിക്കാൻ നിങ്ങളെ ക്ഷണിച്ചുകൊണ്ട് എൻെറ ഇന്നത്തെ പാട്ടുമുത്തായിപ്പിക്കാം.

# * ഭാഷയുടെ ശ്രേയോമാർഗ്ഗങ്ങൾ

(രാമവർമ്മ അപ്പൻതമ്പുരാൻ)

തരത്തലന്താനലന്തവിലന്തപ്പൊന്നിൻ
തനകചെന്താർവിരുന്തമലർബാണന്തൻെറ
കരമരിന്തപെരിന്താനവന്മാരുടെ
കരമരിന്തപുരാനെമുരാരികാൺത്ര
ഒരുവരന്താപരന്താമമെനികനി-
ന്നുരകചായിപിണിപ്പാർപ്പനിന്തവണ്ണം
ചിരതരന്താംപണിന്തേനയ്യോതാങ്കെന്നെ
തിരുവനന്താപുരം തങ്കുമാനന്തനെ.

മഹാജനങ്ങളെ!

ശ്രീപത്മനാഭസ്വാമിയുടെ അത്യന്ത സന്നിധാനത്തിൽ, ശ്രീപത്മനാഭദാസഭൃതന്മാരായ കേരളഭോജരാജാക്കന്മാരുടെ തലസ്ഥാനത്തു്, കൈരളീമണ്ഡലത്തിൻെറ കേന്ദ്രസ്ഥാനത്തു കൂടിയിരിക്കുന്ന ഈ പണ്ഡിതമണ്ഡിതമായ മഹാപരിഷത്തിൽ സന്നിഹിതനാവാൻ സംഗതിയായാൽ അതുതന്നെ,

'രാമാനുജാഞ്ചിതരാജധാനിസൽക്കരിച്ചേകിയ
രോമാഞ്ചക്കുപ്പായമീറന്നായി ചെഞ്ചമ്മേ
സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടുകുചേല
ചോമാതിരിക്കതു ചുമടായിച്ചമഞ്ഞു
ഭക്തിയായകാററു കൈകണക്കിലേറവുപെരുകിയ
ഭാഗ്യപാരാവാരഭംഗപരമ്പരയാ
ശക്തിയോടുകൂടിവന്നു മാറിമാറിയെടുത്തിട്ടു
ശാർങ്ങിയുടെ പുരദ്വാരംപൂകിക്കപ്പെട്ടു-'

എന്നു കുചേലൻെറ ദ്വാരകാപുരീപ്രവേശം വാരിയർ വർണ്ണിച്ചിട്ടുള്ളതുപോലെ ഭാഗ്യപാരാവാരഭംഗപരമ്പരയുടെ പരമാവധിയായിട്ടാണു ഞാൻകരുതുന്നതു്. അങ്ങിനെ ഇരിക്കെ ഇങ്ങിനെയുള്ള ഒരു സാഹിത്യസമ്മേളനത്തിൽ, പാവനമായ ഈ ഭാഷായജ്ഞത്തിൽ, മഹത്തരമായ ഈ കൈരളീസത്രത്തിൽ, ക്രിയാസ്ഥാനത്തിന്നുകൂടി അർഹനെന്ന നിലയിൽ അവകാശം

* സാഹിത്യപരിഷത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം

ലഭിച്ചാൽ അതുകൊണ്ടുണ്ടാകുന്ന കൃതാൎത്ഥത എങ്ങിനെ ഞാൻ വൎണ്ണിക്കും! കൃതാൎത്ഥതയുടെ ഉൽക്കടകോടിയിലുളവാകുന്ന മനോവികാരങ്ങളെ എങ്ങിനെ ഞാൻ വാക്കുകളെക്കൊണ്ടു പ്രത്യക്ഷപ്പെടുത്തും! ഇത്രയും വലുതായ ഒരു മാന്യതക്കു വഴി തെളിച്ചുതന്ന മാന്യമഹാകവി ഉള്ളൂർ പുരസ്സരന്മാരായ സ്വാഗതസംഘാംഗങ്ങൾക്കും, ആ മാന്യത സുലഭവും സുഖകരവും ആക്കിത്തന്ന മഹാറാണിറീജൻറു തിരുമനസ്സിലെ ഔദാൎയ്യമഹിമക്കും, ആതിഥ്യമാധുൎയ്യത്തിനും, "മയ്യേവജീൎണ്ണതാം യാതുയത്വയോപകൃതം" എന്നു ശ്രീരാമദേവൻെറ അരുളപ്പാടിനെ അനുകരിക്ക മാത്രമേ ഗതി കാണുന്നുള്ളു. എന്നല്ലാ, ആ മഹദ്വചനത്തെ അനുസ്മരിക്കുവാൻ മാത്രമെ എനിക്കു ശക്തിയുള്ളു.

എന്നാൽ, ആ മാന്യതയോടു കൃത്യഗൗരവത്തെ തട്ടിച്ചു നോക്കുമ്പോഴാണു, സ്ഥാനത്തു കയറുമ്പോൾ ഭാരവും കൂടെ പേറേണ്ടിവരുമ്പോഴാണ്, ധൎമ്മസങ്കടത്തിൽ പെട്ടുപോകുന്നത്.

കിശോരവൽഗുരുംഭാരം
നവോഢാമഹമുത്സവേ-

എന്നു നിരാശപ്പെടത്തക്കവണ്ണം അത്രയും ഗുരുതരമായ ഒരു ചുമതലയായിട്ടാണ്, എൻെറ കൃത്യത്തെ ഞാനിപ്പോൾ കാണുന്നത്.

കേരളത്തിലെ സാഹിത്യസങ്കേതത്തിൽ നടക്കുന്ന സമസ്തകേരളസാഹിത്യസത്രത്തിലെ മുതൽപന്തിയിൽ ഇരുന്നു മുതൽ മുറ നടത്തുവാൻ മാത്രമല്ല, പ്രതിഷ്ഠാപിതമായി കണ്ടാൽ കൊള്ളാമെന്നു ഭാഷാപ്രണയികൾ ആഗ്രഹിക്കുന്ന കേരളസാഹിത്യപരിഷത്തിലെ അദ്ധ്യക്ഷപദവിക്കുള്ള ഭാരം കൊണ്ടുനടക്കുവാനും ചുമതലപ്പെട്ടുനായിട്ടാണ് ഇരിക്കുന്നത്.

ഭാഷയുടെ ശ്രേയസ്സാണ് ഈ ഇരുകൃത്യങ്ങൾക്കും ഇണങ്ങിയ വിഷയം എന്നു ഞാൻ കരുതുന്നു. ശ്രേയോമാൎഗ്ഗങ്ങളെ തേടുമ്പോൾ പരിഷത്തിൻെറ നിയമാവലിയിൽ ആ മാൎഗ്ഗങ്ങളെ എട്ടു ഗണങ്ങളായി വക തിരിച്ചിട്ടുള്ള ഗണാഷ്ടകം തന്നെയാണ് എൻെറ ഓൎമ്മയിൽ മുമ്പു വരുന്നത്. അതായതു് ൧ ഗവേഷണം, ൨ സംഭരണം, ൩ നിൎമ്മാണം. ൪ പ്രസാധനം, ൫ മുദ്രണം, ൬ വിമർശനം, ൭ പ്രവൎത്തനം ൮ പ്രചാരണം; ഈ എട്ടു വൎഗ്ഗങ്ങളിൽ എല്ലാ അംശങ്ങളെക്കാളും ഗവേഷണത്തിനു തന്നെയാകുന്നു പ്രാധാന്യം കല്പിക്കേണ്ടതു്. നിഘണ്ഡു, നിരുക്തം, ഭാഷാചരിത്രം, സാഹിത്യചരിത്രം, സാഹിത്യകലാചരിത്രം, കേരളകലാചരിത്രം, രാജ്യചരിത്രം, സമുദായചരിത്രം എന്നിവയെ പരാമൎശിക്കുന്ന ഗ്രന്ഥങ്ങൾ ശരിയായും സമഗ്രമായും ഉണ്ടാക്കുവാനുള്ള സാമഗ്രികൾ ഒട്ടു വളരെ ഗവേഷണം ചെയ്തു സമ്പാദിക്കേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

ഭാഷാനിഘണ്ടുക്കൾ പഴയ വകയും പുതിയ വകയും ആയി ഇപ്പോൾ നടപ്പിൽ ഉള്ളവയെ പരിശോധിക്കുന്നതായാൽ ഗവേഷണക്ലേശം പ്രകാശിപ്പിക്കുന്നതായും കേരളഭാഷയുടെ കരൾ കണ്ടിട്ടുള്ളതായും മലയാണ്മക്കു മതിക്കുന്നതായും ഇള്ള ഒരു നിഘണ്ടു മഹാനുഭാവനായ ഗുണ്ടൎട്ട്സായ്പിൻേറതാണെന്നു വിധിക്കുവാൻ ഭാഷാപ്രണയികൾ ആരും മടിക്കുമെന്നു തോന്നുന്നില്ല. എന്നാൽ അദ്ദേഹം വിദേശീയ ധനസഹായത്തിനും വിദേശീയരുടെ കാൎയ്യസാദ്ധ്യത്തിനും വശഗനായിത്തീൎന്നതിനാൽ മലയാള വാക്കുകളുടെ അൎത്ഥം ആംഗ്ലഭാഷയിൽ കുറിക്കേണ്ടതായിവന്നു. എന്നല്ല വൈദികം, സ്മാൎത്തം, താന്ത്രികം മുതലായി ബ്രാഹ്മണരുടെ ഇടയിൽ നടപ്പുള്ള ചില പ്രത്യേക ശബ്ദങ്ങൾ ഗുണ്ടൎട്ടിനു സംഭരിക്കുവാൻ സൌകൎയ്യമില്ലാതെ പോയി. ഒടിക്കുക, കത്തുക, കരുത്തരേഫം, വെളുത്തരേഫം താണ്ട് തുടങ്ങിയ വൈദിക ശബ്ദങ്ങൾക്ക് ആ നിഘണ്ടുവിൽ കടന്നുകൂടുവാൻ തരം വന്നില്ല. തന്ത്രികളുടേ ശുൽക്കംചെയ്യലും വഴുതിപ്പോയി. തച്ചുശാസ്ത്രസംബന്ധമായുംമററും നാടോടികളായ, തിരണ, കൊണിതം, കണ, മുതലായ തൊഴിലാളിവാക്കുകളാകട്ടെ ഗുണ്ടൎട്ടിൻെറ പിടിയിൽ പെടാതെ പോയി. അങ്ങിനെ പററിയതു ഗുണ്ടൎട്ടിൻെറ ഉത്സാഹക്കുറവുകൊണ്ടോ അനവധാനതകൊണ്ടോ ആണെന്ന് ഒരിക്കലും ശങ്കിക്കരുതെ; സൌകൎയ്യക്കേട് ഒന്നുകൊണ്ടു മാത്രമാകുന്നു.

ഉള്ളിൽവെന്തുരുകുംലോക-
ക്കല്ലൽതീൎപ്പാനൊരൌഷധം
നല്ലതിന്നായ് വണങ്ങുന്നേൻ
ചെല്ലൂർനാഥംസദാശിവം.
തന്ത്രമായസമുദ്രത്തി-
ന്നന്തയാനൈകപോതകം
ചിന്തയേപാണ്ഡരംഗാഖ്യം
സന്തതംതാൻഗുരൂത്തമം.
തന്ത്രീണാംമന്ദബുദ്ധീനാം
വ്യക്തമായറിവാനിഹ
പ്രതിമാസ്ഥാപനാദീനാം
എളുതായവിധംബ്രുവേ.

എന്നാദിയായ "പൊടോരു" ഭാഷ മുതലായ തന്ത്രഗ്രന്ഥങ്ങൾ സായ്പിനു തൊട്ടുനോക്കുവാൻ സാധിച്ചില്ല.

ലക്ഷണങ്ങൾവിചാരിച്ചു
തൽക്ഷണംപറയുന്നുഞാൻ

വീക്ഷണംചെയ്യിലീശാസ്ത്രം
ലക്ഷണജ്ഞാനിയായ് വരും.
ഖഡ്ഗലക്ഷണമാദരാഞാൻ
ചൊല്ലുന്നേൻമുനികല്പിതം
അമ്പതംഗുലദീഘംരമത്
സമ്പത്തിദന്നററമുത്തമം.

എന്ന് ഖഡ്ഗാദിലക്ഷണങ്ങളെ വിവരിക്കുന്ന 'കുളകാണ്ണവം' 'മമ്മവിധി' എന്ന ഭാഷാവൈദ്യഗ്രന്ഥം, 'മണ്ഡലചരിതം' എന്ന ഭാഷാഗദ്യത്തിലുള്ള വേദാന്തഗ്രന്ഥം, 'തൈത്തരീയഭാഷ' മുതലായ ചടങ്ങുഗ്രന്ഥങ്ങൾ,

മാതംഗലീലപറയുന്നതറിഞ്ഞുകൂടാ-
ഞ്ഞാതങ്കശാലിഷുമനോജ്ഞമണിപ്രവാളൈ
മാലോല്പലൈരിവകൃതാമധുപേഷുസൈഷാ
ലീലാപ്രകാശികനിവാദിഷുകഃശികേവ.

എന്ന മാതംഗലീലഭാഷ, "തിരുവുള്ളപ്പയർ" എന്ന കുറൾതജ്ജിമ, മാധവീയഭാഷ, "വിശപ്പത്തെ മുഴവനേ ചമക്കുന്ന ആശാരിയായി എല്ലാററയും അഴകതായി ചമക്കുന്നോടത്തെ വൈദഗ്ദ്ധ്യം സ്വതവേ ഉണ്ടായിരിക്കുന്ന ബ്രഹ്മനെ നമസ്കരിച്ച്" ചമച്ചിട്ടുള്ള തച്ചുശാസ്ത്രം, "സംഭാരങ്ങളെല്ലാം ഉളവാക്കി ആയിത്താൻ വരുമാറുകണ്ട്" ചെയ്യേണ്ടതായ "അഗ്നിഷ്ടോമം" എന്നീവക ഗ്രന്ഥങ്ങൾ അന്നു സായ്പിൻെറ ദൃഷ്ടിയിൽ ഏശക്കാതെ മൂടിവയ്ക്കാനേ ആളുകൾ ഉണ്ടായിരുന്നുള്ളൂ.

സംഭരണം:-

നമ്മുടെ കേരളത്തിൽ മഹാനുഭാവന്മാർ കാലാകാലാന്തരമായി പ്രയത്നപ്പെട്ട് ശേഖരിച്ചിട്ടുള്ള ഈവക സാമഗ്രികൾ ഇരുട്ടറകളിൽനിന്നും ചിതലിൻെറ അധീനത്തിൽനിന്നും രക്ഷപ്പെടുത്തി പ്രകാശത്തിൽ കൊണ്ടുവന്നു ലോകത്തിനും ഭാഷക്കും ഉപകാരപ്രദമാക്കിത്തീക്കുകയാണു നമ്മുടെ പ്രഥമവും പ്രധാനവുമായ കൃത്യം.

പൊന്നുകെട്ടിയ വടിയും പൊന്നു പിച്ചാങ്കത്തിയും എഴുത്താണിയും വെള്ളക്കുപ്പായവും കുടയും ഉറുമാലും ആയി നടക്കുന്ന കണക്കൻ, രണ്ടുകൈക്കും വീരച്ചങ്ങല, വിരുത്, തോട്ടിക്കട്ടുകൻ, പൊന്നുംകാവുവാള്, പൊൻഎഴുത്താണി, പിച്ചാങ്കത്തി, പൊന്നുകെട്ടിയവടി, പുലിത്തോല്പരിച, വെള്ളക്കുപ്പായം, തലപ്പാവ്, നടയും, കുടയും, വടിയും, നെടിയകുട, ചങ്ങലവട്ട, ആലവട്ടം, വെൺചാമര, വാദ്യം മുതലായ സ്ഥാനമാനങ്ങളോടുകൂടി ഞെളിഞ്ഞു നിൽക്കുന്ന അരവൻ (അരയൻ) തോട്ടിക്കട്ടുകൻ ഇട്ടു കുണുങ്ങുന്ന മൂപ്പൻ, രൂപാകൊത്തിയ വളയും, മുമ്പിൽ പരിചയുമായി പി

നിൽ വരുന്ന കുറുപ്പൻ, മഞ്ചലുകേറി മലൎന്നുകിടക്കുന്ന പാണ്ടിപ്പണിക്കൻ, വൻപും മുമ്പുംകെട്ടി ദീപട്ടി, പന്തക്കിഴ, കുത്തുവിളക്കുമായി കല്ലന്മാരിൽ മുമ്പൻ ചൊന്നാര് കുതിരകയറുവാൻ അധികാരത്തോടുകൂടിയ കോവിൽ ത്തണ്ടാൻ കവന എഴുത്തു, മൗലോളു മുതലായ അടിയന്തിരങ്ങൾക്കു അധി കൃതനായ കാതിയാർ മുതൽപേരുടെ വേഷങ്ങൾ പുറത്തു വരുന്നതായാൽ അതുകൊണ്ട് സമുദായചരിത്രത്തിനും ചരിത്രാഖ്യായികകൾക്കും എത്രത്തോ ളം ഉപകാരമായിരിക്കുമെന്ന് ആലോചിച്ചാൽ സ്പഷ്ടമാകുന്നതാണ് ... ...
... ... ... ... ... ... ... ...

നിൎമ്മാണം സൃഷ്ടിപരമായ ഒരു ജോലിയാകുന്നു. അതിലേക്കു മനസ്സിനു സ്വൈരവും സമാധാനവും ആവശ്യമുണ്ട്. ഈ സ്വൈരവും സമാധാന വും ലോകത്തുനിന്നു മറയാൻപോകുന്നതായി ഞാൻ കാണുന്നു. എത്രകാ ലത്തെ പ്രയത്നഫലമായിട്ടാണു 'തത്വമസി' എന്ന വാക്യാമൃതം സംസാര സാഗരത്തിൽനിന്നും കടഞ്ഞെടുത്തത്! സാധു സരസ്വതി ഒരിടത്ത് അട ങ്ങി ഒതുങ്ങി ഇരിക്കുവാൻ മോഹിക്കുന്നു. ലക്ഷ്മിയാകട്ടെ ഒരിടത്തും ഇരി ക്കാതെ എപ്പോഴും ഓടിനടക്കുന്നു. അതിനാൽ അവൎക്കു രണ്ടുപേൎക്കും പ രസ്പരം ഇഷ്ടം ഉണ്ടാവുകയില്ല. ലക്ഷ്മി വേണമെങ്കിൽ സരസ്വതിയെവ ശത്താക്കാൻ ബദ്ധപ്പെടണമെന്നില്ല. സരസ്വതിവശഗയാകണമെങ്കിൽ തീൎച്ചയായും ലക്ഷ്മിയെ ഉപേക്ഷിക്കതന്നെ വേണം. ഇന്നു പ്രസാധന ത്തിൽ ഏൎപ്പെട്ടിരിക്കുന്നവരെല്ലാംതന്നെ കച്ചവടക്കാരാകുന്നു. ലക്ഷ്മിയെ കൈക്കലാക്കാൻ വേണ്ടിയാണ് അവർ സരസ്വതിയോടടുക്കുന്നത്. മുദ്ര ണവും ഏതാണ്ടങ്ങിനെയൊക്കെത്തന്നെയാണ്. 'അക്ഷരാഭ്യാസം' മാത്ര മുള്ള കമ്പോസിററർമാർ കാണിക്കുന്ന ഗോഷ്ടികൾ വളരെ വിശേഷപ്പെട്ട വയാകുന്നു, രാമൻെറ രാ, കൃഷ്ണൻെറ ഷ്ണ, എന്നിങ്ങനെയാണു അവർ അ ക്ഷരങ്ങളുമായി പരിചയപ്പെടുക. വിമൎശനത്തെ സംബന്ധിച്ച് ഒരക്ഷരം പോലും ഈ അവസരത്തിൽ പറയുവാൻ നിവൃത്തിയില്ല. പത്രപ്രവൎത്ത നത്തിലേൎപ്പെടുന്നവരെപ്പററി എനിക്കൊന്നുമാത്രമെ പറവാനുള്ളു. അ തു ഭാഷയുടെ ഗതി അവരൊന്നു മനസ്സിലാക്കിയാൽ കൊള്ളാമെന്നു മാത്ര മാകുന്നു. വല്ലതും കടം വാങ്ങേണ്ടതായി വന്നാൽ പാശ്ചാത്യരുടെ നേരെ ഓടാതെ അടുത്തുള്ള മററു നാട്ടുകാരോടു ചോദിച്ചു വാങ്ങുന്നതു നന്നായിരി ക്കും. ഫഫവ്വ മാസികകൾ ഞാൻ ഇതേവരെ കണ്ടുകഴിഞ്ഞിട്ടുണ്ട്. ൻ എണ്ണത്തിൻെറ പേരുകൾ കേട്ടുകഴിഞ്ഞിട്ടുണ്ട്. ഇങ്ങിനെ വൎദ്ധിച്ചുകൊ ണ്ടിരിക്കുന്ന സ്ഥിതിക്കു ഇവയുടെ പ്രവൎത്തനത്തെസംബന്ധിച്ച് അല്പം ശ്ര ദ്ധിക്കുന്നതു നന്നായിരിക്കുമെന്നുദ്ദേശിച്ചു ഞാൻ പത്രാധിപന്മാരുടെ ഒരു

യോഗം കൂട്ടുവാൻ നാലുതവണ ശ്രമിക്കുകയുണ്ടായി. എന്നാൽ സ്വാർത്ഥപരന്മാർ മാത്രമാണെന്നു കാണുവാൻ കഴിയുകയാൽ സ്വയം ആ ഉദ്യമത്തിൽനിന്നു പിൻവാങ്ങേണ്ടതായി വന്നു.

... ... ... ... ... ...

പുരുഷദ്രവ്യസമ്പത്ത്, ലാഭോപായം, ഇഷ്ടപ്രാപ്തി, വിപത്തിപരിഹാരം, ലബ്ധപ്രതിഷ്ഠ, എന്നിങ്ങനെ അഞ്ചു കാര്യമാണു ലഭിക്കേണ്ടതായിരിക്കുന്നത്.

... ... ... ... ... ...

സ്വരാജ്യസ്നേഹംകൊണ്ടു സ്വപ്രതിപത്തി ഉണ്ടായിരിക്കുന്ന കാലമാണിത്. സർവകലാശാലയുടെ സഹായവും നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഭാഷാപ്രണയികൾ മനസ്സുവെച്ചുത്സാഹിക്കുന്നപക്ഷം മാതൃഭാഷയെ ഒരുന്നതനിലയിൽ എത്തിക്കാം.

# അദ്ധ്യാപകൻെറ സമയവിനിയോഗം

തുടച്ച്.

(ഹെഡ് മിസ്ട്രസ്സ് പി. ററി. ചെല്ലമ്മ)

## ൧. ആരോഗ്യസംരക്ഷണം സംബന്ധിച്ചുള്ള കൃത്യങ്ങൾ:—

തൻെറ ജോലി തൃപ്തികരമായി നടത്തണമെങ്കിൽ അദ്ധ്യാപകൻ തൻെറ ആരോഗ്യത്തെ സംരക്ഷിക്കണം. 'ശരീരമാദ്യം ഖലുധർമ്മസാധനം' എന്നുള്ള മുദ്രാവാക്യത്തെ അദ്ധ്യാപകൻ ഒരിക്കലും വിസ്മരിക്കരുത്. ക്ലാസ്സുപരിശോധനയേയൊ, സ്കൂൾഭരണത്തേയൊ, അപേക്ഷിച്ച് ക്ലാസ്സിൽ ചെയ്യുന്ന ജോലി, ദേഹത്തെ കൂടുതൽ ക്ഷീണിപ്പിക്കുന്നു. ക്ലാസ്സിലാകട്ടെ വളരെ സമയത്തേയ്ക്കു് ഒരേ കാര്യത്തിൽ തന്നെ തുടച്ചയായി ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. അദ്ധ്യാപകൻ തൻെറ ശക്തിയെ വേണ്ടവിധം സംരക്ഷിക്കയും, ഏററവും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട സന്ദർഭങ്ങളിൽ ഉപയോഗിക്കാനായി സൂക്ഷിക്കയും, ചെയ്യേണ്ടതാണ്. ഒന്നാമതായി വേണ്ടിടത്തോളം നിദ്ര അദ്ധ്യാപകനു ആവശ്യമുണ്ട്. പാഠങ്ങൾ തയാറാക്കാനുള്ള താല്പര്യം ഉറങ്ങാനുള്ള സമയത്തെ ബാധിക്കാതിരിക്കേണ്ടതാണ്. വ്യായാമവും, അവന് ഒഴിച്ചുകൂട്ടുന്നതല്ല. വൈകുന്നേരം അഞ്ചുമണി മുത

ൽ ആറുമണി വരെ തുറസ്സായ സ്ഥലത്തു് വ്യായാമം ചെയ്യണം. ഉറക്കവും വ്യായാമവും കഴിഞ്ഞാൽ ഏററവും പ്രധാനമായ കാര്യം ആരോഗ്യകരമായ ഭക്ഷണമാണ്. മാനസികവ്യായാമം ചെയ്യുന്നവക്ക് ഉച്ചയ്ക്കുള്ള ഭക്ഷണം ലഘുവായിരിക്കണമെന്ന് ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. മററു വിധത്തിലുള്ള സുഖഭക്ഷണം ജോലിയുടെ അവസാനത്തിൽ ആയിരിക്കുന്നതാണു നല്ലതു്. സ്കൂൾജോലിയും വിശ്രമവും കഴിഞ്ഞു് വൈകുന്നേരം സുഖഭക്ഷണം ചെയ്യുന്ന ആൾക്കു്, രാത്രിയിൽ ചെയ്യേണ്ട ജോലിക്കു മുൻമ്പു് ദഹനേന്ദ്രിയങ്ങൾക്കു സ്വസ്ഥമായി പ്രവത്തിക്കാൻ രണ്ടു മണിക്കൂർ സമയമെങ്കിലും കിട്ടുന്നതാണ്.

ന. പൌരസംബന്ധമായ കൃത്യങ്ങൾ അഥവാരാഷ്ട്രീയകൃത്യങ്ങൾ:—

പൌരന്മാർ എന്ന നിലയിലും അധ്യാപകൻ ചെയ്യേണ്ട പല കൃത്യങ്ങളും ഉണ്ടു്. ആദശ്രൂപത്തിലുള്ള ജനസമുദായഭരണമെന്നതു് പൊതുജനങ്ങൾ നേരിട്ടു നടത്തുന്ന ഭരണമല്ല. ജനങ്ങൾ പൂണ്ണമായി വിശ്വസിക്കുന്നവരും, ജനങ്ങളോട്ട് ഉത്തരവാദികളും ആയ വിദഗ്ദ്ധന്മാർ നടത്തുന്ന ഭരണമാണ്. അതുകൊണ്ടു് ഒരു ജനസമുദായത്തിൻെറ ജോലികളിൽ മറെറല്ലാം പ്രത്യേകവിദഗ്ദ്ധന്മാർ നടത്തുകയും രാജ്യഭരണകാര്യങ്ങൾ മാത്രം പരിചയം കുറഞ്ഞവരെ ഏല്പിക്കയും ചെയ്യുന്നതു് ശരിയല്ല. ഒരു മഹാൻ ഇപ്രകാരം പറയുന്നു,

(It is inconsistent to leave Governmental functions to amateurs, when every other department of the division of labour is in the hands of specialists)

എന്നാൽ ഈ ആദശം വിദൂരസ്ഥിതമാണ്. ആയതു് ഫലപ്രാപ്തിയിൽ എത്തുന്നതുവരെ, ഓരോ പൌരനും തൻെറ ശക്തിയിലും സമയത്തിലും ഏതാനും ഭാഗം രാജ്യഭരണകാര്യങ്ങളിലും വിനിയോഗിക്കേണ്ടതാണ്. അദ്ധ്യാപകനും ഇതിനു വ്യത്യസ്ഥമല്ല. അദ്ധ്യാപകവൃത്തിയിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും ഇപ്പോൾ ധാരാളം ഏപ്പെട്ടിട്ടുണ്ടല്ലോ. സ്ത്രീകൾക്കു് രാഷ്ട്രീയകാര്യങ്ങളിൽ നേരിട്ടുള്ള പ്രേരണാശക്തി കുറവാണെന്നിരുന്നാലും, തൽസംബന്ധമായ പ്രസ്ഥാനങ്ങളിൽ താല്പര്യം പ്രദശിപ്പിക്കയും പൌരഗുണങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ വധിപ്പിക്കുന്നതിന് അവരാൽ സാധിക്കാവുന്നിടത്തോളം പ്രേരണാശക്തി ഉപയോഗിക്കയും ചെയ്യാവുന്നതാണ്. പൌരന്മാരുടെ ഗുണത്തിനായിട്ടുള്ള യോഗങ്ങളിൽ സ്ത്രീകളുടെ - പ്രത്യേകിച്ച് അദ്ധ്യാപകവൃത്തിയിൽ ഏപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ -

സാന്നിധ്യവും പ്രേരണാശക്തിയും ഉണ്ടായിരിക്കണം. അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെ കാര്യം പ്രത്യേകം പറയണമെന്നില്ലല്ലോ. ലോകചരിത്രം സൂക്ഷിച്ചു നോക്കിയാൽ, അധ്യാപകരുടെ പരിശ്രമം കൊണ്ടാണ്, പല സന്ദർഭങ്ങളിലും തെരുവുകൾ വൃത്തിയാക്കി സൂക്ഷിക്കുക, ഭംഗിയുള്ള കെട്ടിടങ്ങൾ പണിയിക്കുക, ഉദ്യാനങ്ങൾ ഉണ്ടാക്കുക, നികുതി കുറയ്ക്കുക മുതലായ മുൻസിപ്പൽ പരിഷ്കാരങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് കാണാം. പബ്ലിക്ക് സ്കൂൾ അധ്യാപകന്മാരുടെ പരിശ്രമം മൂലം ലോകത്തിനുണ്ടായിട്ടുള്ള ഗുണഗണങ്ങൾ നിസ്സീമമാണ്. അധ്യാപകന്മാർ പൌരകൃത്യങ്ങളിൽ ഏർപ്പെട്ട് അവരുടെ അഭിപ്രായങ്ങളെ പ്രകടിപ്പിക്കുന്നതു് അവരുടെ സ്കൂളുകൾക്കു തന്നെ ഗുണകരമായിത്തീരുന്നതാണ്. ഇതുകൊണ്ട്, പൊതുജനങ്ങൾക്കു സ്കൂളിനെപ്പററി കൂടുതൽ ബഹുമാനം ഉണ്ടാകയും വിദ്യാൎത്ഥികളുടെ ദൃഷ്ടിയിൽ സ്കൂളിൻെറ പ്രാധാന്യം വൎദ്ധിക്കയും ചെയ്യുന്നു.

പൌരന്മാൎക്കുണ്ടായിരിക്കേണ്ട ഗുണങ്ങളെ സംബന്ധിച്ച് ശരിയായ ആദൎശങ്ങൾ വിദ്യാൎത്ഥികളിൽ ജനിപ്പിക്കുന്നതു് അധ്യാപകന്മാരുടെ ചുമതലകളിൽ ഒന്നാണെന്ന് അവർ മറക്കാൻ പാടില്ലാത്തതാണ്. സദാചാരസംബന്ധമായുള്ള എല്ലാ ആദൎശങ്ങളും ബാല്യത്തിലും യൌവനത്തിലും മുളച്ചുവരേണ്ടവയാണെന്നുള്ള തത്വം അധ്യാപകർ വിസ്മരിക്കരുതു്. പരിഷ്കാരങ്ങൾ മുകളിൽനിന്നു തുടങ്ങാവുന്നതാണെങ്കിലും, അവ സ്ഥിരമായിരിക്കണമെങ്കിൽ പൌരന്മാരാകാൻ പോകുന്ന വിദ്യാൎത്ഥികൾ, അവയുടെ ആവശ്യം മനസ്സിലാക്കിയിരിക്കണം. രാഷ്ട്രീയസംബന്ധമായും സമുദായസംബന്ധമായും വാണിജ്യസംബന്ധമായുമുള്ള ആദൎശങ്ങൾ മാറിമാറിക്കൊണ്ടിരിക്കുന്നെങ്കിലും, പ്രായം ചെന്ന സ്ത്രീപുരുഷന്മാരുടെ നടത്തയിൽ അവ വലിയ മാററം വരുത്തുന്നില്ല. ഇവർ പരിഷ്കാരങ്ങളുടെ ആവശ്യകതയെ സമ്മതിക്കുമെങ്കിലും, ഇവരുടെ സ്ഥിരമായിപ്പോയ ശീലങ്ങളെ പെട്ടെന്നു മാററാൻ ഇവൎക്കു സാധിക്കുന്നില്ല. പുതിയ പരിഷ്കാരങ്ങൾ ആവശ്യമാണെന്നു എത്ര വേണമെങ്കിലും അവർ സമ്മതിക്കും. എന്നാൽ അവരുടെ നടത്തയിൽ പെട്ടെന്നുള്ള മാററങ്ങൾ വരുത്താൻ അവൎക്കു സാധിക്കയില്ല. ഭാവിപൌരന്മാരാകാൻ പോകുന്ന വിദ്യാൎത്ഥികളിൽ ഈ ആദൎശങ്ങൾ ജനിപ്പിച്ചാൽ അവ വളൎന്നു വരുന്നു. അതുകൊണ്ട് വിദ്യാലയത്തിനു ഇപ്രകാരം ഒരു പ്രധാനകൃത്യവും കൂടിയുണ്ട്. വിദ്യാൎത്ഥികളിൽ പുതിയ ആദൎശങ്ങൾ ജനിപ്പിച്ച് ഒരു ജനസമുദായത്തിൻെറ സ്വഭാവത്തിന് ആകപ്പാടെ ഒരു മാററം വരുത്താനുള്ള ശക്തി, അധ്യാപകന്മാരിലുണ്ടെന്ന് അവർ മറക്കാൻ പാടില്ല. പ്രയോഗസന്നദ്ധമാക്കി വച്ചിട്ടുള്ള പീരങ്കികളെ ത

നിക്ക ഭയമില്ലെന്നും, ഒന്നാംപാഠപുസ്തകവുമേന്തി ക്ലാസ്സിൽ ചെല്ലുന്ന അദ്ധ്യാപകനേയാണ് താൻ ഭയപ്പെടുന്നതെന്നും ഒരു മഹാൻ പ്രസ്താവിച്ചിട്ടുണ്ട്. ഇതു് എത്രയും പരമാർത്ഥമാണ്. പൌരന്മാരെ വളർത്തേണ്ടതു ക്ലാസ്സുമുറികളിലാണെന്നുള്ളതു യാതൊരു അദ്ധ്യാപകനും വിസ്മരിച്ചുകളയരുതു. ഭാവികാലത്തിലെ ആശ മുഴുവൻ വത്തമാനകാലത്തിലെ യുവാക്കളിലാണു സ്ഥിതിചെയ്യുന്നതു്. എന്നു നാം ധാരാളം കേൾക്കാറുള്ളതുകൊണ്ടു അതിൽ അന്തർഭവിച്ചിട്ടുള്ള യഥാർത്ഥത്തെ നാം ഗ്രഹിക്കുന്നില്ല. എന്നാൽ ശാസ്ത്രീയപരീക്ഷണങ്ങൾകൊണ്ട്, വിദ്യാഭ്യാസത്തിലുണ്ടാകുന്ന പുതിയ ആദശങ്ങളും, പല ജനസമുദായങ്ങളുടേയും വിദ്യാഭ്യാസചരിത്രത്തെപ്പററിയുള്ള പുതിയ അന്വേഷണങ്ങളും, ഈ കാര്യത്തെ സ്പഷ്ടമായി തെളിയിക്കുന്നുണ്ട്. അതുകൊണ്ടു സമുദായത്തെ ഉദ്ധരിക്കാനുള്ള ശക്തിയും ചുമതലയും വിദ്യാലയത്തിലാണു സ്ഥിതിചെയ്യുന്നതു്.

### ൪. സാമുദായികവും ആത്മീയവും ആയ കൃത്യങ്ങൾ:—

ഒരു ജോലി ഏററവും കൂടുതൽ ശേഷിയോടുകൂടി നടത്താൻ സാധിക്കണമെങ്കിൽ ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ വിശ്രമം ആവശ്യമാണ്. ഒരാൾ തൻെറ വിശ്രമാവസരത്തെ എങ്ങനെ വിനിയോഗിക്കുന്നു എന്നറിഞ്ഞാൽ അയാളുടെ സ്വഭാവത്തെപ്പററി സൂക്ഷ്മമായ പല സംഗതികളും നമുക്കു മനസ്സിലാക്കാം. അപൂർണ്ണമനസ്സോടുകൂടി വിദ്യാത്ഥികളുടെ ഇടയിൽ പെരുമാറുന്ന അദ്ധ്യാപകൻ പരിതസ്ഥിതികൾക്കു പൂർണ്ണമായ മാററം ഉണ്ടാക്കുന്ന ഏതെങ്കിലും വിനോദങ്ങളിൽ തൻെറ വിശ്രമാവസരത്തെ വിനിയോഗിക്കേണ്ടതാണ്. അദ്ധ്യാപകന്മാർ സാധാരണയായി അഹംഭാവികളും, ആരെക്കണ്ടാലും തങ്ങളുടെ അഭിപ്രായങ്ങളെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതിനു താല്പര്യമുള്ളവരും ആണെന്നു പറഞ്ഞുവരാറുണ്ട്. ഇതു വിദ്യാർത്ഥികളുമായുള്ള പെരുമാററത്തിൽനിന്നുണ്ടാകുന്നതാണെന്നു ചിലക്കു അഭിപ്രായമുണ്ട്. അതുകൊണ്ടു ഇതരതൊഴിലുകളിൽ ഏപ്പെട്ടിട്ടുള്ള സ്ത്രീപുരുഷന്മാരുമായി, തൻെറ വിശ്രമാവസരങ്ങളിൽ സാമുദായികമായ നേരമ്പോക്കുകളിൽ അദ്ധ്യാപകൻ ഭാഗഭാക്കായിരിക്കേണ്ടതാണ്. പൊതുക്കാര്യങ്ങളിൽ തൻെറ മനസ്സു പ്രവേശിക്കത്തക്കവണ്ണം തൻെറ മനസ്ഥിതിയെ വച്ചുകൊണ്ടിരിക്കേണ്ടതു് അദ്ധ്യാപകൻെറ ചുമതലയാകുന്നു. ഇതിൽനിന്നു അദ്ധ്യാപകരെ വെറുക്കുകയൊ, താൻ ഒരു അദ്ധ്യാപകനാണെന്നു വിചാരിച്ചു ലജ്ജിക്കയൊ ചെയ്യേണ്ട ആവശ്യമില്ല. ജീവിതത്തിൽ മററു തൊഴിലുകളിൽ ഏപ്പെട്ടിരിക്കുന്നവരുമായി യോജിച്ചു പ്രവത്തിക്കുന്നതിനും, അദ്ധ്യാപകൻ എന്ന നിലയിൽ തനിക്കുള്ള പ്രത്യേക സ്വഭാവ

ങ്ങളെ സമുദായത്തിലെ മററുള്ളവരുമായുള്ള പെരുമാററത്തിൽ പ്രദർശിപ്പിക്കാതിരിക്കുന്നതിനും, പലപ്പോഴും താൻ സ്കൂളിൽ വിദ്യാർത്ഥികളോടു സംസാരിക്കയും പെരുമാറുകയും ചെയ്യുന്ന രീതിവിട്ടു മററു രീതിയിൽ സമുദായത്തിലെ മാന്യന്മാരോടു പെരുമാറുന്നതിനും, അദ്ധ്യാപകൻ ശീലിക്കണമെന്നുള്ളതാണ് ഇവിടെ പ്രധാനമായി പറയേണ്ട വിഷയം.

അദ്ധ്യാപകൻ തന്റെ സമയത്തിൽ എത്രത്തോളം സാമുദായികങ്ങളായ നേരംപോക്കുകളിൽ വിനിയോഗിക്കണം എന്നൊരു പ്രശ്നത്തിന് ഇവിടെ അവകാശമുണ്ട്. ഇതിന് ഒരു ഉത്തരം പറയുന്നതിനു മുൻപായി പല കാൎയ്യങ്ങൾ ആലോചിക്കേണ്ടതാണ്. രാത്രിയിൽ കൂടി ജോലി ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട് ആഴ്ചയിൽ അഞ്ചുദിവസം സാമുദായികവിനോദങ്ങളിൽ ഉൾപ്പെടാൻ അദ്ധ്യാപകന് സാധിക്കയില്ല. എന്നാൽ ഓരോ ആഴ്ചയും ഒരു ദിവസം അതായത് ശനിയാഴ്ച അദ്ധ്യാപകന് സ്കൂൾ ജോലിയിൽ നിന്ന് പൂൎണ്ണമായ സ്വാതന്ത്ര്യം ലഭിക്കുന്നുണ്ട്. എന്നുമാത്രമല്ല, അദ്ധ്യാപകനു മററു ജോലിക്കാരെ അപേക്ഷിച്ച് വെക്കേഷനായി കൂടുതൽ ഒഴിവു ദിവസങ്ങളും കിട്ടുന്നു. വെക്കേഷനിൽ ഏതാനും ഭാഗം തൊഴിൽസംബന്ധമായി കൂടുതൽ ജ്ഞാനം സമ്പാദിക്കുന്നതിനു വിനിയോഗിക്കേണ്ടതാണെങ്കിലും, ബാക്കി സമയവും, ആഴ്ചതോറും കിട്ടുന്ന ഒഴിവുദിവസങ്ങളും, അദ്ധ്യാപകനു സാമുദായികവും ആരോഗ്യകരവും ആയ ഏതെങ്കിലും വിനോദങ്ങളിലൊ, മററു കാൎയ്യങ്ങളിലൊ ചിലവാക്കാവുന്നതാണ്. അതുകൊണ്ട് ആഴ്ചയിൽ അഞ്ചുദിവസവും അദ്ധ്യാപകൻ, തന്റെ സ്കൂൾ ജോലിയിൽ മാത്രം ബദ്ധശ്രദ്ധനാകണമെന്നു പറയുന്നത് അദ്ധ്യാപകന് ഒരിക്കലും സങ്കടകരമാകേണ്ട ആവശ്യമില്ല.

ഭൂരിപക്ഷം അദ്ധ്യാപകരും അവരുടെ സമയത്തെ വേണ്ടവിധം വിനിയോഗം ചെയ്യുന്നില്ലെന്നുള്ളത് എത്രയും പരമാൎത്ഥമായിട്ടുള്ളതാണ്. അദ്ധ്യാപകവൃത്തിയുടെ മാഹാത്മ്യത്തേയും സമുദായത്തിൽ അദ്ധ്യാപകനുള്ള സ്ഥാനത്തേയും ചിന്തിക്കുമ്പോൾ ഇതു് ക്ഷന്തവ്യമല്ലാത്ത അപരാധമാണെന്നു കാണപ്പെടും. അദ്ധ്യാപകൻ തന്റെ സമയവിനിയോഗക്രമത്താൽ, വേണ്ട ശ്രദ്ധ പതിപ്പിക്കുമെങ്കിൽ, തന്റെ ജോലിയുടെ സാരമേറിയ ഭാഗം നിൎവ്വഹിച്ചതായി വിചാരിക്കാം. അദ്ധ്യാപകാദൎശങ്ങളിൽ പ്രധമസ്ഥാനത്തെ വഹിക്കുന്നതും ഇതുതന്നെയാണ്.

# ഇപ്പോഴത്തെ കവിതാസരണികൾ.

(കെ. ശങ്കരപ്പിള്ള ബി. എ.)

കാലസ്ഥിതിക്കു യോജിച്ച പരിഷ്കാരപഥങ്ങളെ സ്വീകരിക്കുന്നതിൽ, ഭാഷാകവിത ഒട്ടും പിന്നോക്കമായിട്ടാണെന്നില്ല. മുൻകവിതകളെ അപേക്ഷിച്ച്, ഇപ്പോഴത്തെ പദ്യകൃതികൾ അകമെയുള്ള സംഗതികളിലും, പുറമെയുള്ള ആകൃതിഭേദങ്ങളിലും വളരെ വ്യത്യസ്തപ്പെട്ടു നില്ക്കുന്നു. ഇപ്പോഴത്തെ വലിയ കാവ്യങ്ങളിൽ പോലും, പഴയ മഹാകാവ്യലക്ഷണങ്ങളെ തേടേണ്ട ആവശ്യമില്ല. പ്രാചീനകാവ്യങ്ങളിലെ പ്രശസ്തശ്ലോകത്തിൽ മാമൂൽപടി തഴച്ചുവന്നിട്ടുള്ളവയെങ്കിലും ഇപ്പോഴത്തെ കാലസ്ഥിതിക്ക് അനുഭവസാക്ഷ്യങ്ങളല്ലാത്ത സംഭവങ്ങളുടെ പ്രസംഗം ആധുനികദൃഷ്ടിയിൽ അനുചിതമെന്നു വരികയേ ഉള്ളു. ഇംഗ്ലീഷു കവിതയുടെ ജാതിയിലുള്ള നവീനാശയതല്പമാണ് ഇന്നത്തെ രസജ്ഞരുടെ സാദരപ്രതീക്ഷ. എന്നുതന്നെയല്ല പദ്യകൃതികൾ, സാമാന്യത്തിലധികം നീണ്ടുപോയാൽ അതുതന്നെ ആക്ഷേപപാത്രമായി ഭവിച്ചിരിക്കുന്ന കാലഘട്ടമാണ് ഇപ്പോൾ. ഇതിനുള്ള കാരണം, കൂടുതൽ ജീവിതമത്സരപ്പോരിൽ ഏർപ്പെടേണ്ടിവന്നിരിക്കുന്ന ബഹുജനങ്ങൾക്കു നീണ്ട കൃതികൾ വായിക്കാനുള്ള സമയക്കുറവൊ, ഇത്തരം കൃതികൾക്കു പണ്ടുള്ള മഹാകാവ്യങ്ങൾക്കുണ്ടായിരുന്നപോലെ വിദൂരം രസസമ്പത്തിയെ നിലനിർത്തിക്കൊള്ളുവാനുള്ള ശക്തിയുടെ അഭാവമൊ, സഹൃദയന്മാരുടെ കാലോചിതമായ അഭിരുചിഭേദമൊ, ഏതുമാകട്ടെ, ആളുകൾക്ക് ഇപ്പോൾ ചെറുപദ്യകൃതികൾ വായിക്കുന്നതിൽ മാത്രമെ താൽപര്യം കാണുന്നുള്ളു എന്നത് ഒരു വസ്തുത തന്നെയാണ്. ഇനി ബാഹ്യാകൃതിയെ സംബന്ധിച്ച് നോക്കുന്നതായാൽ ഭാഷാകവിതയ്ക്കു സ്വയമേ, യോജിച്ചുകാണുന്ന വൃത്തം ദ്രാവിഡവൃത്തമൊ സംസ്കൃതവൃത്തമൊ എന്നുള്ള വാദപ്രതിവാദവും ഇപ്പോഴത്തെ പരിഷ്കാരത്തിരക്കിൽ കടന്നുകൂടിയിട്ടുള്ളതാണ്. മലയാളഭാഷയ്ക്കു സംസ്കൃതത്തിനോടുള്ളതിനേക്കാൾ ജാതീയബന്ധം ദ്രാവിഡഭാഷകളോടാണെന്നുള്ള മതം പ്രചരിച്ചതോടുകൂടി മാത്രം, മലയാളികൾക്കു ദ്രാവിഡവൃത്തത്തോടു കൂടുതൽ ഭക്ത്യാദരം താനെ തോന്നിത്തുടങ്ങിയെന്നല്ലാതെ വൃത്തഭേദം പദ്യകൃതിയുടെ കാവ്യഗുണത്തെ കാര്യമായി സ്പർശിക്കുമോ എന്നു വളരെ സംശയിക്കണം. "കുടത്തിൽ കൊൾവതെ കൊള്ളൂ, കടലിൽ തന്നെ മുക്കിലും" എന്ന മട്ടിൽ മനോധർമ്മവ്യാപ്തിക്കനുസരണമായ കാവ്യഗുണം മാത്രമെ, ഏതു ബാഹ്യരൂപത്തിൽ കൂടിയായാലും പ്രത്യക്ഷമാകയുള്ളു. ശ്ലോകങ്ങൾക്കു ദ്വിതീയാക്ഷരപ്രാസനിഷ്കർഷയെന്ന

പോലെയാണു ഭാഷാകവിതയ്ക്കു ദ്രാവിഡവൃത്തം ഇപ്പോൾ ഏറക്കുറെ സജാതീയമെന്നു വാദിച്ചുവരാറുള്ളത്.

ഏതായാലും ലോകാഭിരുചി അറിഞ്ഞു കൃതികൾ രചിച്ചെങ്കിലെ ഫലസിദ്ധി ഉണ്ടാകയുള്ളു. മലയാളഭാഷയ്ക്കുള്ള കവിതാസരണികളിൽ ഇപ്പോൾ ആളുകളെ രസിപ്പിക്കുന്നതേതു എന്നു നോക്കുകയാണെങ്കിൽ, ദ്രാവിഡവൃത്തത്തിൽ രചിക്കപ്പെടുന്ന ചെറുതരം പദ്യഖണ്ഡങ്ങളാണെന്നു പൊതുവിൽ പറയാം. അഥവാ സംസ്കൃതവൃത്തമായിരുന്നാൽ തന്നെയും പതിനഞ്ചക്ഷരത്തിൽ കവിയാത്ത പാദങ്ങളോടു കൂടിയതും, ദ്വിതീയാക്ഷരപ്രാസനിഷ്കർഷയില്ലാത്തതും, പുതിയ ആശയങ്ങളോടു കൂടിയ ശുദ്ധ മലയാളഭാഷയിൽ ചമച്ചിട്ടുള്ളതും, ആണെങ്കിൽ അങ്ങിനെയുള്ള പദ്യഖണ്ഡങ്ങളേയും ഇക്കൂട്ടത്തിൽ എണ്ണാം. ഇപ്പറഞ്ഞവ, കേവലം ബാഹ്യരൂപത്തെ (Form) മാത്രമെ കുറിക്കുന്നുള്ളു. എന്നാൽ കാവ്യത്തിന്റെ ആഭ്യന്തരഗുണങ്ങളെക്കുറിച്ചു വേറെ പല നിഷ്കർഷകളുണ്ട്. ഒന്നാമതു, നല്ല കല്പനാശക്തി (Imagination) കൊണ്ടു കവിത സമഞ്ജസവും കൂടുതൽ സങ്കല്പങ്ങൾക്കു ധാരാളം വഴികൊടുക്കുമാറു ചിന്താമൂലികവുംകൂടി ആയിരിക്കണം. ഇതാണ് ടാഗ്രർ പ്രസ്ഥാനത്തിന്റെ പ്രധാനലക്ഷണം. പറയാനുള്ളതു മുഴവൻ തുറന്നു പറയാതെ വായനക്കാർ സ്വയം ഊഹാപോഹശക്തിയാൽ പൂരിപ്പിച്ചു അറിഞ്ഞുകൊള്ളുവാൻ പഴുതുകളുണ്ടാക്കിക്കൊടുക്കുന്ന ഇത്തരം കവിതയ്ക്കു അവയുടെ ഈ ഉപസ്തംഭനപ്രകൃതികൊണ്ടു ഒരുതരം ഗാംഭീര്യം വന്നുചേരുന്നതാണല്ലൊ. രണ്ടാമതു ശബ്ദാട്ടംഗിയേക്കാൾ അർത്ഥസ്വാരസ്യത്തിനാണ് പ്രാധാന്യംകൊടുക്കേണ്ടതെങ്കിലും ആകപ്പാടെ കേൾവിക്കിമ്പം നൾകുന്ന ശയ്യാഗുണം കൂടിയേ തീരു. അങ്ങിനെയുള്ളവയാണു "സുഖമുള്ള കവിത" എന്ന മതിപ്പിനു പാത്രീഭവിക്കാറുള്ളത്. ധാരാളമായുള്ള ദ്രാവിഡപദപ്രയോഗം, ഇപ്പറഞ്ഞ ശ്രവണസുഖമുണ്ടാക്കിക്കൊടുക്കുന്ന ഉപകരണങ്ങളിൻ പ്രധാനമത്രെ. സംസ്കൃതവിഭക്ത്യന്തങ്ങളോടു കൂടിയ സംസ്കൃതപദപ്രയോഗം ഭാഷയായിത്തന്നെ ഗണിക്കാൻ ഇപ്പോൾ ന്യായമില്ലാത്തതിനാൽ, അവ ഇപ്പോൾ മലയാളകവിതയ്ക്കു അഭംഗിയായും ദോഷമായും പരിണമിച്ചിരിക്കുന്നു. മൂന്നാമതായി, ആകപ്പാടെയുള്ള പരിമിതിയ്ക്കുള്ളിൽ ഒതുങ്ങിച്ചേരത്തക്ക വർണ്ണനകൾ മാത്രമെ പാടുള്ളു. വല്ലാതെ മുഴച്ചുകാണുന്ന വൃഥാസ്ഥൂലങ്ങളൊ, വേണ്ടാത്ത സംഗതികളെപ്പററി വേണ്ടാത്ത പ്രകാരം വിസ്തരിക്കുന്ന അലസങ്ങളൊ ആയ വർണ്ണനകൾക്കു ഇട കൊടുക്കരുത്. മർമ്മം കണ്ടുപിടിച്ചു പുഷ്ടലിപ്പിക്കയും അതിനുള്ള പ്രാധാന്യത്തെ പ്രകാശിപ്പിക്കയും ചെയ്യുന്ന രീതിയായാലെ, ശ്രോതാക്കളുടെ മനസ്സിൽ പെട്ടെന്നു പതിയുന്ന അവഗാഹിതം സിദ്ധിക്കയുള്ളു. നാലാമതു്

പരിണാമം വരെ വായനക്കാരിൽ ജിജ്ഞാസയും കൌതുകവും വൎദ്ധിപ്പിച്ചു കൊള്ളുന്ന പരിണാമഗുപ്തിയും ലോകപരിചയം വൎദ്ധിപ്പിക്കുന്ന അനുഭവഗുണവും കാവ്യത്തിന്നു് അപരിത്യാജ്യമാണു്. സംഭവങ്ങൾക്കു രംഗവിധാനവും വിന്യാസക്രമവും നിശ്ചയിക്കേണ്ടതു പരിണാമഗുപ്തി നോക്കി വേണ്ടതാകുന്നു. ഇതിന്റെ അനുഭാവം കൊണ്ടു്, കവിത, കുറച്ചു കേട്ടുകഴിയുമ്പോൾ മുഷിവു തോന്നിക്കുന്നു. ഒരു കവിയ്ക്കു മനുഷ്യസ്വഭാവനിരീക്ഷണത്തിൽ ശ്രദ്ധയുണ്ടെങ്കിലെ, തൽ കവിതയിൽ അനുഭവഗുണം പ്രതിബിംബിതമാ സ്ഫുരികയുള്ളു. ജീവിതപ്രകൃതിക്കു് അനുയോജിച്ച ലൌകികവൃത്തി വിശേഷങ്ങൾക്കുള്ള ആഭ്യന്തരതത്വങ്ങളെ പ്രസ്പഷ്ടമാക്കി കൊടുക്കുകതന്നെയാണല്ലൊ യഥാൎത്ഥത്തിൽ, കാവ്യത്തിന്റെ അനുഭവഗുണം. മനോവൃത്തിയ്ക്കു്, പ്രവൃത്തികളേക്കാൾ കാവ്യത്തിൽ മെച്ചം കിട്ടുന്ന കാരണവും ഇതുതന്നെയാണു്. മനുഷ്യപ്രകൃതിയുടെ യാഥാസ്ഥിതികമായ ഈ നില, യഥാസൂക്ഷ്മം ആളുകൾ അറിഞ്ഞു പെരുമാറുന്നെങ്കിലെ ലോകത്തിനു സ്പൃഹണീയമായ ഉൽഗതിയുണ്ടാകയുള്ളു എന്നുള്ളതാണു് ഇത്തരം കാവ്യങ്ങൾ കൊണ്ടു പൊതുവെ സിദ്ധിക്കുവാനുള്ള പ്രയോജനം. സൌഹാൎദ്ദവികാരങ്ങളുടെ വിലയും നിലയും അറിയാനിടയാകുമ്പോൾ തന്നെ, ലോകത്തിലെ കാൎക്കശ്യവും പ്രമത്തതയും വളരെ കുറയാതിരിക്കയില്ല. ഇപ്പറഞ്ഞ അനുഭവഗുണത്തെ പുരസ്കരിക്കുന്ന കവിയുടെ ഭാഷാരീതി, സൎവ്വപ്രകാരേണയും സംശുദ്ധമായിരിക്കേണമെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല. ചമല്ക്കാരപ്പൊലിമയ്ക്കുവേണ്ടി വേണ്ടാത്തവിധം വളച്ചുകെട്ടിപ്പറയുക; ഭാഷാപാണ്ഡിത്യം കാട്ടുവാനായി ക്ലിഷ്ടവും അപൂൎവ്വവും ആയ പദാവലികളെ പ്രയോഗിക്കുക; പാമരന്മാരെ രസിപ്പിക്കുമെന്നു കരുതി അശ്ലീലവും അസഭ്യവുമായിവൎണ്ണിക്കുക; എന്നിവയെല്ലാം ആൎജ്ജവ പ്രകൃതിയ്ക്കും സദാചാരവൃത്തികൾക്കും യോജിച്ചവയല്ലാഴികയാൽ കേവലം ദോഷങ്ങളായിത്തീരുകയേ ഉള്ളൂ.

ഇപ്പോഴത്തെ സഹൃദയന്മാരെ രസിപ്പിച്ചുവരുന്ന കവിതയുടെ ബാഹ്യമായും ആഭ്യന്തരമായും ഉള്ള രീതിവിശേഷങ്ങളെപ്പററി സാമാന്യമായ് പ്പറഞ്ഞുകഴിഞ്ഞു. എന്നാൽ ബാഹ്യരീതിയെ സംബന്ധിച്ചു തന്നെയും ഒരു വിശേഷഗതി, ഇപ്പോഴത്തെ കാലസ്ഥിതിയ്ക്കനുസരണമായ്യുന്നു ചേൎന്നിട്ടുള്ളതിനെപ്പററിയാണു് ഇനിമേൽ അല്പം ചിന്തിപ്പാനുള്ളതു്.

ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഖണ്ഡകാവ്യത്തിനു തന്നെയും അടുത്ത പടിയായ "കാവ്യഖണ്ഡ" മെന്നൊരു പ്രധാനഭേദം വന്നുകൊണ്ടിരിക്കുന്നില്ലയോ എന്നാണു സംശയം. "ഖണ്ഡകാവ്യം" എന്നുള്ളതിനു ചെറുതരം കാവ്യങ്ങളെന്നാണൎത്ഥമെങ്കിൽ, "കാവ്യഖണ്ഡം" എന്നതിനു കാവ്യഗുണത്തോടു കൂടിയ അതിലും ചെറിയ പദ്യഭാഗങ്ങൾ എന്നൎത്ഥം കല്പിക്കാം.

കവികൾ അപ്പോഴപ്പോൾ ഓരോ സന്ദർഭങ്ങളിൽ രചിക്കുന്ന ഇത്തരം ലഘുകൃതികളെ ഒരുമിച്ചു ചേർത്ത് "സാഹിത്യ-മഞ്ജരി,"-"മുകുരം,"-"ആരാമം" ഇത്യാദി സംജ്ഞകൾ കൊടുത്തു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പതിവ്, ഇപ്പോൾ ധാരാളമായിരിക്കുന്നു. ഉള്ളൂരിൻെറ "കിരണാവലി," വള്ളത്തോളിൻെറ "സാഹിത്യമഞ്ജരി," കുമാരനാശാൻെറ "മണിമാല" മുതലായ പദ്യസമുച്ചയഗ്രന്ഥങ്ങളെല്ലാം ഈ നവീന പ്രസ്ഥാനത്തിൽ പെട്ടതാണ്. ഖണ്ഡകാവ്യത്തിൽ നിന്നും ലഘുകൃതിസമുച്ചയമാകുന്ന ഈ കാവ്യഖണ്ഡപ്രസ്ഥാനത്തിലേയ്ക്കുള്ള പരിഷ്കാരപ്രയാണം എത്രയും സ്വാഭാവികവും പരസ്പരാനുബദ്ധവുമെന്നു കാണാം. കവിതയുടെ ബാഹ്യമായും ആഭ്യന്തരമായുമുള്ള പ്രകൃതികളെ സംബന്ധിച്ചു നോക്കുന്നതായാൽ, രണ്ടും തമ്മിലുള്ള വ്യത്യാസം വലുതും ചെറുതുമെന്നല്ലാതെ കാര്യവശാൽ പറയത്തക്കതായൊന്നുമില്ല. എന്നിരുന്നാലും തുലോം ചുരുങ്ങിയ പരിമിതിക്കുള്ളിൽ വരുത്തിക്കൊള്ളേണ്ട ഗരിമകേന്ദ്രത്തിൻെറ സ്ഥാനനിർണ്ണയചാതുര്യം നിമിത്തം കൂടുതൽ കവിതാസാമർത്ഥ്യം വേണ്ടതു് ഇത്തരം ലഘുകൃതികളിൽ കാവ്യഗുണം തികച്ചുകൊണ്ടു വരുന്നതിലാണെന്ന് ഇപ്പോഴത്തെ സഹൃദയാഗ്രജ്ഞർ, അഭിപ്രായപ്പെടുന്നുണ്ട്.

ഖണ്ഡകാവ്യങ്ങളിലാകട്ടെ, നമുക്കു ഹൃദയസ്തോഭകരങ്ങളായ ഓരോരോ കഥാരംഗങ്ങളെ കവി യഥാക്രമം കാട്ടിത്തന്ന ശേഷം, അതാതു രംഗസന്ദർഭങ്ങളെ, തൽക്കഥാപാത്രങ്ങളുടെ സംഭാഷണത്തിലൊ, അല്ലാത്തപക്ഷം, കവിവാക്യത്തിലൊ. വിശദപ്പെടുത്തിത്തരികയും, അതോടുകൂടിത്തന്നെ വിമർശനദ്വാരാ അനേകലോകതത്വങ്ങളെപ്പററി നമ്മെ ഉൽബോധിപ്പിക്കയും ചെയ്യുന്നു. ഇപ്രകാരം നിരീക്ഷിക്കുന്നതായാൽ, ലോകസംഭവങ്ങളുടെ വിമർശനപരമായ ഒരു ചെറു ദൃശ്യകാവ്യത്തിൻെറ പരമോദ്ദേശ്യം, ഖണ്ഡകൃതികൾ നമുക്കു സാധിച്ചു തരുന്നുണ്ടെന്നു പറയാം. എന്നാൽ പ്രകൃതിയിൽ കാണുന്ന ഏതെങ്കിലും ഒരു പ്രത്യേകരംഗത്തെയൊ അതിൻെറ തന്നെ പരിവർത്തിതരംഗാന്തരങ്ങളേയൊ സാക്ഷാൽക്കരിച്ചുകൊണ്ടു മുൻ ചൊന്ന കാവ്യകൃത്യം നിർവഹിക്കയാണ് ഇത്തരം ലഘുകൃതികൾ അനുഷ്ഠിക്കുന്നതു്. ഖണ്ഡകാവ്യങ്ങളിൽ, രംഗങ്ങൾക്കു കരുപിടിപ്പിച്ചുകൊള്ളുവാൻ അതിവെ ഇതിവൃത്തബന്ധം ഉതകാതെ വരുന്നതല്ല നേരെ മറിച്ച് ഈ ലഘുകൃതികൾക്ക്, ഈ ഉപകരണം പോലും ഇല്ലാതെ പ്രകൃതിയിലെ ചില കാഴ്ചകളേയൊ സംഭവങ്ങളേയൊ മാത്രം അരങ്ങാക്കി കൊൾവാനെ തരമുള്ളു. ചെറുതരത്തിലുള്ള ഈ അരങ്ങത്തുവെച്ച്, ഖണ്ഡകാവ്യങ്ങൾക്കു സുലഭമായുള്ള പല രംഗങ്ങൾ കൊണ്ടു സാധിക്കുന്ന കാര്യം, സാധിക്കേണ്ടതായും ഇരിക്കുന്നു. ആയുധങ്ങളും, വഴികളും, മററു കരണങ്ങളും കുറഞ്ഞിരിക്കെ, വ

ലിയ കാര്യങ്ങൾ സാധിക്കുന്നതിലാണല്ലോ വിലയും മതിപ്പും കൊടുക്കേണ്ട ത്. കാവ്യഖണ്ഡങ്ങൾ രചിക്കുന്ന കവിയ്ക്കു, പ്രകൃതിയിൽ നിന്നും ഹൃദയാവർജ്ജകങ്ങളായ ഭാവനാവിശേഷങ്ങൾക്കു വഴികൊടുക്കത്തക്ക രംഗങ്ങളെ തിരഞ്ഞെടുക്കുന്നതിലും, ഇവയെ സാക്ഷാൽക്കരിച്ചു തത്വപ്രദർശകമാം വണ്ണം അനുവാചകരിൽ അനുഭവരസം ഉൽപന്നമാകുന്നതിലും ഉതവിചെയ്യാൻ തന്റെ മനോധർമ്മമൊന്നു മാത്രമെയുള്ളു. ഇക്കാരണത്താലാണ് ഒരു കവിയുടെ മനോധർമ്മ വൈശിഷ്ട്യത്തിന്, ഇത്തരം ലഘുകൃതികൾ മാററു നിശ്ചയിക്കുന്നതായി ചില അഭിജ്ഞന്മാർ വാദിക്കുന്നത്. ഖണ്ഡകാവ്യത്തെക്കാൾ കാവ്യഖണ്ഡ പ്രസ്ഥാനത്തിനുള്ള ഒരു വൈശിഷ്ട്യമാണു ഇപ്പോൾ പറഞ്ഞുകഴിഞ്ഞത്. ഇനിമറെറാന്നുകൂടിപറയാനുണ്ട്.

"കവിതാവനിതാചൈവ
സ്വയമേവാഗതാവരാ"

എന്നുള്ള പ്രാചീനമതം, ബഹുകാലങ്ങളിലെ ലോകാനുഭവം പ്രമാണിച്ചു പ്രതിഷ്ഠയിലെത്തിയിരിക്കുന്നതാകയാൽ അതിന്റെ യാഥാർത്ഥ്യത്തെപ്പററി ആധുനികരുടെയിടയിൽ വലിയ വിതർക്കമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ വാസ്തവം തെളിയിക്കുവാൻ ഒരു യുക്തി കൂടി കാണുന്നു. പ്രകൃതിയിൽ നാം കാണുന്ന ഓരോ കാഴ്ചകൾ, നമ്മുടെ ഓരോരുത്തരുടേയും ഹൃദയങ്ങളിൽ ഓരോ തരത്തിലുള്ള വികാരപരമ്പരകളെ ഉണ്ടാക്കാറുണ്ട്. പ്രകൃതി പ്രഭാവത്താൽ ഇവയ്ക്കു പലതിനും തമ്മിൽ സാമ്യവും, ചിലവയ്ക്കു മാത്രം ഓരോ പ്രത്യേകമനുഷ്യസ്ഥിതിക്കനുസരണമായ മാററവും കാണുമെന്നെ ഉള്ളൂ. ഇപ്രകാരം ചില ഹൃദയങ്ങളിൽ അപ്പൊഴപ്പോൾ ഉണ്ടാകുന്ന മനോവ്യാപാരങ്ങൾ അവരവരുടെ മനസ്സിൽ തന്നെ ലയിക്കുന്നതുകൊണ്ടു തൃപ്തിപ്പെടാതെ മധുരഭാഷണങ്ങളായി സ്വയം പുറമെ നിർഗ്ഗളിച്ചുപോകുന്നു. ഈ മധുരഭാഷണങ്ങൾ ഉൾക്കൊള്ളുന്ന ആശയങ്ങളിലധികവും, അപ്രകാരമുള്ള പ്രകൃതിവിലാസം കാണുന്ന മററുള്ളവരിലും ഉണ്ടാവാൻ കണക്കുള്ളതുകൊണ്ടു സ്വയമേവ ആഗതയായ ഈ ഭാഷണം—അഥവാ—കവിത, വളരെ അനുഭവരസമുള്ളതെന്നു ശ്രോതാക്കൾക്കു തോന്നുന്നതിൽ അതിശയിക്കാനില്ല. പ്രകൃതിവിലാസങ്ങളോട് കവിഹൃദയങ്ങൾക്കുണ്ടാവുന്ന സമ്പർക്കഘട്ടങ്ങളിൽ താനെ ഉൾഗളിക്കുന്ന കവിതയാണ് ഈ ലഘുകൃതികളെങ്കിൽ, ഇവയ്ക്ക്, തൽക്കവികളുടെ തന്നെ, മററു കവനങ്ങളേക്കാൾ മാധുര്യമുണ്ടായിരിക്കുമെന്നുള്ളതിനു തർക്കമില്ല. എങ്ങിനെയായാലും "കവിത"യുടെ "സ്വയമേവ"യായ "ആഗമന"ത്തിന്, കൂടുതൽ സാംഗത്യം ഇത്തരത്തിലുള്ള ലഘുകൃതി പ്രസ്ഥാനത്തിനാണെന്നു സമ്മതിയ്ക്കു തന്നെ വേണം. ഇതിനും പുറമെ, കവികൾക്കു അതിശ്രമം കൂടാതെ സാധിക്കത്തക്കതെന്നും

വായനക്കാക്ക് വേഗം വായിച്ചു തീൎത്തു രസിക്കുവാൻ സൌകൎയ്യമുള്ളതെന്നും മററും പല വൈശിഷ്ട്യങ്ങൾ ഇപ്പോഴത്തെ കാലസ്ഥിതിയ്ക്കു ചേൎന്നതായി ഇവയ്ക്കുണ്ടെന്നും കൂടി സമൎത്ഥിക്കാം.

## ജലജളൂകം

തുടൎച്ച

(വിമൎശകൻ)

മാരാരുടെ ഒന്നാമത്തെ ആക്ഷേപം "കിട്ടുണ്ണിമേനവന്റെ അപമൃത്യുവിന് കാരണമായ ചേരിപ്പറമ്പിൽ ബാലകൃഷ്ണമേനോന്റെ പുറപ്പാടു കാണുമ്പോൾ തന്നെ അയാൾക്ക് ഇതിലൊരു കയ്യുണ്ടെന്ന് ഏതു സാധാരണ വായനക്കാരനും തോന്നും. 'ഇതു' കണ്ടുപിടിച്ച ഭാസ്കരമേനോന്റെ ബുദ്ധിവൈഭവത്തെപ്പററി വായനക്കാർ എങ്ങിനെ അത്ഭുതപ്പെടും?" എന്നുള്ളതാണ്. ഈ മൂന്നാമദ്ധ്യായത്തിൽ കിട്ടുണ്ണിമേനോനെക്കുറിച്ച് വലിയ ബഹുമാനാദരത്തോടുകൂടിയല്ലാതെ ബാലകൃഷ്ണമേനോൻ ഒരു വാക്കുപോലും സംസാരിക്കുന്നില്ല. അയാൾ കാൎയ്യസ്ഥനോട് അല്പം നീരസം പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ടു കിട്ടുണ്ണിമേനവനെ കൊല്ലാൻ അയാൾ തുനിയുമെന്ന് എങ്ങിനെ ഊഹിക്കാം. മാരാർ പറയുന്ന 'സാധാരണബുദ്ധിക്കാർ' മാരാരെപ്പോലെ തന്നെ പരദൂഷണൈകതല്പരന്മാരല്ലെങ്കിൽ ഈ വിഷയത്തിൽ ഗ്രന്ഥകൎത്താവിനെ കുററപ്പെടുത്തുകയില്ല. കഥാബന്ധത്തിൽ മാരാർ കാണുന്ന മറെറാരു ദൂഷ്യം 'ശങ്കരമേനോൻ' എന്ന ഒരു പ്രധാന കഥാപാത്രത്തെ' ഗ്രന്ഥാവസാനം വരെ 'അകത്തിട്ടടച്ച'താണ്. ഒന്നാമത്തതിൽ ഈ ശങ്കരമേനോൻ എങ്ങിനെയാണ് ഒരു പ്രധാനകഥാപാത്രമായതെന്ന് എനിക്കു മനസ്സിലാകുന്നില്ല. അയാൾ കിട്ടുണ്ണിമേനവനെ കൊന്നതുകൊണ്ടാണൊ?. അങ്ങിനെയാണെങ്കിൽ ലോകത്തിൽ പ്രാധാന്യം കൊലപാതകികൾക്കായിത്തീരും. മററുള്ളവരുടെ സല്കീൎത്തിയെ നിശ്ശേഷം ഹനിക്കുന്നതിന് പുറപ്പെട്ടിട്ടുള്ള മാരാൎക്കും സാഹിത്യലോകത്തിൽ അങ്ങിനെയുള്ള ഒരു പ്രാധാന്യത്തിനവകാശപ്പെടാം. അല്ലാതെ ഭാസ്കരമേനോനെപ്പോലെ നാതിവിസ്തരമായ ഒരു ഗ്രന്ഥത്തിൽ അതിലെ പ്രതിനായകന്റെ ഒരുപകരണം മാത്രമായിയിരിക്കുന്ന ശങ്കരമേനോന് അ

പ്പൻതമ്പുരാൻ തിരുമനസ്സിലേപ്പോലുള്ള കലാവിദഗ്ദ്ധന്മാർ യാതൊരു പ്രാധാന്യവുംനൽകുകയില്ല. പിന്നെ അങ്ങിനെയുള്ള ഒരു പാത്രത്തെ "അകത്തിട്ടടച്ച"തും പുറത്തുകാണിക്കേണ്ട ആവശ്യം ഇല്ലാത്തതുകൊണ്ടുതന്നെയാണെന്ന് നിമ്മത്സരന്മാർ സമ്മതിക്കുകതന്നെ ചെയ്യും. എന്നുതന്നെയുമല്ല, ഒരു കൊലപാതകിയെക്കണ്ടുപിടിക്കുഎന്നുള്ള അവസാനഫലത്തിലേക്ക് ഏകാഗ്രമായി പ്രവത്തിക്കുന്ന ഒരു നോവലിൽ, ആദ്യഭാഗങ്ങളിൽ അയാളെപ്പററി ചില സൂചനകൾക്കല്ലാതെ അവസരമില്ലെന്ന് സഹൃദയന്മാക്ക് അറിയാവുന്നതുമാണ്. ഓരോ പാത്രങ്ങളിൽ രസവും നീരസവും തോന്നുന്നത് അവരവരുടെ മനസ്സിൻെറ സ്ഥിതി അനുസരിച്ചാണ്. ഒരാൾ അധികം രസിക്കുന്ന പാത്രം കൂടുതൽ രംഗത്തിൽ കാണുന്നതിന് അയാൾ ഇഷ്ടപ്പെടുകയും ചെയ്യും. കൊലപാതകിയായ ശങ്കരമേനോനെ കാണാൻ മാരാക്കുള്ള ഉൽക്കണ്ഠ എന്തുകൊണ്ടാണെന്ന് നമുക്കു മനസ്സിലാക്കാം. നിവൃത്തിയുണ്ടെങ്കിൽ സഹതപിക്കാം. അത്രമാത്രം.

സ്ഥലപരിശോധനകൊണ്ട് ഭാസ്കരമേനോൻ സമ്പാദിക്കുന്ന ചില തെളിവുകൾ അസംഭാവ്യങ്ങളാണെന്നാണ് മാരാരുടെ മറെറാരാക്ഷേപം. "മഴ കോരിച്ചൊരിഞ്ഞിരുന്ന"തുകൊണ്ട് 'വടികുത്തിനിറുത്തിയ കുഴിയും' അങ്ങോട്ടും ഇങ്ങോട്ടും നടന്ന പാടുകളും കണ്ടുപിടിക്കാൻ സാധിക്കയില്ലായിരുന്നു എന്നു് മാരാർ പറയുന്നു. ദുരുദ്ദേശമില്ലാതെ ഗ്രന്ഥം വായിക്കുന്നവക്കു നേരെ മറിച്ചാണു തോന്നുക. കുഞ്ഞിരാമൻനായർ ഞെട്ടി ഉണരുന്നതിന് കാരണം കൊലപാതകിയുടെ കാൽപെരുമാററത്തിൻേറയൊ, പൊട്ടിയ ഓട് നിലത്തു വീണതിൻെറയൊ ശബ്ദം കൊണ്ടായിരിക്കണമെന്ന് ഗ്രന്ഥകത്താവു പ്രാരംഭത്തിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. ആ സമയത്ത് 'മഴ പൊടിയുന്നുണ്ടായിരിക്കണം' എന്നാണു ഗ്രന്ഥത്തിൽ കാണുന്നതു്. ഈ സമയം കഴിഞ്ഞിട്ട് 'മഴ കോരിച്ചൊരിഞ്ഞതായി' ഗ്രന്ഥത്തിൽ പറയുന്നുമില്ല. അതുകൊണ്ട് വടി കുത്തിനിറുത്തിയ കുഴിയും, കാൽ പാടുകളും അവ്യക്തമായി കാണുന്നതിനിടയായതിൽ യാതൊരസംബന്ധവും ഇല്ല. ഈ സംഗതി മനസ്സിലാക്കാൻ സാധിക്കാത്ത മാരാരുടെ ശിഷ്യതപമാണ് പരമേശ്വരനുണ്ടായിരുന്നതെങ്കിൽ ഭാസ്കരമേനോനും മൊയ്തുവും കൂടി പെരുവല്ലാപ്പുഴയുടെ തീരത്തിലൂടെ ഓടിയതിൻെറ ലക്ഷണം കണ്ടുപിടിക്കാൻ ഉദ്യമിക്കുകയില്ലായിരുന്നു. ഒരു പക്ഷെ കൊലപാതകിയായ ശങ്കരമേനോൻെറ പക്ഷപാതിയായ മാരാർ, ശങ്കരമേനവന് വിപരീതമായ തെളിവുകൾ ഭാസ്കരമേനോൻ ശേഖരിക്കുന്നതിൽ എങ്ങനെ കുററം പറയാതിരിക്കും.

പരിശോധനക്കായി കൊലസ്ഥലത്തെത്തിയ ഇൻസ്പെക്ടർ കാര്യസ്ഥനെ വിളിച്ച് ഉടനടി മൊഴിവാങ്ങാതിരുന്നതിൽ മാരാക്ക് വലിയ ആ

ക്ഷേപമാണു്. മി: മാരാർ പോലീസ്സുജോലിയിൽ പ്രവേശിക്കാതിരുന്നതു് വലിയ ഭാഗ്യദോഷമായിപ്പോയി. പ്രവേശിച്ചിരുന്നുവെങ്കിൽ 'കുഞ്ഞുണ്ണി' നായർ പെൻഷ്യൻ പററിപ്പിരിഞ്ഞപ്പോൾ അതിൽ നൂറിരട്ടി മണ്ടനായ ഒരു സാഹിത്യശിരോമണിയെ തൽസ്ഥാനത്തിൽ നിയമിക്കുവാനുണ്ടാകുമായിരുന്നു. ബാലകൃഷ്ണമേനോനെപ്പററി ഭാസ്കരമേനോനു ചില സംശയങ്ങൾ ഉണ്ടായപ്പോൾ അയാളെ സ്റ്റേഷനകത്തുകയററി ഒന്നു വിസ്തരിക്കാഞ്ഞതെന്താണെന്നു മി: മാരാർ ചോദിക്കാതിരുന്നതെന്താണാവോ? കൈപ്പീത്തിൽ ഒപ്പിടുവിക്കുവാനായി 'കാര്യസ്ഥനെ ഭേദ്യം ചെയ്യുന്നതു് തൻെറ ഉദ്യോഗമുറക്കു് താൻ ചെയ്യേണ്ട കൃത്യമാണെന്നു് വിശ്വസിക്കുന്ന കുണ്ടുണ്ണിനായർ ഒരു സത്യവാനാണെന്നു് മാരാരോടു 'ശ്രു പാശ്ചെയ്യുന്ന' ഗ്രന്ഥകാരനു്, 'സത്യം അസത്യവും അസത്യം സത്യവും ആയിരിക്കു'മെന്നു്, കൊള്ളരുതാത്തതെല്ലാം കൊള്ളാവുന്നതും കൊള്ളാവുന്നതെല്ലാം കൊള്ളരുതാത്തതുമായി തോന്നുന്ന മാരാർ വിധിയെഴുതിയതിൽ വലിയ അത്ഭുതമൊന്നുമില്ല. നവയൗവനയുക്തയും സുകുമാരഗാത്രിയുമായ ഒരു അബല 'അവളുടെ ആകൃതിക്കനുകൂലമല്ലാത്ത മനോധൈര്യം' കാണിച്ചുവെന്നു് ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതിനു് "മനോജ്ഞാകൃതിയുള്ളവൾക്കു മനോധൈര്യം യോജിക്കുകയില്ലെ"ന്നു് വ്യാഖ്യാനിക്കുന്ന മാരാരുടെ "ശിരോമണി"പ്പദം എന്തിനോടു ഘടിപ്പിച്ചാലാണാവോ യഥാർത്ഥമാവുക.

ഭാസ്കരമേനോൻെറ വായനമുറിയിൽ രസതന്ത്രത്തേയും പ്രകൃതിശാസ്ത്രത്തേയും സംബന്ധിച്ച പല ഉപകരണങ്ങളും ഉള്ളതായി വർണ്ണിച്ചിട്ടുള്ളതു് "കഥയിലേക്കു വളരെയൊന്നും പ്രയോജനപ്പെടുന്നില്ലെന്നാണു്" മാരാരുടെ വേറൊരാക്ഷേപം.! ഭാസ്കരമേനോൻ അന്യസഹായം കൂടാതെ മരുന്നിൽ വിഷം കലർത്തിയിരുന്നതു് കണ്ടുപിടിച്ചതും മററും മാരാരുടെ കണ്ണിൽ കാണുന്നില്ല. ഒരു വർണ്ണനയിൽ ഉൾപ്പെട്ട സകല വസ്തുക്കൾ കൊണ്ടും ഉപയോഗമുണ്ടായിരിക്കണമെന്നു് അന്ധവിശ്വാസമുള്ള മാരാർ മേലേവീട്ടിൽ കയ്യാലുടെ വേലിയ്ക്കു് കൊങ്ങിണിച്ചെടിയുടെയും കരിങ്ങാട്ടയുടേയും ആവശ്യമെന്തായിരുന്നു എന്നു ചോദിച്ചില്ലല്ലോ എന്നു സമാധാനപ്പെടാം. ഈവക ഉപകരണങ്ങൾ കൊണ്ടു് യാതൊരാവശ്യവും കഥക്കില്ലെന്നു സ്വയം വിധിക്കുകയും, ആ വിധിയെ അടിസ്ഥാനപ്പെടുത്തി, "ഭാസ്കരമേനോൻ" ഏതോ ഒരു ഇംഗ്ലീഷുനോവലിനെ അടിസ്ഥാനപ്പെടുത്തി വിരചിച്ചിട്ടുള്ളതാണെന്നു മാരാർ തീർച്ചപ്പെടുത്തുകയും ചെയ്തു. ഈ തീർച്ചയെ ഇളക്കാൻ പാടില്ലാത്തവിധം അഷ്ടഗന്ധമിട്ടുറപ്പിക്കുന്ന ഒന്നുരണ്ടു കാരണങ്ങൾ കൂടി മാരാർ കാണുന്നുണ്ടു്. അവ കിട്ടുണ്ണിമേനവനെപ്പോലെയുള്ള ഒരാൾ ഹോട്ടൽ ജീവിതക്കാരായ യൂറോപ്യന്മാരെപ്പോലെ കേവലം ഒരു ഭൃത്യനോടു കൂടി ഏകാന്തജീവിതം നയിക്കുക എന്നുള്ളതു് അത്ര സാധാരണമല്ല. (൧) മ

ലയാളത്തിലെ സമ്പന്നനായ ഒരു നാട്ടുവാഴിപ്രഭു ഒട്ടും അഭിമാനകരമല്ലാത്ത സ്റ്റേഷനാപ്സരുദ്യോഗത്തിൽ പ്രവേശിക്കുക എന്നുള്ളതു് അസംഭവ്യമാകുന്നു. ഇവ എന്തെങ്കിലും ഒരു സംഗതി തെളിയിക്കുന്നുണ്ടെങ്കിൽ അതു് ലോകഗതിയും മനുഷ്യസ്വഭാവവും മനസ്സിലാകാതെ, സങ്കുചിതബുദ്ധിയായ മാരാർ ഇങ്ങിനെയെഴുതുന്നതു് ഏതൊ ഒരു വലിയ അസൂയാമൂത്തിയുടെ ആവേശം കൊണ്ടു മാത്രമാണെന്നാണ്. തറവാടിൽ നിന്ന് മാറിത്താമസിക്കുന്ന കാരണവന്മാരെയും പോലീസുദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ള തറവാടികളേയും ഇന്നും കേരളത്തിൽ ധാരാളം കാണാൻ കഴിയും. മാരാർക്കു തന്നെ കണ്ണിൽനിന്ന് ആ അസൂയാപടലം മാറിയാൽ കാണുകയും ചെയ്യാം.

മാരാരുടെ "ലോകശാസ്ത്രജ്ഞാനത്തിൻെറ" മറെറാരു പ്രദശനമാണ് ദേവകിക്കുട്ടി പുലയുടെ കഥ മറന്ന് അമ്പലത്തിലേക്കു തൊഴുവാൻ പോയതു് അസംഭാവ്യമാണെന്നു സ്ഥാപിക്കുന്ന ഭാഗം. പുലക്കാലത്തു് ചാന്തിൻചെപ്പു മുതലായവ ആരും തൊടാറില്ലത്രെ!! പുളിങ്ങോട്ടുവീട്ടും ചേരിപ്പറമ്പു വീട്ടും അടുത്ത അവകാശികൾ താമസിക്കുന്ന അകന്ന വീടുകളാണെന്ന്, വീട്ടുപേരുകൊണ്ടും കടംകൊടുത്തിരിക്കുന്ന പണത്തിൻെറ കഥ കൊണ്ടും, കാര്യസ്ഥൻെറ കത്തുകൊണ്ടും മററും ഗ്രന്ഥകത്താവു നല്ലവണ്ണം വെളിപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു വീട്ടിലെ അനുരാഗാധിക്യം കൊണ്ട് മതിമറന്ന ഒരു തരുണി തൻെറ പുലയെ, സാധാസ്ഥിതികന്മാരെപ്പോലെ ഗൗരവമുള്ളതായി വിചാരിക്കാതെ മറന്നതിൽ അത്ര വലിയ അസാംഗത്യവുമില്ല. ഇതും "പുവയാചരിക്കാത്ത വിദേശ്യപാത്രങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാകകൊണ്ടു സംഭവിച്ചിട്ടുള്ളതാണത്രെ!! ഹേ! മിസ്റ്റർ മാരാരെ! എത്ര യൂറോപ്യൻസ്ത്രീകൾ ചാന്തുപൊട്ടും തൊട്ടു നടക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ട് അമ്പോ!! മാരാരുടെ ലോകശാസ്ത്രജ്ഞാനവും, ബുദ്ധിയുടെ കേററവും വിസ്മയനീയം തന്നെ.

എന്തിനിനിയും ഈ അസംബന്ധപരിപൂണ്ണമായ ലേഖനത്തെ പിൻതുടരുന്നു.? കഥാവസ്തുവിലാകട്ടെ, വാക്യബന്ധത്തിലാകട്ടെ, സ്വഭാവകല്പനയിലാകട്ടെ കേവലം അധിക്ഷേപാഹമായ ഒരു ചെറിയ ഭാഗമെങ്കിലും എടുത്തു കാണിക്കുന്നതിനു മി: മാരാർക്കു സാധിച്ചിട്ടില്ല. ഭാസ്കരമേനോൻ എന്ന ഗ്രന്ഥത്തെ അധിക്ഷേപിക്കാൻ പുറപ്പെട്ട മാരാർ തനിക്കു 'പുലഭ്യം' പാടുന്നതിനുള്ള അമിതമായ വാസനയെയാണ് പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു്. മാരാർ മലയാളഭാഷക്കു് ഒരു വലിയ ആപത്താണ്. ഇദ്ദേഹത്തിൻെറ ഹൃദയത്തിൽ വച്ചു പോററിവരുന്ന അസൂയയെന്നും അഹങ്കാരമെന്നുമുള്ള രണ്ടു കാളസപ്പങ്ങൾ ദിവസംപ്രതി ഛദ്ദിക്കുന്ന ഭയങ്കരമായ കാകോളം സുകുമാരമനോഹരങ്ങളായ പല സുകൃതശരീരങ്ങളിലും പതിച്ചുകഴി

ഞ്ഞു. ഇനിയും ഈ ബീഭത്സവൃത്തി തുടരാത്ത വിധത്തിൽ ഈ ഉഗ്രസൎപ്പത്തിന്റെ തേജോവധം ചെയ്യുന്നതിന്നു കാളിയമൎദ്ദനം ചെയ്ത ഭഗവാൻ സഹായിക്കട്ടെ.

# കിമ്മീരവധവ്യാഖ്യാനനിരൂപണത്തെക്കുറിച്ചുള്ള

## അഭിപ്രായം

(പി. കൃഷ്ണൻനായർ)

എറണാകുളം കാളേജ് വിദ്യാൎത്ഥികളുടെ വകയായി ഭാഷാസാഹിത്യമണ്ഡലത്തിൽ നിന്നു പുറപ്പെടുന്ന സാഹിത്യസോപാനത്തിൽ ശ്രീമാൻ, പി. എസ്സ്. എ. അവൎകൾ നിരൂപണദ്വാരാ കിമ്മീരവധം ആട്ടക്കഥയുടെ വ്യാഖ്യാനത്തെ സുഹൃൽഭാവത്തിൽ അഭിനന്ദിക്കുകയും, അതിൽ വന്നുപോയ ചില സ്ഖലിതങ്ങളെ ചൂണ്ടിക്കാണിച്ചു തരികയും ചെയ്തതിന്ന്, എനിക്ക് അദ്ദേഹത്തോടുള്ള ഹാൎദ്ദമായ കൃതജ്ഞതയെ വല്ല മാസികവഴിക്കുമല്ലാതെ തല്ക്കാലം പ്രദൎശിപ്പിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, അപ്രകാരം ചെയ്യുന്നത് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. വിശേഷിച്ച്, ഇക്കാലത്ത് അങ്ങുമിങ്ങും പൊട്ടിപ്പുറപ്പെട്ടു കാണുന്ന ചില നിരൂപണാഭാസങ്ങളെപ്പോലെ പ്രകൃതനിരൂപണം, ഈൎഷ്യാകലുഷിതമൊ, സ്നേഹാന്ധമൊ അല്ലെന്നുള്ള ആ ഒരു സംഗതിതന്നെ എത്രയും അഭിനന്ദനീയമാണെന്നു പറയാതെ തരമില്ല. എന്നു മാത്രമല്ല, "സ്ഖലിതം മനുഷ്യൎക്കു സഹജമാണെന്നു കാണിക്കുന്ന ചില ചില്ലറസംഗതികൾ ഈ വ്യാഖ്യാനത്തിലും വന്നു കാണുന്നതിനെ എടുത്തു പറയുന്നതു വിദ്യാൎത്ഥികളുടെ ഉപകാരം ഒന്നിനെ മാത്രം ലക്ഷ്യമാക്കീട്ടാണെ"ന്നു അദ്ദേഹം തുറന്നു പറഞ്ഞിട്ടുമുണ്ട്.

പക്ഷെ, സ്ഖലിതം മനുഷ്യൎക്കു സഹജമാണെന്നു നിരൂപകൻ തന്നെ എടുത്തു പറഞ്ഞിരിക്കുന്ന സ്ഥിതിക്ക്, പ്രസ്തുതനിരൂപകനും മനുഷ്യനാകയാൽ വ്യാഖ്യാതാവിന്റെ വാക്കിലെന്നപോലെ അദ്ദേഹത്തിന്റെ ഉപദേശങ്ങളിലും സ്ഖാലിത്യശങ്കയ്ക്കിടയുള്ളതുകൊണ്ടു, പറഞ്ഞതു മുഴുവനും

പ്രാമാണികമാവില്ലെന്നു വിചാരിച്ചു വിദ്യാൎത്ഥികൾ വിഷമിച്ചുപോകുമൊ എന്നു ഞാൻ സംശയിക്കുന്നു. ഈ ഘട്ടത്തിൽ കഴിയുമെങ്കിൽ വല്ലപ്രകാരവും അവരെ സഹായിക്കേണ്ടുന്ന ചുമതല വ്യാഖ്യാതാവിന്നുണ്ടെന്നാണ് എൻ്റെ വിശ്വാസം. എന്നാൽ അതു എത്രകണ്ടു സാദ്ധ്യമാണെന്നുള്ള കാൎയ്യത്തിൽ തീൎച്ചയുമില്ല. എങ്കിലും ഈ വക വിസംവാദസ്ഥലങ്ങളിൽ അവർ ചെയ്യേണ്ടതു് – നിരൂപകൻ്റേയും പ്രകൃത വ്യാഖ്യാതാവിൻ്റേയും അഭിപ്രായങ്ങളെ നല്ലപോലെ പൎയ്യാലോചിച്ച് അഭിപ്രായപ്പെടുന്ന അദ്ധ്യാപകന്മാരുടെ സിദ്ധാന്തങ്ങളെ സ്വീകരിക്കുകയൊ, അവയോരോന്നും അവരവർ തന്നെ പ്രത്യേകമെടുത്തു വിവേചിച്ചു സ്വപ്രതിഭാനുഗുണം തീൎച്ചപ്പെടുത്തുകയൊ മാത്രമാണെന്നു പറയാം. അതിലേക്കു താദൃശസ്ഥലങ്ങളിൽ വ്യാഖ്യാതാവിൻ്റെ അഭിപ്രായമെന്തെന്നറിയേണ്ടതു് അത്യാവശ്യമാകയാൽ അതു താഴെ ചേൎക്കുന്നു:—

തോടയത്തിലെ 'ലംബോദരരേ' എന്നതിൽ 'രേ' എന്നു പദച്ഛേദം ചെയ്തതു ശരിയായില്ലെന്നും, അതു തുച്ഛസംബോധനമാകയാൽ ഗണപതിപ്രാൎത്ഥനയിൽ ഉചിതമല്ലെന്നും, ദ്രാവിഡവാണിയിൽ 'ഭാഗവതരേ' എന്നും മററുമുള്ളപോലെ ബഹുമാനസൂചകമായി പ്രയോഗിച്ചതാണെന്നു ഒരു സഹൃദയൻ പറഞ്ഞു കേട്ടിട്ടുണ്ടെന്നുമാണ് ശ്രീമാൻ പി. എസ്സ്. ഏ. പറയുന്നതു്. എന്നാൽ എന്നോടു അപ്രകാരം സഹൃദയന്മാരാരും തന്നെ പറഞ്ഞിട്ടില്ലെങ്കിലും പ്രകൃതഗ്രന്ഥത്തിൻ്റെ 'ഭാവപ്രകാശ'മെന്ന ഒരു വ്യാഖ്യാനത്തിൽ അങ്ങനെയെഴുതിയിരിക്കുന്നതു ഞാനും കണ്ടിട്ടുണ്ടു്. പക്ഷെ, അതു് എനിക്കു് അത്ര രുചിക്കാത്തതുകൊണ്ടു ഞാൻ സ്വീകരിച്ചില്ലന്നെയുള്ളു. 'ലംബോദരൎക്കു' മാത്രമെ ആ വക ബഹുമാനം വേണ്ടു; "ഹരിഹരവിധിനുത, അമരപൂജിത ഹേ! വാമനരൂപ, ഏകദന്ത ചതുരാത്ഭുതബല"—എന്നി പദപ്രയോഗങ്ങളിലൊന്നും അതു ആവശ്യമല്ലെന്നു പറയുന്നതു കുറെ കഷ്ടമല്ലെ? ആ ബഹുമാനവാചിപ്രത്യയം പ്രത്യേകം പ്രത്യേകം അന്വയിക്കുമെന്നൊ അതിനു അനുവൃത്തിയൊ അനുകർഷമൊ വരുമെന്നോ പറയാമൊ? സംസ്കൃതഭാഷയിൽ നിബന്ധിച്ച ഗണപതിസ്തുതിയിൽ ബഹുമാനത്തിനായി അവസാനം ഓരോ പദം മാത്രം മലയാളമൊ തമിഴൊ ആക്കുന്നതു ന്യായമാണൊ? 'ഭാഗവത'രെപ്പോലെ ഗണപതിയും 'ലംബോദരരേ' എന്നു വിളിക്കാതിരുന്നാൽ മുഷിയുമെന്നാണെങ്കിൽ ശ്രീകൃഷ്ണനും ശിവനും മററും ആ വക മുഷിച്ചിലിന്നു ഇടയില്ലെന്നു വരുമൊ? മലയാളികളായ നാം തമിഴരെപ്പോലെ, ലംബോദരരെന്നും, വിനായകരെന്നും, പിള്ളെയാരെന്നും, രാമരെന്നും, ഹനുമാരെന്നും മററും പറയുക പതിവില്ല. സംസ്കൃതത്തിലും ആ പതിവില്ല. ഈശ്വരനെ കുറിക്കുന്ന പദങ്ങളിൽ ബഹുമാനവാചിപ്രത്യയം അവഹേളാസ്പദമൊ അനാദരതാസൂചകമൊ ആയിട്ടാണ് മലയാളികൾ

വിചാരിക്കുക. ഗൌരവപുരസ്സരമായ മനുഷ്യത്വബുദ്ധിയുള്ളേടത്തു താദൃശബഹുമാനപ്രത്യയം അനുചിതമല്ലെന്നേയുള്ളൂ. അതുകൊണ്ടാണ് ധർമ്മപുത്രർ, ദ്രോണർ, ഭീഷ്മർ, കൃപർ, വിദുരർ മുതലായ ചില ശബ്ദങ്ങൾ തമിഴസമ്പ്രദായമനുസരിച്ചു വന്നു കാണുന്നതിനെ ഇന്നും തിരെ തള്ളിക്കളയാതിരിക്കുന്നതു്. വിശേഷിച്ച്, 'രേ' എന്ന സംബോധനം തുച്ഛവിഷയത്തിൽ മാത്രമെ പ്രയോഗിക്കാവു എന്നുണ്ടെങ്കിൽ എന്തെങ്കിലുമാവട്ടെ എന്നു വെക്കാമായിരുന്നു. അതിനും വഴിയില്ല. സംബോധനേംഗ,ഭോഃ, പാട്, പ്യാൾ, ഹേ, ഹൈ, ഹം, ഹോ? രേ, രേപിച" എന്നിങ്ങനെ രേശബ്ദം സംബോധനാർത്ഥകമാണെന്നല്ലാതെ, തുച്ഛസംബോധനമാണെന്നു നിഘണ്ടു ശാസിക്കുന്നില്ല. "ആത്മാവാരേ ദ്രഷ്ടവ്യഃ ശ്രോതവ്യോ മന്തവ്യോ നിദിദ്ധ്യാസിതവ്യഃ" ഇത്യാദി ബൃഹദാരണ്യകോപനിഷത്തിൽ ആത്രേയിയെ ഉദ്ദേശിച്ചു പ്രയോഗിച്ചിരിക്കുന്ന 'രേ' ശബ്ദസമാനാർത്ഥകമായ അരേശബ്ദം തുച്ഛസംബോധനമാണെന്നു പറയാമൊ? എന്തിനു മാലതീമാധവം മൂന്നാമങ്കത്തിലുള്ള "രേരേശങ്കരപുരാധിവാസിനോജാനപദാഃ" എന്നതും തുച്ഛസംബോധനമാണെന്നു പറയുന്നതെങ്ങനെ? വിശേഷിച്ചു ഭഗവാനിൽ ലൌകികരീതിയനുസരിച്ചു സംബോധനവിഷയത്തിൽ തുച്ഛത്വാതുച്ഛത്വകല്പനം ഉചിതമല്ലെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടാണ് "ഏമിരാരാമനാവല്ല ഭനരമേമിരാരാമ" എന്നിങ്ങനെ രേശബ്ദസമാനയോഗക്ഷേമമായ 'രാ' എന്ന സംബോധനം ഭക്തശിരോമണിയായ രാമദാസൻ പോലും ഭഗവാനെ ഉദ്ദേശിച്ചു പ്രയോഗിച്ചിരിക്കുന്നതു്. ഇതുകൊണ്ടൊന്നും ഇനിയും തൃപ്തിയായിട്ടില്ലെങ്കിൽ 'ലംബോദരരേ' എന്നതു 'ഭാഗവതരേ' എന്നതുപോലെയാണെന്നു പറയുന്നതിലും ഭേദം, ഗീതഗോവിന്ദത്തിൽ കാണുന്ന "ശ്രിതകമലാകുചമണ്ഡല ധൃതകുണ്ഡല ഏ" എന്നതുപോലെ 'ഏ' തന്നെയാണെന്നു പറയുന്നതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

(തുടരും)

# * അദ്ധ്യാപകൻെറ ദയനീയാവസ്ഥ

(പ്രൊഫസ്സർ ദിവാൻ ചന്ദ് ശർമ്മ എം. ഏ.)

ഒരു കാലത്തു് ആംഗ്ലേയകവികൾ അവരുടെ ദേശമഹിമയെ സ്തുതിഗീതം ചെയ്യുന്നതിൽ ബദ്ധകങ്കണരായിരുന്നു. ഓരോ കവിയും പുഞ്ചിരിതൂകുന്ന വയലുകളേയും, സുഖപ്രദങ്ങളായ നാട്ടിൻപുറങ്ങളേയും, കോമളകളായ യക്ഷികളേയും, പരിശുദ്ധകളായ ഗ്രാമീണകന്യകകളേയും മററും പററി

* ഇൻഡ്യൻ എഡ്യൂക്കേറ്റർ

കവിത എഴുതുവാൻ തുടങ്ങി. എല്ലാവരും ഈ ആശയങ്ങൾതന്നെ ആവത്തിച്ചുതുടങ്ങിയപ്പോൾ ജനങ്ങൾക്കു നീരസം ജനിച്ചു. ഒടുവിൽ ഒരു കവി നാട്ടിൻപുറത്തെപ്പററി സത്യം ചിത്രീകരിക്കുന്നതുപോലെ–കവികൾ ചിത്രീകരിക്കുന്നതുപോലെയല്ല–വിവരിക്കാമെന്നു പറഞ്ഞു. അദ്ദേഹം കഷകന്മാരുടെ ദാരിദ്ര്യത്തേയും അജ്ഞാനത്തേയും, ജീവിതത്തിൽ ശ്രേഷ്ഠപദപ്രാപ്തിക്ക് അവക്കു സന്ദർഭങ്ങൾ ലഭിക്കാത്തതിനെയും, അവരുടെ ജോലിയുടെ വിരസതയെപ്പററിയും, കുടിലുകളുടെ അധഃപതനത്തെപ്പററിയും കവിതകൾ എഴുതുവാൻ ആരംഭിച്ചു. അന്നു നാട്ടിൻപുറത്തെപ്പററി ആംഗ്ലേയകവികൾ ഉണ്ടാക്കിയ ചിത്രംതന്നെയാണു നാം നമ്മുടെ അദ്ധ്യാപകന്മാരെപ്പററി വരക്കുന്ന ചിത്രവും. അവരെ നല്ല പേരുകൾകൊണ്ടു നാം അഭിസംബോധനം ചെയ്യാറുണ്ട്. അവർ ദേശത്തിൻെറ സ്രഷ്ടാക്കളാണ്, അവരാണു യുവജനങ്ങളുടെ ജീവിതത്തെ രൂപവൽക്കരിക്കുന്നത്; നമ്മുടെ യുവജനങ്ങളുടെ വിധിഎഴുത്തുകാർ അവരാണ്; ഇവയെല്ലാം നല്ലതുതന്നെ. പക്ഷെ വാദ്ധ്യാന്മാരെപ്പററി ശരിയായി വിവരിക്കുന്നില്ല. യഥാത്ഥ ഗ്രാമങ്ങളും കവികളുടെ ഗ്രാമങ്ങളും തമ്മിലുള്ള ഒരു യഥാത്ഥ വ്യത്യാസം ഇൻഡ്യയിലെ യഥാത്ഥ ഗുരുനാഥന്മാരും സങ്കല്പഅദ്ധ്യാപകന്മാരും തമ്മിലുണ്ട്. എന്നാൽ നമ്മുടെ അദ്ധ്യാപകന്മാർ എങ്ങനെയുള്ളവരാണ്?

എൻെറ അഭിപ്രായത്തിൽ മിക്കവരും അനുകമ്പാഹ്മരാണ്. ഒന്നാമതായി മിക്കവരുടേയും ജീവിതം നിരുന്മേഷകരവും ഒരേതരത്തിലുള്ളതുമാകുന്നു. ഒരു ദിവസത്തെ ജീവിതത്തിനു വേറൊരു ദിവസത്തെ ജീവിതത്തേക്കാൾ വ്യത്യാസമൊന്നുമില്ല. അദ്ധ്യാപകന്മാർ എന്ന നിലയിലുള്ള ജീവിതത്തിൽ ആദ്യംമുതൽ അവസാനംവരെ ഒരേതരത്തിലുള്ള ചുമതലകളും ദുഃഖങ്ങളുമുള്ളതായിക്കാണാം. ഒരേകാര്യങ്ങൾതന്നെ പ്രവത്തിച്ചുകൊണ്ടും ഒരേവിഷയങ്ങൾതന്നെ അഭിമുഖീകരിച്ചുകൊണ്ടും അവർ ജീവിതം കഴിച്ചുകൂട്ടുന്നു. ഇപ്രകാരം ജീവിതം തുരുമ്പു പിടിക്കുന്നതല്ലാതെ വിവിധതപമുള്ളതല്ല.

ജീവിതം ഒരേതരത്തിലുള്ളതെന്നു മാത്രമല്ല, കഠിനതരവുമാണ്. എല്ലാ തൊഴിലുകളിലുംവച്ച് ഈ തൊഴിലിനാണ് അല്പശമ്പളം ലഭിക്കുന്നത്. അല്പമായ ആദായംകൊണ്ടു ചിലപ്പോൾ വലിയ കുടുംബങ്ങളേപ്പോലും പുലത്തേണ്ടിയിരിക്കുന്നു. പുസ്തകം വാങ്ങുന്നതിനൊ, സ്ഥലങ്ങൾ സന്ദശിക്കുന്നതിനൊ, വിനോദങ്ങളിലേപ്പെടുന്നതിനൊ അവക്കു പണമില്ല. അവർ മാത്രമല്ല ബുദ്ധിമുട്ടുന്നത്. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുപോലും അവക്ക് നിവൃത്തിയില്ലാതായിത്തീരുന്നു. ചിലപ്പോൾ അവരുടെ അകാലമരണം കുഡുംബങ്ങളെ നിരാശ്രയരും ദരിദ്രരുമാക്കുന്നു.

അവർ മാനേജുമെൻറുകളുടേയൊ പരിശോധനാധികാരികളുടേ

യൊ കീഴിലാണ ജോലിനോക്കുന്നതു്. അവരുടെ ശക്തിവിശേഷങ്ങളെപ്പരീക്ഷിച്ചുനോക്കുവാൻ സ്വാതന്ത്ര്യമില്ല. ദിവസവും ചിട്ടപ്രകാരമുള്ള ജോലി ഉത്സാഹത്തെ ഹനിക്കുന്നു. കാക്കശ്യം സൽബുദ്ധിയേയും ചൊടിയേയും നശിപ്പിക്കുന്നു. പ്രവൃത്തിസ്വാതന്ത്ര്യം അവക്കില്ല. വിദ്യാഭ്യാസം എന്നു പറയുന്നതു അധികാരശക്തിയാണെന്നും പാവനമായ ഒരു വിശ്വസ്തകൃത്യമല്ലെന്നും വിചാരിക്കുന്ന ആളുകളിൽനിന്നാണ് അവക്കു ആജ്ഞകൾ സ്വീകരിക്കേണ്ടതു്. ഇപ്രകാരം അവർ ഉദ്യോഗസ്ഥന്മാരുടെ അടിമകളാകുന്നു. പ്രവൃത്തിയിലുള്ള ആനന്ദം നശിച്ചുപോകുന്നു.

അദ്ധ്യാപകന്മാരായിരിക്കുന്നിടത്തോളംകാലം, അവർ ജ്ഞാനത്തെ വദ്ധിപ്പിക്കുന്നതിനൊ നവ്യങ്ങളായ ആശയങ്ങൾ സ്വീകരിക്കുന്നതിനൊ, പുതിയ പദ്ധതികളെ പ്രയോഗിച്ചു നോക്കുന്നതിനൊ, വായിക്കുന്നതിനൊ, ചിന്തിക്കുന്നതിനൊ, അവക്കു് അവസരം നല്കുന്നില്ല. ഒരിക്കൽ ഒരുപാത്രം വെണ്ണയോടുകൂടി ഒരു ദീർഘയാത്ര പുറപ്പെട്ട ഒരാളുടെ കഥ ഞാൻ വായിക്കുകയുണ്ടായി. ആദ്യം അയാൾ വളരെ സന്തോഷവാനായിരുന്നു. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും അതു ഘനം കുറച്ചു കുറച്ചു പരത്തേണ്ടിയിരുന്നു. അതുപോലെ നമ്മുടെ അദ്ധ്യാപകന്മാരും നല്ല ജ്ഞാനസംഭരണത്തോടുകൂടി ജോലി ആരംഭിക്കുന്നു. കൊല്ലം കഴിയുന്തോറും ആ സംഭരണം കുറഞ്ഞു കുറഞ്ഞു വരുന്നു. അവസാനം ആ ജ്ഞാനഭണ്ഡാഗാരം ശൂന്യമായിത്തീരുന്നു. ബുദ്ധിശക്തിക്ഷയവും കാണുന്നു. തങ്ങൾക്കിഷ്ടമുള്ള വിഷയങ്ങളുമായി പരിചയപ്പെടുന്നതിനു സാധിക്കാത്തതാണ് അദ്ധ്യാപകന്മാരുടെ ജീവിതത്തിലെ ദുരന്തകഥ.

സമുദായത്തിലും അദ്ധ്യാപകനു പിന്നണിയിലെ സ്ഥാനമാണുള്ളതു്. എല്ലായിടത്തും പണക്കാരേയും സ്ഥാനമാനികളേയും ബഹുമാനിക്കുന്നു. അദ്ധ്യാപകനിൽ ആരും ശ്രദ്ധിക്കുന്നില്ല. തന്റെ സമുദായത്തിന് ചില ജോലികൾ ചെയ്യണമെന്ന് അയാൾ ഉദ്ദേശിക്കുന്നു. എന്നാൽ അതിനുള്ള സന്ദർഭങ്ങൾ ചുരുക്കമായിട്ടെ ലഭിക്കുന്നുള്ളു. സമത്ഥന്മാരായ വക്കീലന്മാരും അധികാരമുള്ള ഗവമ്മെൻറുദ്യോഗസ്ഥന്മാരും, നിയമസഭാംഗങ്ങളും, പണമുള്ള കച്ചവടക്കാരുംമററും അയാളെ താഴ്ത്തുവാനായി ഗൂഢാലോചന ചെയ്യുന്നതുപോലെ തോന്നുന്നു. അയാൾ നീതിയൊ സേവനമൊ കാണുന്നില്ല. ഇപ്രകാരം അയാൾക്കു ന്യായമായുള്ളതിനെ അപഹരിച്ചെടുക്കുന്നു; ജീവിതകാലം മുഴവനും അധമതാപം അനുഭവിക്കയും ചെയ്യുന്നു.

ഇവയെല്ലാമാണ് ഒരു അദ്ധ്യാപകന്റെ ജീവിതത്തിലെ വിഷമതകൾ. അവയെ എങ്ങനെയാണ് അയാൾക്കു ജയിക്കുവാൻ കഴിയുന്നതു്?

# യശഃശരീരനായ

## മിസ്റ്റർ പി. അയ്യപ്പൻപിള്ള ബി. എ.

(ഒരു സ്ഥൂലലേഖ്യം)

തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിനു സുപരിചിതനായ ഒരു മഹാനായ ശ്രീമാൻ പി. അയ്യപ്പൻപിള്ള അവർകളുടെ ഒരു ഛായ ഞങ്ങൾ ഈ മാസികയുടെ ആദ്യം ചേർത്തിരിക്കുന്നതു് വായനക്കാർ കണ്ടിരിക്കുമല്ലോ. അദ്ദേഹത്തിൻെറ സ്മരണ വിദ്യാഭ്യാസപ്രവർത്തകന്മാരിൽ നിന്നും അധ്യാപകന്മാരിൽ നിന്നും നിശ്ശേഷം മാഞ്ഞുപോയിട്ടില്ല. ഇദ്ദേഹം ആദ്യം അന്നു കാളേജിൻെറ കീഴിൽ ഇരുന്നിരുന്ന തിരുവനന്തപുരം ഹൈസ്കൂളിൽ ഒരധ്യാപകനായിരുന്നു. ഈ വേലയിൽ ഇരുന്നുകൊണ്ടാണ് ഇദ്ദേഹം ബി. എ ബിരുദ സമ്പാദിച്ചതു്. ഈ നിലയിൽ നിന്നും ഏറെ താമസിയാതെ അദ്ദേഹം അവിടെത്തന്നെ പ്രധാനാധ്യാപകനായി നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിനു് അസാമാന്യമായ ഭരണശക്തിയും സാമൎത്ഥ്യവും ഉണ്ടായിരുന്നതിനു പുറമെ ഇംഗ്ലീഷിൽ പ്രത്യേക വൈദഗ്ദ്ധ്യവുമുണ്ടായിരുന്നു എന്നുള്ളതിനു് ഇദ്ദേഹം അക്കാലത്തെഴുതിയിട്ടുള്ള "രാജാകേശവദാസൻ" എന്ന ചെറു പുസ്തകം സാക്ഷ്യം വഹിക്കുന്നുണ്ടു്. ൧൦൬൯-ൽ ഉണ്ടായ മിച്ചിൽസായ്വിൻെറ വിദ്യാഭ്യാസപരിഷ്കാരത്തിൽ ഇദ്ദേഹം ഒരു റേഞ്ചു് ഇൻസ്പെക്ടരായി നിയമിക്കപ്പെട്ടു. ഈ ഉദ്യോഗം മൂന്നു റേഞ്ചിലും ആറേഴുവൎഷം സ്തുത്യൎഹമാംവണ്ണം വഹിച്ചതിനുശേഷം ഹജൂരിൽ വിദ്യാഭ്യാസ കാൎയ്യദൎശിയായി ൫൦൦ രൂപാ ശമ്പളത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു നിയമിച്ചു. ചുമതലയേറിയ ഈ ഉദ്യോഗവും അദ്ദേഹം അനായാസേന വഹിച്ചിരുന്നു. ഇക്കാലത്തു് യഥാൎത്ഥമായ പല വിദ്യാഭ്യാസ പരിഷ്കാരവും ഇദ്ദേഹം ചെയ്തിട്ടുണ്ടു്. മിഡിൽ സ്കൂൾപരീക്ഷ - മുഖ്യപരീക്ഷ മുതലായവ ഏൎപ്പെടുത്തുകയും വിദ്യാലയങ്ങളിൽ ശരിയായ പാഠ്യപുസ്തകങ്ങൾ നിശ്ചയിക്കുകയും വൎഷാവസാനത്തിൽ എല്ലാ വിദ്യാലയങ്ങൾക്കും കൂടി ഒരു താരതമ്യവിവേചനപ്പരീക്ഷ നടപ്പാക്കുകയും അധ്യാപകന്മാൎക്കു് പലവിധത്തിലും പ്രോത്സാഹനം നൽകുകയും പ്രാഥമികവിദ്യാലയങ്ങളുടെ സംഖ്യ പ്രതിവൎഷം വൎദ്ധിപ്പിക്കുകയും, അധഃകൃതവൎഗ്ഗക്കാൎക്കുള്ള വിദ്യാലയങ്ങളിലെ അധ്യാപകന്മാൎക്കു മുഴുവൻശമ്പളവും സഹായധനമായി കൊടുക്കയും രാജ്യത്തിൽ പല ഹൈസ്കൂളുകളും സ്ഥാപിക്കയും മററും പലതും ചെയ്തിട്ടുണ്ടു്. വിധിവൈപരീത്യത്താൽ ൮൮-ാമാണ്ടു കൎക്കടകത്തിൽ പ്രമേഹരോഗബാധിതനായി ഇദ്ദേഹം ൫൦-ാമത്തെ വയസ്സിൽ പരലോകപ്രാപ്തനായി ഭവിച്ചു. മരിക്കുന്നതി

ന്ന അല്പം മുമ്പ് അന്നു രാജ്യം ഭരിച്ചിരുന്ന ശ്രീമൂലം മഹാരാജാവു തിരുമനസ്സുകൊണ്ടു് തനിക്കെന്താണു് അഭിലാഷം ഉള്ളതെന്നു കല്പനപ്രകാരം അദ്ദേഹത്തെ ചികിത്സിച്ചുകൊണ്ടിരുന്ന ഡാക്ടർ പുന്നൻ അവർകൾ മുഖാന്തിരം ചോദിക്കയുണ്ടായി. ഇതിനിദ്ദേഹം പറഞ്ഞ മറുപടി "തിരുവിതാംകൂറിൽ വിദ്യാലയങ്ങളും വിദ്യാഭ്യാസവും ഉത്തരോത്തരം വർദ്ധിപ്പിക്കുന്നതിനു തിരുമനസ്സുകൊണ്ടു വേണ്ട കല്പന നൽകണമെന്നു മാത്രമെ എനിക്കപേക്ഷയുള്ളു" എന്നായിരുന്നു. ഇദ്ദേഹത്തിന്റെ ഭരണകാലം കുറച്ചുകൂടി നീണ്ടുനില്ക്കുവാൻ സംഗതി വന്നിരുന്നു എങ്കിൽ വിദ്യാഭ്യാസവിഷയത്തിൽ കൂടുതലായ പല പരിഷ്കാരങ്ങളും വരുത്തുമായിരുന്നുവെന്നുള്ളതിനു സംശയമില്ല. അദ്ദേഹം അനൌദ്ധത്യവും മനശ്ശുദ്ധിയും സാധുക്കളിൽ കരുണയും ഉള്ള ഒരാളായിരുന്നു. മഹാരാജാവുതിരുമനസ്സിലേക്കു പ്രീതിയുണ്ടായിരുന്ന അപൂർവം ചിലരിൽ ഒരാളും അന്നത്തെ ചീഫ് സെക്രട്ടറി മി: താണുപിള്ളയുടെ അഗ്രഹസ്തനമായിരുന്ന ഇദ്ദേഹം എന്നുകൂടി പറഞ്ഞുകൊള്ളുന്നു.

## കുറിപ്പുകൾ.

### സമസ്തകേരളസാഹിത്യപരിഷത്തു്

(ചതുർത്ഥസമ്മേളനം)

സമസ്തകേരളസാഹിത്യപരിഷത്തിന്റെ നാലാമത്തെ സമ്മേളനം ഈയിടെ തിരുവനന്തപുരത്തുവച്ചു് വളരെ ആഘോഷപൂർവം കൊണ്ടാടിയിരിക്കുന്നു. പരിഷത്തിന്റെ ഭാരവാഹികളിൽ പ്രമാണികളായ മള്ളൂർ പ്രഭൃതികളുടെ സർവ്വവിദിതമായ സാമർത്ഥ്യവും ഉത്സാഹവുംകൊണ്ടാണു് ഇത്രത്തോളം വിജയപൂർവം പരിഷത്തു നടത്തുവാൻ സാധിച്ചതു്. നടപടികൾ എല്ലാം എങ്ങിനെയിരുന്നാലും സാഹിത്യം സംബന്ധിച്ചു് സാമാന്യജനങ്ങളുടെ ഇടയിൽ ഒരു ഉൽബോധനം നൽകുവാൻ മാത്രമെങ്കിലും ഈ സമ്മേളനംകൊണ്ടു് സാധിച്ചുവെങ്കിൽ തീർച്ചയായും പ്രവർത്തകന്മാർ അഭിനന്ദനാർഹന്മാർതന്നെയാണു്. ഇത്തവണത്തെ എല്ലാത്തിലും വിശേഷമായ ഒരു സംഗതി, ഇതഃപര്യന്തം സാധിക്കാത്തവിധം, പരിഷത്തുനടത്തി കുറെ പണം മിച്ചവുംകൂടി ഉണ്ടാക്കിയെന്നുള്ളതാണു്.

ഞങ്ങൾ മുമ്പെതന്നെ പ്രസ്താവിച്ചിട്ടുള്ളപോലെ, ഇത്ര അധികം

അദ്ധ്യക്ഷന്മാരും, പേമാരിപോലെയുള്ള പ്രസംഗങ്ങളും, ടാഗ്ഗർപ്രസ്ഥാനത്തിലുള്ള പദ്യങ്ങളും, അഹോരാത്രമുള്ള സമാജങ്ങളും, ആവശ്യമുള്ളവയാണെന്നു തോന്നുന്നില്ല. ഇത്തവണത്തെ അദ്ധ്യക്ഷപ്രസംഗങ്ങളിൽ ഒന്നുരണ്ടെണ്ണമൊഴികെ ബാക്കിയുള്ളവയ്ക്കു്, ഒരു പുതുമയൊ, സാരമൊ ഉള്ളതായി കാണുന്നില്ല. ജാതിയും മതവും തിരിച്ചുള്ള സ്ഥാനനിർണ്ണയം സാഹിത്യപരിഷത്തിൽ തീരെ ആക്ഷേപാർഹമാണെന്നാണു ഞങ്ങളുടെ പക്ഷം. പരിഷത്തിലെ ഒന്നുരണ്ടു പ്രസംഗങ്ങൾ ഒഴികെ ബാക്കിയുള്ളവ നിരുപയോഗങ്ങളും ശുഷ്കങ്ങളുമായിരുന്നു എന്നാണു ഞങ്ങൾ അറിയുന്നതു്. വന്നവരെ എല്ലാം ചാർത്തിയെന്നല്ലാതെ, വളരെ ദൂരത്തുനിന്നും വന്നവരും, പണംകൊടുത്തു ടിക്കറ്റുമേടിച്ചവരും, പലതരം ബുദ്ധിമുട്ടുകളും സഹിച്ചു സന്നിഹിതരായവരും ആയ സന്ദർശകന്മാരെ ഈതരം നിസ്സാരങ്ങളായ പ്രബന്ധപ്രസംഗങ്ങൾകൊണ്ടു് മുഷിപ്പിച്ച പ്രവർത്തകന്മാരുടെ വിവേചനാബുദ്ധിയെ കുറിച്ചു് ആക്ഷേപിക്കാതിരിക്കാൻ തരമില്ല. ഓരോ വിഷയത്തിലും വിദഗ്ദ്ധന്മാരെക്കൊണ്ടു് പ്രസംഗിപ്പിക്കുന്നതിൽ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതായിരുന്നു.

ഇക്കൊല്ലവും സാരമേറിയ പല പ്രമേയങ്ങളും പാസാക്കിയിട്ടുണ്ടു്. കഴിഞ്ഞകൊല്ലങ്ങളിലെ പ്രമേയങ്ങളിൽ ഒന്നുപോലും പ്രവൃത്തിരൂപത്തിൽ എത്തിയിട്ടില്ല. ചില സാഹിത്യകാരന്മാരുടെ ജീവചരിത്രം എഴുതാൻ ഏല്പിച്ചതായ കഴിഞ്ഞകൊല്ലത്തെ അതിപ്രധാനമായ നിശ്ചയംപോലും പ്രവർത്തിരൂപത്തിൽ എത്താഞ്ഞതു കഷ്ടംതന്നെ.

ഈവിധമുള്ള ഒരു പരിഷത്തുകൊണ്ടു് വലിയ പ്രയോജനമൊന്നുമുണ്ടാകാനില്ല. സ്ഥിരമായ പ്രവർത്തകസമിതിയും, ഗവമ്മെൻറിൻെറ സഹായവും അത്യാവശ്യമാണു്. പണ്ഡിതന്മാരും സമർത്ഥന്മാരുമായ സാഹിത്യകാരന്മാരെക്കൊണ്ടു് –അവർ അന്യജോലികളിൽ പ്രവേശിച്ചിരിക്കയാണെങ്കിലും–അഥവാ സർക്കാർ ജീവനത്തിലായാലും–നല്ല പ്രതിഫലം കൊടുത്തു് നല്ലനല്ല ഗ്രന്ഥങ്ങൾ എഴുതിച്ചും മററും സാഹിത്യത്തെ പോഷിപ്പിക്കേണ്ടതാണു്. ഇപ്രകാരം പ്രസംഗഭാഗത്തിൽനിന്നും പ്രവൃത്തിഭാഗത്തിലേക്കു സാഹിത്യപരിഷത്തു പ്രവേശിച്ചു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## ഭാരതമഹാജനസഭ.

---

ഭാരതമഹാജനസഭയുടെ ൪൪-ാമത്തെ യോഗം ലാഹോറിൽ ലാലാജി നഗരത്തിൽവച്ചു പണ്ഡിതജവഹരലാൽ നെഹ്രുവിൻെറ അദ്ധ്യക്ഷതയിലും, മഹാത്മാഗാന്ധി, പണ്ഡിതമോട്ടിലാൽ നെഹ്രു മുതലായവരുടെ സാ

ന്നിധ്യത്തിലും വിജയകരമായി കൊണ്ടാടിയിരിക്കുന്നു എന്നുള്ള സംഗതി ഭാരതീയക്കാകെ അഭിമാനകരവും സന്തോഷപ്രദവുമായ ഒന്നാണല്ലൊ. കഴിഞ്ഞ യോഗങ്ങളെ അപേക്ഷിച്ച് ഇക്കൊല്ലത്തെ യോഗം നാനാപ്രകാരേണയും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. അധ്യക്ഷസ്ഥാനം പിതാവിൽനിന്നും പുത്രനു ലഭിക്കുന്നതു് ഇദംപ്രഥമമാണ്. ഇതിനുമുമ്പു് ഇത്രയും പ്രായപൂർത്തി കുറഞ്ഞ ആൾ അധ്യക്ഷപീഠത്തെ അലങ്കരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. പണ്ഡിതജവഹർലാൽ അഭിപ്രായസ്വാതന്ത്ര്യവും, പ്രവൃത്തിതല്ലരതയും, ഉന്മേഷബുദ്ധിയും, ധീരതയും, ലോകപരിചയവും ഉള്ള ഒരു മാന്യദേഹമാണ്. അദ്ദേഹത്തിൻെറ അധ്യക്ഷതയിലാണ്, പരിപൂർണ്ണ സ്വാതന്ത്ര്യക്കൊടി ഉയർത്തിയതു്. ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൻെറ ഉദ്ദേശ്യം പരിപൂർണ്ണസ്വതന്ത്ര്യമാണ് എന്നു പരസ്യമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഏതത്കൃത്യമത്തിൽ പല ദേശക്കാരുടേയും അഭിനന്ദനവും അനുഗ്രഹവും സിദ്ധിച്ചിട്ടുണ്ട്. ഏതായാലും ഇക്കൊല്ലത്തിൽ പല പരിവർത്തനങ്ങളും പ്രധാനസംഭവങ്ങളും ഉണ്ടാകുമെന്നു വേണം ഊഹിക്കുവാൻ. ഭാരതമഹാജനസഭയുടെ പ്രവൃത്തി ശുഭമായിത്തീരുവാൻ ഞങ്ങൾ ഹൃദയംഗമമായി പ്രാർത്ഥിക്കുന്നു. അധ്യക്ഷൻെറയും സ്വീകരണാധ്യക്ഷൻെറയും ഉജ്ജ്വലവും, ഗംഭീരവും, സാരവത്തുമായ പ്രസംഗങ്ങൾ എല്ലാ ഭാരതീയരുടേയും ശ്രദ്ധയിൽ പതിയേണ്ടവയാണെന്നുള്ളതിനു സന്ദേഹമില്ല.

## അഖിലതിരുവിതാംകൂർ പരസ്പരസഹായസമ്മേളനം

അഖിലതിരുവിതാംകൂർ പരസ്പരസഹായസമ്മേളനത്തിൻെറ ൩-ാമത്തെ യോഗം ഈയിടെ കൊല്ലത്തുവച്ച് കൂടിയിരിക്കുന്നു. അധ്യക്ഷൻ ബഹുമാനപ്പെട്ട രാമദാസ്പന്തലു അവർകൾ ആയിരുന്നു. പരസ്പരസഹായസംഘപ്രവർത്തനത്തെ പററി ഇത്ര അറിവുള്ള വേറൊരാൾ ഇൻഡ്യയിൽ ഇല്ലെന്നാണ് അറിവു്. പതിവുപോലെ പല പ്രസംഗങ്ങളും പ്രമേയങ്ങളും ഉണ്ടായിരുന്നു. എന്നാൽ ഇക്കൊല്ലത്തെ സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ഒരു വിശേഷമുണ്ട്. അതായതു് ചില മാന്യന്മാർ വിദേശഭാഷയിൽ പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ മാതൃഭാഷയിൽ പ്രസംഗിക്കണം എന്നുണ്ടായ സഭാവാസികളുടെ മുറവിളിയാണതു്. യോഗത്തിൽ സന്നിഹിതരായിരിക്കുന്നതു് ഏതു തരക്കാരാണെന്ന് ആലോചിക്കാതെ അന്യഭാഷയിൽ പ്രസംഗിക്കുവാൻ നിശ്ചയിച്ചതു് ഒരു തെററായിപ്പോയി എന്നാണ് ഞങ്ങൾക്കു തോന്നുന്നതു്. തിരുവിതാംകൂറിലെ പരസ്പരസഹായസംഘപ്രവർത്തകന്മാരിൽ ഒരു വലിയ ഭൂരിപക്ഷം ഇംഗ്ലീഷുഭാഷാനഭിജ്ഞരാണെന്നു വേണം പറയുവാൻ. അവരുടെ സമ്മേളനത്തിൽ ഇംഗ്ലീഷുഭാഷയിൽ

പ്രസംഗിച്ചതുകൊണ്ട് ആക്കാണു ഗുണമുണ്ടാകുന്നത്.? ഓരോ സംഘങ്ങളുടേയും പ്രാതിനിധ്യം വഹിച്ച്, അവയുടെ പണവും ചിലവാക്കി യോഗത്തിനുപോയിരുന്ന പല പ്രതിനിധികളും അവിടെ നടന്ന സംഗതികൾ വേണ്ടപോലെ മനസ്സിലാകാഞ്ഞിട്ട് പത്രങ്ങൾ വായിച്ചു മനസ്സിലാക്കുന്നതും സാധാരണയാണ്. നമ്മുടെ സാമാന്യജനങ്ങളുടെ നന്മയെ ആസ്പദമാക്കി ആരംഭിച്ചിട്ടുള്ള ഈ പ്രസ്ഥാനത്തിന്റെ നടപടികൾ മുഴുവനും അവക്കു മനസ്സിലാകുന്ന ഭാഷയിൽ തന്നെ നടത്തുവാൻ ഇനിയെങ്കിലും ശ്രമിച്ചാൽ കൊള്ളാം. കൂടാതെ പരസ്പരസഹായസംബന്ധമായി യാതൊരു പരിചയവുമില്ലാത്ത ചിലരെ സ്ഥാനമാനങ്ങൾ മാത്രം ലാക്കാക്കി വേഷം കെട്ടിച്ച് രംഗപ്രവേശം ചെയ്യിച്ചതും നന്നായെന്നു തോന്നുന്നില്ല. തിരുവിതാംകൂറിലെ പരസ്പരസഹായപ്രസ്ഥാനംകൊണ്ട് കുറെ പണം വിതരണം ചെയ്യുന്നുണ്ടെന്നല്ലാതെ, ആ പ്രസ്ഥാനത്തിന്റെ മൌലികതത്വങ്ങളെ ഇനിയും പ്രയോഗത്തിൽ വരുത്തേണ്ടതായിട്ടാണിരിക്കുന്നത്.

## ഉഷസ്സ്

(വെള്ളാശ്ശേരിൽ ഗോവിന്ദമേനോൻ)

(മഞ്ജരി)

ചെങ്കതിർ ചിന്നിടുമംബരംപൂണ്ടിരുൾ-
പ്പങ്കമശേഷമകററിദ്ദൂരെ,
നിമ്മലമാകിനനീഹാരനീക്കണ-
മുണ്മയിലെമ്പാടുമമ്പിൽതൂകി,
ബോധരഹിതംകിടപ്പോരെപ്പൂങ്കുഴൽ-
നാദത്താലച്ചം വിളിച്ചുണർത്തി,
പോരെങ്കിലാഴിയെക്കൊണ്ടുഗംഭീരമാം
ഭേരിമുഴക്കിച്ചുമുക്കാലസ്യം,
സാരസത്താരണിത്താലമെടുത്തു, പൊൻ
കൈരവപ്പൂങ്കുളിർക്കൈകൾകൂപ്പി,
അക്ഷണഭംഗുരഭൂഷയെവേറാക്കി-
സ്സാക്ഷാൽവിഭൂഷയംശാന്തിയെന്തി,
ഭാവനാമോഹനയാകുമുഷസ്സേതു
പാവനജ്യോതിസ്സേയാരാധിപ്പൂ?
അമ്മഹാജ്യോതിസ്സിൽ മള്ള മരീചികൾ
നമ്മൾക്കുനൽത്തെളിവേകിടട്ടെ.

———oOo———

# മണ്ഡനമഞ്ജരി.

ഗ്രന്ഥകർത്താവ്, സർവ്വകലാശാലാപരീക്ഷകനും, ഒരു നല്ല നിരൂപകനും, കാളേജുമലയാളം ലക്ചററും ആയ ഡി. പത്മനാഭനുണ്ണി ബി. എ.

ഉള്ളൂർ, അപ്പൻതമ്പുരാൻ, കുമാരനാശാൻ, എ. ആർ. രാജരാജവർമ്മതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണക്കുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻനായർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ച് വിമർശിക്കുന്ന ഒരു ആധുനികനിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ച് മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇങ്ങിനെ പറയുന്നു:—

"......ആദ്യംമുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടു തോന്നിയതുമില്ല. 'മഞ്ജരി' മുഴുവനും ഹൃദിസ്ഥമായതിനു ശേഷമെ മനസ്സ് സ്വാധീനത്തിൽ വന്നുള്ളു."

"......കവിഹൃദയം വിമർശകൻെറ മനസ്സിൽ പകർന്നു ബുദ്ധിനികഷത്തിൽ മാററുരച്ചുനോക്കി, കാവ്യകാരൻെറ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ സ്ഥൈര്യത്തോടുകൂടി കാവ്യത്തിൻെറ വിലമതിക്കയാണ് വിമർശത്തിൻെറ ഉത്തമാദർശമെങ്കിൽ "മണ്ഡനമഞ്ജരി" അപ്രകാരമുള്ള ഒരു രീതിയെയാണ് അവലംബിച്ചിട്ടുള്ളത്".

മലയാളത്തിൽ നിഷ്പക്ഷമായി നിരൂപണംചെയ്യുന്ന ഇതരഗ്രന്ഥങ്ങളില്ലാത്തതിനാൽ, ബി. എ., ഇൻറർമീഡിയററ, ഹയർ, വിദ്വാൻ, പണ്ഡിതൻ മുതലായ പരീക്ഷകൾക്കു മലയാളം നിർബ്ബന്ധവിഷയമായി പഠിക്കണമെന്നു വച്ചിട്ടുള്ള ഈ അവസരത്തിൽ, ആ പരീക്ഷകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏററവും അത്യാവശ്യം.

വില 10 അണ

സി. ജി. സഹോദരന്മാർ

പറവൂർ. (തിരുവിതാംകൂർ)


## ഈശ്വരവിലാസം പുസ്തകശാല
## പറവൂർ.

ഇവിടെ ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ, ഈശ്വരപിള്ള, അപ്പൻതമ്പുരാൻ മുതലായ സാഹിത്യകാരന്മാരുടെ കൃതികൾ വില്പാനുണ്ട്. കൂടാതെ, വൈദ്യം, ജ്യോതിഷം, വേദാന്തം, മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങളും പലതരം നോവലുകളും കിട്ടുന്നതാണ്.

മാനേജർ,

ഈശ്വരവിലാസം പുസ്തകശാല

(N.) പറവൂർ.